# കരയോഗ സൗഹൃദം

*സത്യം പരം ധീമഹി*

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages - 68

വാല്യം - 8 | ലക്കം - 10 | കന്നി - 1191 | ഒക്ടോബർ 2015



സർവ്വസ്വരൂപേ സർവേശേ സർവശക്തി സമന്വിതേ
ഭയേഭ്യസ്ത്രാഹി നോ ദേവി ദുർഗ്ഗേ ദേവി നമോഽസ്തുതേ



എറണാകുളം കരയോഗം ടി.ഡി.എം ഹാളിൽ ആരംഭിച്ച വേദാന്തപഠന ക്ലാസ്സ് ജസ്റ്റിസ് എ.വി. രാമകൃഷ്ണ പിളള ഉദ്ഘാടനം ചെയ്തു. ആചാര്യൻ കെ.ആർ.നമ്പ്യാർ, കരയോഗം പ്രസിഡൻറ് കെ.പി.കെ മേനോൻ എന്നിവർ വേദിയിൽ.



എറണാകുളം കരയോഗത്തിന്റെ നവരാത്രി ആഘോഷത്തോടനുബന്ധിച്ചുള്ള മത്സരങ്ങൾ കരയോഗം പ്രസിഡന്റ് കെ.പി.കെ.മേനോൻ ഉദ്ഘാടനം ചെയ്യുന്നു. പി.രാമചന്ദ്രൻ (വേണു), കെ.ആർ.വേണുഗോപാൽ, ആലപ്പാട്ട് മുരളീധരൻ, കെ.രാജഗോപാൽ, കെ.പ്രസന്നകുമാർ, കെ.ടി.മോഹനൻ തുടങ്ങിയവർ സമീപം.




***സെപ്റ്റംബർ 10, ആത്മഹത്യപ്രതിരോധദിനം*** - ചൈത്രത്തിന്റെ ആഭിമുഖ്യത്തിൽ എറണാകുളം സൗത്ത് റയിൽവേ സ്റ്റേഷനിൽ സംഘടിപ്പിച്ച ബോധവൽക്കരണ പരിപാടി പ്രൊഫ. എം.കെ.സാനു ഉദ്ഘാടനം ചെയ്യുന്നു. കെ.പി.കെ മേനോൻ, കെ.ഭവാനി, പി.രാമചന്ദ്രൻ (വേണു), ഡോ. പി.വിജയലക്ഷ്മി മേനോൻ, ശ്രീരാജ് (എസ്എസ് ഇ) എന്നിവർ സമീപം.





എറണാകുളം കരയോഗം പ്രശാന്തി വനിതാ ഹോസ്റ്റൽ & ഹോം ഫോർ ദ് ഏജ്ഡിലെ (പാലാരിവട്ടം) ഓണാഘോഷം....

വാല്യം 8 ലക്കം 10 ഒക്ടോബർ 2015


| ഉള്ളടക്കം | നം |
|---|---|
| എഡിറ്റോറിയൽ | 03 |
| ജനറൽ സെക്രട്ടറിയുടെ പംക്തി | 05 |
| ബാലലോകം | 06 |
| വാസ്തു | 10 |
| വലചി | 11 |
| അവർണ്ണനീയം | 12 |
| ഭാരതീയ പൈതൃക സന്ദേശം | 15 |
| എറണാകുളം കരയോഗം എൽഡർ - സിറ്റിസൺ ഫോറം | 17 |
| വ്യക്തി വിശേഷം | 18 |
| ചർച്ചിലിന്റെ അറിയാത്ത മുഖം | 19 |
| റോൾ മോഡൽ | 22 |
| നവരാത്രി വിശേഷങ്ങൾ | 23 |
| ദയയോടെ ഒരു ഹൃദയം | 24 |
| എറണാകുളം കരയോഗം ചാരിറ്റി പ്രവർത്തനങ്ങൾ | 26 |
| മുണ്ടിനീര് | 27 |
| സംവരണവും ജാതി രാഷ്ട്രീയവും | 28 |
| Breast Feeding | 32 |
| ദുര്യോധനപർവ്വം | 34 |
| നവരാത്രി പൂജയും കുമാരി പൂജയും | 38 |
| നായ്ക്കൾ നാടിനു നാശമോ | 42 |
| കൊളസ്ട്രോൾ | 49 |
| പ്രസീദ, ദേവി | 53 |
| ഓണവും മഹാബലിയും | 54 |
| ആദരാഞ്ജലികൾ | 55 |
| മാസഫലം | 56 |
| Mangalyam Matrimonial | 57 |



**പത്രാധിപസമിതി**

**കെ.പി. കൃഷ്ണമേനോൻ**
*(മാനേജിംഗ് എഡിറ്റർ)*
**എം. ശ്രീവല്ലഭൻ നായർ** *(എഡിറ്റർ)*
**പി. രാമചന്ദ്രൻ (വേണു)**
**കെ.ടി. മോഹനൻ**
**എ. മുരളീധരൻ**
**കെ. പ്രസന്നകുമാർ**


# എഡിറ്റോറിയൽ

## നവരാത്രി ആഘോഷങ്ങൾ

ലോകമാതാവും, സർവ്വ മംഗള ദായിനീയും, സർവ്വ കലകളുടെയും വരദായിനിയുമായ ആദിപരാശക്തിയെ വിധി പ്രകാരം പൂജിച്ച് അനുഗ്രഹം തേടുന്ന ഒമ്പതു ദിനരാത്രങ്ങൾ, ദേവിയുടെ കരുണാ കടാക്ഷത്തിനായുള്ള പൂജാ, ധ്യാനാദി കർമ്മങ്ങൾക്കായി മാറ്റിവെയ്ക്കപ്പെട്ട, അതി വിശിഷ്ടമായ ഒമ്പത് ദിനങ്ങൾ, അതാണല്ലോ നവരാത്രി. വിദ്യയ്ക്കും, കലയ്ക്കും മാത്രമല്ല എല്ലാ മംഗള കർമ്മങ്ങൾക്കും പ്രവർത്തനങ്ങൾക്കും വിജയപ്രദമായ ശുഭപര്യവസാനം ഉണ്ടാകുന്നതിനായി നാം ദേവിയെ പൂജിക്കുന്നു. ആ അനുഗ്രഹം ലഭിച്ചാൽ സർവ്വതും മംഗളകരമാകുമല്ലോ?

കന്നിമാസത്തിലെ ശുക്ല പക്ഷ പ്രഥമദിനത്തിൽ ആരംഭിക്കുന്ന നവരാത്രി പൂജ നവമിവരെ ഭക്ത്യാദരപൂർവ്വം നടത്തപ്പെടുന്നു. പത്താം ദിവസം വിജയ ദശമിയായും നാം കൊണ്ടാടുന്നു. വേദവതിയായ സരസ്വതി ദേവിയാണ് വാക്ദേവതയായും വിദ്യാദേവതയായും ശോഭിക്കുന്നത്. ഇച്ഛാശക്തി, ജ്ഞാനശക്തി എന്നിവയേകി നമ്മെ കർമ്മോൻമുഖരാക്കി അനുഗ്രഹിക്കുന്നതും ദേവി തന്നെ. എല്ലാത്തിന്റേയും അന്തര്യാമിയായി, എല്ലാ ശക്തികളുടേയും നിദാനമായി നിലകൊള്ളുന്ന ദേവിയെ പൂജിച്ചാൽ സാധ്യമല്ലാത്തതായി ഒന്നും തന്നെയില്ല എന്നാണ് വിശ്വാസം.

നവരാത്രി നാളുകളിൽ ദുർഗ്ഗാപൂജയാണ് നടത്തി വരുന്നത്. ദേശഭേദ വ്യത്യാസങ്ങളനുസരിച്ച് നവദുർഗ്ഗാസങ്കൽപത്തിലാണ് പൂജ നടത്തുന്നത്. അഷ്ടമി നാൾ സായാഹ്ന പൂജ മുതൽ സരസ്വതി സങ്കൽപത്തിലാണ് പൂജ ചെയ്യുന്നത്. അഷ്ടമി നവമി ദിവസങ്ങളിൽ അക്ഷരരൂപിണിയായ സരസ്വതിയായി ദേവിയെ പൂജിക്കുന്നു. ഈ ഒമ്പതു ദിവസങ്ങളിലും കുമാരി പൂജയും മുടക്കം കൂടാതെ നടത്തേണ്ടതാണ്.

അഷ്ടമി ദിനത്തിൽ സന്ധ്യയ്ക്ക് മുമ്പ് പൂജവെയ്പ്പ് നടത്തുന്നു. എല്ലാ ഗൃഹങ്ങളിലും പൂജവയ്ക്കുക എന്നത് ഒഴിച്ചുകൂടാനാവാത്ത ചടങ്ങായിരുന്നു മുമ്പൊക്കെ. സരസ്വതി മണ്ഡപങ്ങൾ ഒരുക്കി അതിൽ ദേവീരൂപത്തെ വെച്ച് പൂജകൾ ചെയ്ത് സർവ്വവരദായനിയായ ദേവിയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുന്നു. കളരികളിൽ പ്രത്യേകം മണ്ഡപമൊരുക്കിയായിരുന്നു പൂജകൾ നടത്തിയിരുന്നത്. കൃഷിക്കാർ ഇന്നും മുടങ്ങാതെ ആയുധ പൂജ നടത്തുന്നു. കുട്ടികൾ അഷ്ടമി നാൾ സന്ധ്യക്ക് പൂജ വെച്ചാൽ പിന്നെ ദശമി പ്രഭാതത്തിൽ പൂജയെടുക്കുന്നതുവരെ പുസ്തകം വായിക്കുകയോ, എഴുതുകയോ ചെയ്യാൻ പാടില്ല. എന്നാൽ സരസ്വതീ ധ്യാനശ്ലോകങ്ങൾ നിർബന്ധമായും രാവിലെയും വൈകീട്ടും കുളി കഴിഞ്ഞ് നിലവിളക്കിന് മുമ്പിലിരുന്ന് ചൊല്ലണം. ദശമിയാണ് ആദ്യാക്ഷരം കുറിക്കുവാൻ ഏറ്റവും ഉചിതമായ ദിവസം. എല്ലാവിധ വിദ്യകളും ദേവതാരൂപത്തിൽ സാന്നിദ്ധ്യമേകുന്ന ദിവ്യമുഹൂർത്തങ്ങളാണത്. ഈ സമയത്ത് സ്വർണ്ണം തേനിൽ മുക്കി കുട്ടിയുടെ നാവിൽ ഹരിശ്രീകുറിക്കണം. തേൻ പോലെ മധുരമുള്ളതും സ്വർണ്ണം പോലെ മതിപ്പുമുള്ള വാക്കുകൾ ഇവനിൽ നിന്നുണ്ടാവട്ടെ എന്ന അനുഗ്രഹത്തോടെയാണ് ഗുരു ശിഷ്യന്റെ നാവിൽ ഇങ്ങനെ ആദ്യാക്ഷരം കുറിക്കുന്നത്. ഇതു കഴിഞ്ഞാൽ കുഞ്ഞിനെ അരിയിൽ അക്ഷരം എഴുതിക്കണം. ഇങ്ങനെ ദേവീ സാന്നിദ്ധ്യത്തിൽ വിധിപ്രകാരം അക്ഷരം കുറിക്കുന്ന കുട്ടികൾ നാടിനും നാട്ടാർക്കും നന്മയേകുന്ന പൗരന്മാരായി ശോഭിക്കും എന്നതിൽ സംശയമില്ല.

പണ്ടൊക്കെ നവരാത്രി പൂജയും, വിജയദശമി ആഘോഷവുമൊക്കെ ജാതിമത വ്യത്യാസമില്ലാതെ എല്ലാവരും കൊണ്ടാടിയിരുന്നു. വ്യവസായ ശാലകളിലൊക്കെ എല്ലാ മതസ്ഥരും ഒന്നിച്ച് ചേർന്നാണ് സരസ്വതി മണ്ഡപങ്ങൾ ഉണ്ടാക്കി ദേവിയുടെ ചിത്രത്തിനുമുമ്പിൽ നിലവിളക്കു കൊളുത്തി പൂജിച്ചിരുന്നത്. പത്താം ദിവസം പൂജയെടുപ്പ് ഗംഭീരമായി ആഘോഷിച്ചിരുന്നു. ഇന്ന് രാഷ്ട്രീയ പാർട്ടികളുടെ കപട മതേതര പ്രയോഗങ്ങൾ മൂലം ഒരു നാട് കാലാകാലങ്ങളായി ഒന്നായി ആഘോഷിച്ചു വന്ന ദേശീയോത്സവങ്ങളെ പോലും തള്ളി പറയുകയും അതിനോട് മുഖം തിരിഞ്ഞ് നിൽക്കുകയും ചെയ്യുന്ന അവസ്ഥയിലെത്തി നിൽക്കുകയാണ് നാമിന്ന്. കാലാകാലങ്ങളായി ദേശീയോത്സവമായി എല്ലാ മതസ്ഥരും കൂട്ടായി ആചരിച്ചുവരുന്ന ഓണത്തെപ്പോലും തള്ളിപ്പറഞ്ഞ, അത് അനുവർത്തിക്കേണ്ട ആചാരമല്ല, ആഘോഷിക്കപ്പെടേണ്ടതായ വിശേഷദിവസങ്ങളുമല്ല എന്ന് ഉദ്ബോധനം നടത്തിയ ജനപ്രതിനിധീകളുള്ള നാട്ടിൽ, ബോധത്തിന്റെ, വിദ്യയുടെ ജ്ഞാനത്തിന്റെ പ്രതീകമായ നിലവിളക്ക് കൊളുത്തില്ല എന്ന് പരസ്യമായി പ്രഖ്യാപിച്ച മന്ത്രി ഭരിക്കുന്ന നാട്ടിൽ, നമ്മുടെ സംസ്ക്കാരത്തിന്റെ ഗതി എന്താകുമെന്ന് ആശങ്കപ്പെടാതിരിക്കുവാൻ കഴിയില്ലല്ലോ? അജ്ഞതയുടേയും, അന്ധകാരത്തിന്റേയും പ്രതീകമായ കറുപ്പുകൊണ്ട് സർവ്വതിനെയും മൂടാൻ ശ്രമിക്കുന്നവരെ, അതിപുരാതനവും, പരമപവിത്രവുമായ നമ്മുടെ സംസ്കാരത്തെ നിന്ദിക്കുന്നവർക്കെതിരെ നാം സദാ ജാഗരൂകരായിരിക്കണം. നമ്മുടെ പൂർവ്വികർ നമ്മെ ഏൽപ്പിച്ച സംസ്ക്കാരമഹിമയെ തച്ചുടക്കുവാൻ ഒരിക്കലും അനുവദിച്ചുകൂടാ. ആ സംസ്ക്കാരത്തിന്റെ നിലനിൽപിനായി, അതിന്റെ പ്രചുര പ്രചാരണത്തിനായി നാമോരോരുത്തരും അരയും തലയും മുറുക്കി രംഗത്തിറങ്ങേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. നമുക്കൊരുപാട് നഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട് ഇനിയും അതുണ്ടാവരുത്. അതിനാൽ നമ്മുടെ ദേശീയ ഐക്യവും അതിന്റെ ആധാരശിലയായ നമ്മുടെ സംസ്ക്കാരവും, കാത്തു സൂക്ഷിക്കുന്ന കാവലാളുകളായി മാറാം നമുക്കോരോരുത്തർക്കും. അതിന് ചിലരുടെ രാഷ്ട്രീയ വിജയവും മറ്റു ചിലരുടെ രാഷ്ട്രീയപരാജയവും ഉണ്ടാവണം. ഉണ്ടായേ മതിയാവൂ. അക്കാര്യത്തിൽ നാം ശ്രദ്ധാലുക്കളായിരിക്കണം.

## അറിയിപ്പ്

**എല്ലാ ബുധനാഴ്ചയും**
**ഉച്ചയ്ക്ക് മൂന്നുമണിക്ക് ഗീതാ ക്ലാസ്സ്**
**ഉണ്ടായിരിക്കുന്നതാണ്**

**Contact No. : 9895986343**

# ജനറൽ സെക്രട്ടറിയുടെ പംക്തി



എറണാകുളം കരയോഗത്തിന്റെ നവതി ആഘോഷം വിപുലമായ രീതിയിൽ നടത്തുന്നതിനായുള്ള ആലോചനകളും ചർച്ചകളും പുരോഗമിച്ചു വരുന്നു. നവതി ആഘോഷവുമായി ബന്ധപ്പെട്ട് പല മാന്യവ്യക്തികളെയും ചടങ്ങിന്റെ ഭാഗമാക്കുവാൻ വേണ്ടി സന്ദർശിക്കുവാൻ ഈ കാലയളവിൽ അവസരം ലഭിച്ചു. എം.ടി. വാസുദേവൻ നായർ, പ്രൊഫ. എം. ലീലാവതി, ആർട്ടിസ്റ്റ് നമ്പൂതിരി, ടിവിആർ ഷേണായ് എന്നിവരുമായി കൂടിക്കാഴ്ചയും ചർച്ചകളും നടത്തുകയുണ്ടായി. വളരെ അഭിമാനകരവും ആത്മസംതൃപ്തി ലഭിക്കുന്നതുമായ നിമിഷങ്ങളായിരുന്നു പല കൂടിക്കാഴ്ചകളും. എറണാകുളം കരയോഗത്തിന്റെ മുഖപത്രമായ കരയോഗ സൗഹൃദം വായിച്ച് ഭാരതത്തിലെ തന്നെ ഏറ്റവും മുതിർന്ന പത്രപ്രവർത്തകനായ ടി വി ആർ ഷേണായ് അഭിപ്രായം രേഖപ്പെടുത്തിയത് ധർമ്മവും സാംസ്കാരവും നിലനിർത്തുവാനും, സാമൂഹ്യപ്രവർത്തനങ്ങൾക്കും എറണാകുളം കരയോഗം നൽകുന്ന സേവനം കരയോഗ സൗഹൃദത്തിലൂടെ അതിന്റെ കെട്ടിലും മട്ടിലും ഭാഷയിലും പ്രകടമാവുന്നു എന്നും ആത്മാർത്ഥമായി എറണാകുളം കരയോഗത്തെ അഭിനന്ദിക്കുന്നു എന്നുമാണ്.

അദ്ദേഹത്തിന്റെ ഈ വാക്കുകൾ നമ്മെ സംബന്ധിച്ചിടത്തോളം വിലമതിക്കാനാവാത്തതാണ്. നമ്മുടെ സേവനപ്രവർത്തനങ്ങളും അതിലുപരി ഭാരതീയ സംസ്കാരം ഉൾക്കൊണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങളും ഇത്തരം മഹത് വ്യക്തികൾ സസൂക്ഷ്മം വീക്ഷിക്കുന്നു എന്നറിയുന്നതിൽ അത്യധികം സന്തോഷമുണ്ട്. ആയതിന് എറണാകുളം കരയോഗത്തിന് ലഭിക്കുന്ന ആത്മാർത്ഥമായ സഹകരണത്തിന് കൃതജ്ഞത രേഖപ്പെടുത്തട്ടെ.

അതുപോലെ എറണാകുളം കരയോഗം നവതി ആഘോഷവുമായി ബന്ധപ്പെട്ട് അവാർഡ് വിതരണത്തിനുള്ള ശില്പം രൂപകൽപന ചെയ്തിട്ടുള്ളത് ബഹുമാന്യനായ ആർട്ടിസ്റ്റ് നമ്പൂതിരിയാണ്. 2015 ഡിസംബർ 21 മുതൽ 25 വരെ നവതി ആഘോഷങ്ങൾക്കായുള്ള വിവിധ സാംസ്ക്കാരിക സമ്മേളനങ്ങൾ, സെമിനാറുകൾ, കലാപരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നതിനുള്ള അവസാനഘട്ട ചർച്ചയിലാണ് ഭാരവാഹികൾ. ഇതോടൊപ്പം ഒൻപത് വിവാഹങ്ങൾ നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്. നവതി സ്മാരക പദ്ധതികളുടേയും പ്രവർത്തനങ്ങൾ അതിവേഗം നടക്കുന്നു. എറണാകുളം കരയോഗത്തിലെ നല്ലവരായ എല്ലാ അംഗങ്ങളുടെയും അകമഴിഞ്ഞ സഹായം നവതി ആഘോഷത്തിന്റെ വിജയത്തിനായി ഒരിക്കൽ കൂടി അഭ്യർത്ഥിക്കുന്നു.

2015 ലെ നവരാത്രിയാഘോഷം ഒക്ടോബർ 14 മുതൽ 23 വരെ വിപുലമായ പരിപാടികളോടെ ടിഡിഎം ഹാളിൽ അരങ്ങേറുന്നു. മുൻലക്കത്തിൽ ആഘോഷങ്ങളുടെ വിശദമായ വിവരണം നൽകിയിട്ടുണ്ട്.

എറണാകുളം കരയോഗത്തിന്റെ കലാസാംസ്ക്കാരിക വിഭാഗമായ എറണാകുളം കഥകളി ക്ലബ്ബിന്റെ ഒക്ടോബർ മാസ കഥകളി ദക്ഷയാഗം, 20-ാം തീയതി ചൊവ്വാഴ്ച, വൈകുന്നേരം 6.15 ന് ടിഡിഎം ഹാൾ ഗംഗയിൽ നടത്തുന്നതാണ്.

കരയോഗത്തിന്റെ തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങളിലും അംഗങ്ങളുടെ സഹകരണം പ്രതീക്ഷിച്ചുകൊള്ളുന്നു.

**ജനറൽ സെക്രട്ടറി**





# ബാലലോകം

ലക്ഷ്മിദേവി നായർ

**പ്രിയപ്പെട്ട കൂട്ടുകാരെ,**

ഓണത്തിരക്കൊക്കെ കഴിഞ്ഞതോടെ കന്നിമാസം വരവായി. കന്നിമാസത്തിലെ പ്രധാന ഉത്സവമാണ് നവരാത്രി എന്ന് കൂട്ടുകാർക്കറിയാമോ? സരസ്വതിപൂജ എന്നും പറയും. ഈ മാസത്തിലെ ഒമ്പതു ദിവസങ്ങൾ കൂട്ടുകാർക്ക് ഏറെ ഇഷ്ടമായിരിക്കും. കാരണം ഒന്നാമതായി പുസ്തകങ്ങൾ പൂജയ്ക്കു വെക്കാം. രണ്ടുദിവസം പഠിക്കാൻ അച്ഛനമ്മമാർ പറയുകയില്ല. വിശിഷ്ടമായ ദേവീപൂജകൾ നവരാത്രിക്കാലത്തുണ്ടാകും.

നവരാത്രിക്കാലം ആരാധനക്കുള്ളതാണ്. ഇക്കാലത്ത് ദേവീപൂജകൾ വീടുകളിലും ക്ഷേത്രങ്ങളിലും നടക്കുന്നു. ഒരു വിഭാഗം ആളുകൾ വീടുകളിൽ ബൊമ്മക്കോലു വെച്ച് രാവിലെയും വൈകുന്നേരവും ദേവീ പ്രീതിക്കായി പൂജകൾ ചെയ്യാറുണ്ട്. ഒമ്പത് ദിവസങ്ങളിലും പൂജ ചെയ്താൽ ഏറെ ഐശ്വര്യ പ്രദമെന്നാണ് വിശ്വാസം. സപ്തമി, അഷ്ടമി, നവമി എന്നീ ദിവസങ്ങൾക്ക് ഏറെ പ്രാധാന്യമുണ്ട്. ദുർഗ്ഗാഷ്ടമി, വിജയദശമി, എന്നീ ദിവസങ്ങളിൽ പ്രാർത്ഥനക്കുള്ളതാണ്. വിജയദശമി ദിവസം കൂട്ടുകാരെല്ലാം ക്ഷേത്രത്തിലോ വീട്ടിലോ വെച്ച് വിദ്യാരംഭം കുറിക്കാറുണ്ടാവുമല്ലോ? വിജയദശമി കൂട്ടുകാരുടെ നാവിലും ആചാര്യർ ഹരിശ്രീ കുറിച്ചത് ഓർമ്മയുണ്ടാവുമല്ലോ അല്ലേ? ഇതൊക്കെ നമുക്ക് കൈവന്ന ഭാഗ്യമാണ്. അതുകൊണ്ടുതന്നെ എല്ലാവർഷവും ഇതാചരിക്കേണ്ടത് നമ്മുടെയെല്ലാം ജീവിതവിജയത്തിന് ആവശ്യമാണ്. ഏതു രംഗത്തും തെളിഞ്ഞു നിൽക്കാൻ തുടക്കം ശുഭകരമാവണം അല്ലെ?

**താഴെ കൊടുത്ത വരികൾ ഒന്ന് സ്വായത്തമാക്കൂ**

വാണീടുകനാരതമെന്നുടെനാവുതന്മേൽ
വാണീ മാതാവേ! വർണവിഗ്രഹേ! വേദാത്മികേ!
നാണമേന്നിയെ മുദാ നാവിന്മേൽ നടനം ചെ-
യ്കേണാങ്കാനനേ! യഥാ കാനനേ ദിഗംബരൻ
വാരിജോത്ഭവമുഖവാരിജവാസേ ബാലെ
വാരിധി തന്നിൽ തിരമാലകളെന്നപോലെ
ഭാരതീ! പാദാവലി തോന്നേണം കാലേ കാലേ
പാരാതെ സലക്ഷണം മേന്മേൽ മംഗലശീലെ

**കേശിവധം (പദ്യരൂപത്തിൽ)**

ഘോരാസുരനായ കേശിയോരശ്വമായ്
ആരവത്തോടെത്തി നന്ദവ്രജത്തിങ്കൽ
ഘോരവൃക്ഷങ്ങളെ തല്ലിത്തകർത്തിട്ടു
പാരം വിറപ്പിച്ചു ഗോകുലമൊക്കവേ
നന്ദാത്മജൻ വന്നു കേശിയോടെറ്റപ് പോൾ
നന്ദാത്മജനെ വിഴുങ്ങുവാനായവൻ
പർവ്വതാകാരമാം വായ്പിളർന്നീടിനാൻ
പർവ്വതധാരിയാം കണ്ണനാമുണ്ണിയും
നന്നായവൻ വായിൽ കൈ കടത്തീടിനാൻ
നന്നായ് മുറുകെ കടിച്ചാനസുരനും
പല്ലുകളെല്ലാം കൊഴിഞ്ഞു പോയ് കേശിയും
വല്ലാതെ കണ്ണനോടെറ്റു കോപാന്ധനായ്
കണ്ണും തുറിച്ചുടൻ ചോരയും ഛർദ്ദിച്ചു
വിണ്ണവർ ലോകം ഗമിച്ചാനസുരനും
കേശിയെ കൊന്നതുമൂലമായ് കണ്ണന്
കേശവനെന്നുള്ള നാമം ലഭിച്ചത്

*(സരസ്വതി കെ. വാരിയരുടെ ശ്രീകൃഷ്ണ ലീലകളിൽ നിന്ന്)*



# ആരോഗ്യവും നല്ലശീലങ്ങളും



ശിവസുബ്രഹ്മണ്യം

## ജീവിതശൈലീ രോഗങ്ങളുടെ സങ്കീർണതകൾ

വിവിധയിനം ലഹരിപദാർത്ഥങ്ങൾ അവയുടെ പ്രവർത്തനം

ലഹരിപദാർത്ഥങ്ങൾ പലരൂപങ്ങളിലുണ്ട്. അവയെ പൊതുവെ മൂന്നായി തരംതിരിക്കാം.

**1. മദ്യം 2. മയക്കുമരുന്നുകൾ 3.പുകയില**

### മദ്യത്തിന്റെ പ്രവർത്തനം

മദ്യം ആമാശയത്തിൽ നിന്ന് ഉടനെ ആഗിരണം ചെയ്യപ്പെടുന്നു. അത് നേരിട്ട് രക്തത്തിലേയ്ക്ക് പ്രവേശിക്കുകയും തലച്ചോറിലെത്തുകയും ചെയ്യുന്നു. വിവേകം, വിവേചനം, വിചാരം, പേശീനിയന്ത്രണം, ഓർമ്മ തുടങ്ങിയവയെ ബാധിക്കുന്നു. ബോധതലങ്ങളിലെ മാറ്റം പെട്ടെന്ന് വിട്ടു പോവില്ല. മദ്യത്തിന്റെ സ്വഭാവമനുസരിച്ച് നിശ്ചിത സമയം കഴിഞ്ഞു മാത്രമേ ലഹരി വിട്ടു നീങ്ങുകയുള്ളു. മദ്യപാനം സാമൂഹിക വിലക്കുകളെ അവഗണിക്കാൻ പ്രേരിപ്പിക്കും. അമിതമായ മദ്യപാനം വിവേചനശക്തിയെ ബാധിക്കും. ആത്മനിയന്ത്രണം നഷ്ടമാകും. വസ്തുക്കളേയും ആളുകളേയും വേർതിരിച്ചറിയാൻ കഴിയാതെ വരുന്നു. സംസാര ശേഷി പാടേ നശിക്കുന്നു. വിവിധ സന്ദർഭങ്ങളെ യുക്തിയോടെ നേരിടാനും സാധിക്കുന്നില്ല. നാഡീവ്യൂഹങ്ങളിലെ മാറ്റം, നടക്കാനോ ഇരിക്കാനോ കഴിയാത്തവിധം ശരീരത്തെ തളർത്തുന്നു. വീണ്ടും മദ്യപിക്കുമ്പോൾ സ്ഥലകാലബോധം പൂർണമായും ഇല്ലാതാവും. ശ്വാസഗതിക്ക് തടസ്സമുണ്ടാവും അപകടങ്ങളിൽ ചെന്നുപെട്ട് മരണം സംഭവിക്കാനുള്ള സാധ്യത കൂടും. മദ്യപാനം ഒരാളിന്റെ അക്രമവാസനയെ അധികമാക്കാനും കുറ്റവാസനകൾ കൂടുതലാക്കാനും കാരണമാകാറുണ്ട്. മദ്യം അതുപയോഗിക്കുന്ന വ്യക്തിയെ മാത്രമല്ല നശിപ്പിക്കുന്നത്, ഒരു കുടുംബത്തെയാകെ താറുമാറാക്കുന്നു. മദ്യപാനിയുടെ ഭാര്യയ്ക്കും അമ്മയ്ക്കും കുട്ടികൾക്കും മറ്റും അത് തീരാദു:ഖത്തിനിടവരുത്തുന്നു.

### മയക്കുമരുന്ന്

തലച്ചോറിന്റെ രാസഘടനയിൽ വിവിധതരം മാറ്റങ്ങളുണ്ടാക്കിക്കൊണ്ട് വിഭ്രാന്തി പോലുള്ള അനുഭവങ്ങൾ ഉണ്ടാക്കുകയും ക്രമേണ സ്ഥിരമായ ഉപയോഗത്തിന് അടിമപ്പെടുത്തുകയും ചെയ്യുന്ന പദാർത്ഥങ്ങളാണ് മയക്കുമരുന്നുകൾ. ഇവ പല രൂപത്തിലും പേരുകളിലും വ്യാപകമായി കാണപ്പെടുന്നു. മയക്കുമരുന്നുകളെല്ലാം തന്നെ ശക്തമായ ആസക്തി ഉളവാക്കുന്നവയാണ് .

### പുകയില

ലോകത്ത് പത്തിലൊരാളെന്ന ക്രമത്തിൽ പ്രതിവർഷം അമ്പത് ലക്ഷത്തോളം മരണങ്ങൾക്ക് കാരണമാകുന്ന അതീവ മാരകമായ ലഹരിപദാർത്ഥമാണ് പുകയില. ഉരുളക്കിഴങ്ങ് വിഭാഗത്തിൽപ്പെട്ട നിക്കോട്ടിയാനചെടിയുടെ ഉണങ്ങിയ ഇലകളാണ് പുകയിലകളായി ഉപയോഗിക്കുന്നത്.

പുകയിലയുടെ ഉപയോഗം പ്രധാനമായും രണ്ടു രീതിയിലാണ്.

**1. പുകവലി**

**2. പുകരഹിത പുകയില ഉപയോഗം**

### 1. പുകവലി

പുകവലിക്കാരുടെ മരണനിരക്ക് പുകവലിക്കാത്തവരേക്കാൾ രണ്ടുമുതൽ മൂന്നിരട്ടി കൂടുതലാണ്. പുകവലി ശീലമാക്കിയവരിൽ പകുതിപേരും പുകയിലമൂലം തന്നെയാണ് മരണം വരിയ്ക്കുക ലോകത്തെ 120 കോടിയോളം വരുന്ന പുകവലിക്കാരിൽ 80 ശതമാനം വികസ്വര രാജ്യങ്ങളിലാണ്. പുകയുണ്ടാകാത്തതിനാൽ ഇത് അപകടരഹിതമാണെന്ന് കരുതുന്നത് ശരിയല്ല. മറിച്ച് പുകവലിയേക്കാൾ ഹാനികരമാണ് പുകരഹിത പുകയിലയെന്നതാണ് സത്യം. നമ്മുടെ നാട്ടിൽ സാധാരണ കാണുന്ന നാലും കൂട്ടി മുറുക്ക്, പാൻമസാലകൾ മൂക്കുപ്പൊടി എന്നിങ്ങനെ വിവിധ തരത്തിലാണ് പുകരഹിത പുകയിലയുടെ ഉപയോഗം.

### 1. പാൻമസാല

പുകയില, പാക്ക്, പെരുംജീരകം, ചുണ്ണാമ്പ് തുടങ്ങിയവ ചേർത്താണ് മിക്ക പാൻമസാലകളും നിർമിക്കുന്നത്. മണത്തിനും രുചിക്കുമായി പല വിധ രാസവസ്തുക്കളും ചേർത്ത പല ബ്രാന്റുകളിലുമായി പാൻമസാലകൾ പ്രചാരത്തിലുണ്ട്. ഫോർമാൽഡിഹൈഡ്, ലെഡ്, കാഡ്മിയം നൈട്രോളമീനുകൾ, ലാക്ടോണുകൾ, അരീക്കോലിൻ തുടങ്ങിയ വിഷാംശങ്ങൾ പാൻമസാലയിലുണ്ട്. കേരളത്തിൽ പാൻമസാലക്ക് സമ്പൂർണ നിരോധനമുണ്ട്.

### 2. പുകയിലമുറുക്ക്

വെറ്റില, അടയ്ക്ക, ചുണ്ണാമ്പ് എന്നിവയ്ക്കൊപ്പം പുകയിലകൂടി ചേർത്ത് ഉപയോഗിക്കുന്നതാണ് പുകയില മുറുക്ക്, പുകയിലയിലെ നിക്കോട്ടിൻ വായിലെ കോശങ്ങളിലൂടെ രക്തത്തിലേക്ക് പ്രവേശിക്കുന്നു. മുറുക്ക് ചണ്ടി വായിൽ കൂടുതൽ നേരം കിടന്നാൽ കുടൽ, വാപ്പുണ്ണ് ആമാശയരോഗങ്ങൾ തുടങ്ങിയവയ്ക്ക് പുകയിലമുറുക്ക് വഴിവയ്ക്കുന്നു.

### 3. പൊടിവലി

പൊടിവലി മൂക്കിനുള്ളിലെ കോശങ്ങളിൽ നീരുവരുത്തുകയും റൈനൈററിസ് എന്ന രോഗത്തിന് കാരണമാകുകയും ചെയ്യുന്നു. ഘ്രാണശക്തി കുറയാനും ഇത് കാരണമാകുന്നു.

വികസിത രാജ്യങ്ങളിൽ പുകയിലയുടെ ഉപയോഗം കുറഞ്ഞുവരുമ്പോൾ വികസ്വരരാജ്യങ്ങളിൽ വർഷം തോറും ഇത് 3.4 ശതമാനത്തോളം വർദ്ധിച്ചു വരുന്നതായാണ് കണ്ടുവരുന്നത്. പുകയില മൂലം മരണമടഞ്ഞവരിൽ പകുതിയും മദ്ധ്യവയസ്ക്കരാണ്.

### പുകരഹിത പുകയില ഉപയോഗം

പുകവലിയിലൂടെയല്ലാതെ പുകയില ഉപയോഗിക്കുന്ന രീതിയാണ് പുകരഹിത ഉപയോഗം. പൊടിവലിക്കാർക്ക് സൈനസൈറ്റിസ് രോഗം വരാൻ സാധ്യത കൂടുതലാണ്. കണ്ണിലേക്കുള്ള ഞരമ്പുകളെ തളർത്തുകയും പലവിധ കണ്ണു രോഗങ്ങൾക്ക് പൊടിവലി കാരണമാകുകയും ചെയ്യുന്നു.

### മദ്യവും മറ്റു ലഹരി വസ്തുക്കളുടേയും ദൂഷ്യഫലങ്ങൾ

1. മദ്യം ചെറിയ അളവിൽ ഉപയോഗിക്കുമ്പോൾ ആമാശയത്തിലെ അമ്ലത്തിന്റെ ഉൽപാദനം വർദ്ധിക്കുകയും വിശപ്പ് കൂടുകയും ചെയ്യുന്നു. വേണ്ടതിലധികം ഭക്ഷണം കഴിക്കുന്നു. പ്രമേഹം, ഹൃദ്രോഗം, പ്രഷർ മുതലായ ജീവിത ശൈലിരോഗങ്ങൾ പിടിപെടുന്നു. ഒരിക്കൽ വന്നാൽ ജീവിതം മുഴുവൻ നമ്മളെ അത് ബാധിക്കുന്നു.
2 ആമാശയത്തിലും അന്നനാളത്തിലും രക്തസ്രാവം,ഛർദ്ദി ഇവ ഉണ്ടാകുന്നു മാരകമായ കരൾ വീക്കത്തിനും കാരണമാകുന്നു.
3. ദഹനക്കുറവ് ഉണ്ടാകുന്നു.
4. ഹാർട്ട് അറ്റാക്ക് വരാൻ സാധ്യത കൂടുന്നു, പ്രഷർ വർദ്ധിക്കുന്നു.

5. ശ്വാസകോശത്തിന്റെ പ്രവർത്തനം മന്ദഗതിയിലാക്കുന്നു.

6. മദ്യപാനം കരളിന്റെ പ്രവർത്തനം വർദ്ധിപ്പിക്കുന്നു.അത് വിവിധ രോഗങ്ങൾക്ക് കാരണമാകുന്നു.കരൾ വീക്കം,സീറോസിസ്,മഞ്ഞപ്പിത്തം എന്നിവയാണ് പ്രധാനമായും മദ്യം മൂലമുണ്ടാകുന്ന കരൾ രോഗങ്ങൾ.

## കാൻസർ സാധ്യത

വായ്, അന്നനാളം, വൻകുടൽ, കരൾ എന്നിവിടങ്ങളിലെ കാൻസറിന് മദ്യം കാരണമാകുന്നു.

## മാനസിക പ്രത്യാഘാതങ്ങൾ

ലഹരി പദാർത്ഥങ്ങളുപയോഗിക്കുമ്പോൾ മാനസികതലത്തിൽ മാറ്റങ്ങളുണ്ടാവുന്നു. ഉത്കണ്ഠ, കോപം, ഭയം, എന്നിവ അധികമാകുന്നു. വൈകാരിക പ്രകടനത്തിലുള്ള അസ്ഥിരത, നിയന്ത്രണമില്ലായ്മ,പ്രവചനാതീതസ്വഭാവം, എന്നിവ ഈ വ്യക്തികളിൽ സാധാരണമാണ്. വൈകാരിക തലങ്ങളിലെ മാറ്റം പെരുമാറ്റത്തെ സ്വാധീനിക്കുകയും അസ്വാഭാവികമാക്കുകയും ചെയ്യുന്നു.



# ഓണപ്പാട്ട്

**അക്ഷയ എം**
ബാവൻസ് വിദ്യാഭവൻ, ഗിരിനഗർ

ഓണം വന്നോണം വന്നോണം വന്നേ
മാവേലി നാട്ടിലിന്നോണം വന്നേ
പൂക്കൾ ഒരുക്കണം പൂക്കളം തീർക്കണം
ആടിത്തകർക്കണം കൂട്ടുകാരേ (ഓണം)

ആടിക്കളിക്കണം പാടിക്കളിക്കണം
സദ്യയൊരുക്കണം കൂട്ടുകാരേ
കാളനും ഓലനും പച്ചടി കിച്ചടി
പപ്പടം ഉപ്പേരി പായസവും
നല്ലൊരവിയലും തോരനെരിശ്ശേരി
കൂട്ടിയിന്നോണം നാം ഉണ്ടീടേണം (ഓണം)

മുക്കൂറ്റി തുമ്പയും നൽകൂരുത്തോലയും
തൃക്കാക്കരപ്പന് പൂജിക്കേണം
ശർക്കരേം തേങ്ങയും പൂവടയും ചേർത്ത്
തൃക്കാക്കരപ്പന് നേദിക്കേണം (ഓണം)

കോടിയുടുക്കേണം കോവിലിൽ പോകണം
തൃക്കാക്കരപ്പനെ വന്ദിക്കേണം
കൈകൊട്ടിക്കളി വേണം തുമ്പിതുള്ളൽ വേണം
പുലികളികാണുവാൻ പോയീടേണം
(ഓണം)






# വാസ്തുവിന്റെ വാസ്തവം



ശ്രീ പ്രഭാകരമേനോൻ പര്യാടത്ത്
റിട്ടയേർഡ് എഞ്ചിനിയർ, വാസ്തു വിദഗ്ദ്ധൻ

അടുത്തകാലത്ത് കൊല്ലം ജില്ലയിൽ വിചിത്രമായ ഒരനുഭവം ഉണ്ടായി. അവിടെ വീടുപണി തുടങ്ങിയിട്ട് അഞ്ചുകൊല്ലം കഴിഞ്ഞിട്ടും പണി തീരുന്നില്ല. പൈസയ്ക്കോ പണിക്കാർക്കോ യാതൊരു ക്ഷാമവുമില്ല. പണി തീരാത്തതിൽ വിഷമവും നിരാശയും കാരണം കോൺട്രാക്ടർ ഒരു വാസ്തുക്കാരനെ സമീപിച്ചു. വാസ്തു നോക്കുന്ന ആളുടെ അഭിപ്രായത്തിൽ അവിടെ പണ്ടുപണ്ടേയുള്ള വറ്റാത്ത കിണറും വീടിന്റെ വടക്കുകിഴക്കേ മൂലയും പറമ്പിന്റെ വടക്കുകിഴക്കേ മൂലയും ഒരേ ദിശയിലാണ്. അതുകൊണ്ട് കിണർ മൂടി മറ്റൊരു കിണർ കുഴിക്കുവാൻ തീരുമാനിച്ചു. അവിടെ കിണറിന്റെ പണി തുടങ്ങി അഞ്ചുകോൽ താഴ്ന്നപ്പോൾ വളരെ കടുപ്പമുള്ള പാറ കണ്ടു. പത്തുകോൽ പാറ പൊട്ടിച്ചാൽ മാത്രമേ നിലവിലുള്ള കിണറിന്റെ താഴ്ച കിട്ടുകയുള്ളൂ. അതിന് ഉദ്ദേശം മൂന്നുലക്ഷം രൂപ ചിലവ് വരുന്നതായി കണക്കു കൂട്ടിക്കൊണ്ടിരിക്കുമ്പോൾ ഞാൻ അവിടെ എത്തുവാൻ ഇടയായി. തൊട്ടടുത്ത വീട്ടിൽ ഒരു ഡോക്ടർ സ്ഥലം വാങ്ങിക്കുന്നതിനു മുമ്പ് നോക്കുവാൻ വേണ്ടിയാണ് ഞാൻ അവിടെ എത്തിയത്. അവരുടെ ആവശ്യപ്രകാരം ഞാൻ വീടും പറമ്പും പരിശോധിച്ചു. വീടിനോ, നിലവിലുള്ള കിണറിനോ യാതൊരു കുഴപ്പവും കണ്ടില്ല.

ആ പറമ്പിന്റെ തെക്കും പടിഞ്ഞാറും ആറടി താഴ്ന്നാണ് കിടക്കുന്നത്. തെക്കുപടിഞ്ഞാറെ മൂലയിൽനിന്നാണ് അകത്തേക്കു കടക്കുന്നത്. ഉദ്ദേശം 6 ഏക്കർ സ്ഥലത്താണ് വീട് നിൽക്കുന്നത്.

വീടിന്റെ പടിഞ്ഞാറുവശത്ത് വീടിനു സമാന്തരമായി ഒരടി ഉയരത്തിൽ മതിൽ കെട്ടി മണ്ണിട്ടുപൊക്കി വെള്ളത്തിന്റെ ഒഴുക്ക് കിഴക്കോട്ടാക്കി. വീടിന് തെക്കുവശത്ത് വീടിനു സമാന്തരമായി ഒരു മതിൽകെട്ടി പറമ്പിനകത്തുതന്നെ പടിഞ്ഞാറുനിന്ന് കിഴക്കോട്ട് റോഡുണ്ടാക്കി. ഗേറ്റ് തെക്ക് കിഴക്ക് വരത്തക്കവിധത്തിൽ ശരിയാക്കി. അങ്ങനെ അവിടുത്തെ എല്ലാ പ്രശ്നങ്ങളും തീർന്ന് വീടുപണി പെട്ടെന്നു തീർന്നു.

നല്ല വെള്ളമുള്ളതും ഉപയോഗ യോഗ്യമായ കിണർ ഒരിക്കലും മൂടരുത്. എന്തുതന്നെയായാലും കിണർ മൂടുന്നതിനു മുമ്പും വീടിന്റെ ഏതെങ്കിലും ഭാഗം പൊളിക്കുന്നതിനു മുമ്പും വിദഗ്ധരുമായി പലവട്ടം ചർച്ചചെയ്ത ശേഷമേ തീരുമാനിക്കാൻ പാടുള്ളൂ. കിണർ വടക്കും കിഴക്കും എവിടെ ആയാലും യാതൊരു കുഴപ്പവുമില്ല.

**കരയോഗം മെമ്പർമാർക്ക് രാവിലെ 6 മുതൽ വൈകീട്ട് 6 വരെ എപ്പോൾ വേണമെങ്കിലും എന്നെ ഫോണിൽ ബന്ധപ്പെടാവുന്നതാണ്.**

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തീയതിക്കുമുമ്പ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണിവരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനിയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണിവരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻകൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**

# വലചി





ഡോ. ജയലക്ഷ്മി നന്ദകുമാർ

16-ാമത്തെ മേളകർത്താരാഗമായ ചക്രവാകത്തിന്റെ ജന്യരാഗമാണ് വലചി. വിസ്തരിച്ചുള്ള ആലാപനത്തിനും മറ്റും സാദ്ധ്യത ഇല്ലാത്ത രാഗമാണിത്.

ആരോഹണം സ ഗ പ ധ നി സ

അവരോഹണം സ നി ധ പ ഗ സ

സ്വരസ്ഥാനങ്ങൾ; ഷഡ്ജം, അന്തരഗാന്ധാരം, പഞ്ചമം, ചതു: ശ്രുതി ധൈവതം, കൈശികി നിഷാദം, അഞ്ചു സ്വരങ്ങൾ വീതം ആരോഹണത്തിലും അവരോഹണത്തിലും വരുന്നതിനാൽ വലചി ഒരു ഔഡവ രാഗമാണ്. രിഷഭം, മദ്ധ്യമം, എന്നീ സ്വരങ്ങൾ ഈ രാഗത്തിൽ വർജ്ജ്യമാണ്.

ശുദ്ധ രിഷഭം കൂടി ചേർത്തു ആലപിച്ചാൽ 'മലയമാരുതം' എന്ന രാഗമാവും ലഭിക്കുക. (സരിഗപധനിസ- സനിധപഗരിസ) ചതു:ശ്രുതി രിഷഭം ചേർത്താൽ "ജഗന്മോഹിനി" എന്ന ഹിന്ദുസ്ഥാനി രാഗവും ലഭിക്കുന്നതാണ്. ധൈവതം ഒഴിവാക്കി, സഗപനിസ - സനിപഗസ എന്നാവുമ്പോൾ ഡോ. എം. ബാലമുരളീകൃഷ്ണ കണ്ടുപിടിച്ച 'മഹതി' എന്ന രാഗവും കിട്ടുന്നതാണ്.

മലയമാരുതം എന്ന രാഗവുമായി അതീവ സാമ്യം ഉള്ള രാഗമാണ് വലചി. ഹിന്ദുസ്ഥാനി സംഗീതത്തിൽ വലചിയോടു സാദൃശ്യം ഉള്ള രാഗമാണ് കലാവതി.

പുലർകാലത്ത് ആലപിക്കുവാൻ യോജിച്ച രാഗമായി വലചിയെ കണക്കാക്കപ്പെടുന്നു. അതികഠിനമായ സമർദ്ദത്തെ ലഘൂകരിക്കുവാൻ വലചി രാഗം കേൾക്കുന്നതിലൂടെ സാധിക്കുമെന്ന് സംഗീത ചികിത്സകർ അഭിപ്രായപ്പെടുന്നു. ഭക്തി, കരുണ, ശാന്തത എന്നിവയൊക്കെ പ്രതിഫലിപ്പിക്കുന്ന രാഗമാണിത്.

### ഈ രാഗത്തിലുള്ള കൃതികൾ

| | | | | | | |
|---|---|---|---|---|---|---|
| 1) | ജാലന്ധര സുപീഠസ്ഥേ | - | രൂപകം | - | മുത്തയ്യാ ഭാഗവതർ |
| 2) | പഞ്ചമുഖ പരിപാലിതോഹം | - | ആദി | - | മുത്തുസ്വാമി ദീക്ഷിതർ |
| 3) | സന്തതമു നിന്നേ | - | ആദി | - | ജി. എൻ. ബാലസുബ്രഹ്മണ്യം |
| 4) | പാദമേ തുണൈ | - | ആദി | - | പാപനാശം ശിവൻ |
| 5) | ച്സലമു സേയനേലാ | - | ആദി | - | ലാൽഗുഡി ജി. ജയരാമൻ |

## ചലചിത്രഗാനങ്ങൾ

| | | | |
|---|---|---|---|
| 1) ദേവീ ശ്രീദേവീ | - കാവ്യമേള | 6) രാമാ ശ്രീരാമാ | - ഉത്സവമേളം |
| 2) കാടാറുമാസം | - ഏഴു രാത്രികൾ | 7) ഒത്തിരി ഒത്തിരി | - വെങ്കലം |
| 3) ഉദയഗിരി കോട്ടയിലെ | - ആരോമലുണ്ണി | 8) കാറ്റു വെളിയിടൈ കണ്ണമ്മാ | - തന്മാത്ര |
| 4) അഗ്രേ പശ്യാമി | - ശ്രീ ഗുരുവായൂരപ്പൻ | 9) മാനം തെളിഞ്ഞേ നിന്നാൽ | - തേന്മാവിൻ കൊമ്പത്ത് |
| 5) പൂവിളി പൂവിളി | - വിഷുക്കണി | 10) നാനിർക്ക ഭയം എതക്ക് | - നീതിയിൻ മറുപക്കം. |



പത്മജ മേനോൻ

# അവർണ്ണനീയം

അവൾ പറമ്പിലൂടെ നടക്കുകയായിരുന്നു. മനസ്സ് അന്ത:സംഘർഷങ്ങൾക്കു അടിമപ്പെട്ട് ചിന്തകൾ ഹുദ്ഹുദ് എന്ന കാറ്റിനേക്കാൾ ദ്രുതഗതിയിൽ പാഞ്ഞുപോകുമ്പോൾ ദിശയറിയാതെ, ആലംബമില്ലാതെ താൻ ഭയവിഹ്വലതകൾക്ക് കീഴടങ്ങുകയാണ്. അപ്പോഴാണ് "കുട്ടിശങ്കറിന് ചോറ് കാലമായി അവന് ചോറ് കൊടുക്കൂ." "മോളെ ദുർഗ്ഗേ നീ കേൾക്കിന്നില്ലേ", അവൾ ചിന്തയിൽ നിന്നു ഉണർന്നു. അവൾ ഉരുള ഉരുട്ടി കുട്ടിശങ്കരന്റെ വായിൽ വെച്ചു കൊടുത്തു. അവൻ സന്തോഷത്തോടെ കഴിക്കുന്നുണ്ടായിരുന്നു. ഇടയ്ക്ക് തന്റെ മുടിയിൽ പിടിച്ചുവലിക്കും. കുട്ടിശങ്കരാ കളി വേണ്ട എനിക്ക് ദേഷ്യം വരുന്നുണ്ട് എന്ന് പറഞ്ഞ പ്പോൾ അവൻ അനുസരണയോടെ തലയാട്ടി. തന്റെ ശബ്ദം മാറിയാൽ അവന് മനസ്സിലാവും.

അതാ അച്ഛന്റെ രണ്ടു ശിഷ്യന്മാർ നടന്നുവരുന്നു. അവർ തളർന്നു കിടക്കുന്ന അച്ഛനെകുറച്ചു നേരം നോക്കിനിന്നു പിന്നീട് യാത്ര പറഞ്ഞ് ഇറങ്ങി. കാഴ്ചക്കാരുടെ വരവ് നാൾക്കുനാൾ കുറഞ്ഞ് കുറഞ്ഞ് വന്നു. എന്തെങ്കിലും ആവശ്യം ഉണ്ടെങ്കിൽ പറയണം. ദുർഗ്ഗ ഇപ്പോൾ കോളേജിൽ പോകുന്നില്ലേ? പഠിപ്പ് മുടക്കരുത് എന്നു പറഞ്ഞ് അവർ നടന്നകന്നു. ശരിയാണ് കോളേജിൽ പോയിട്ട് ഒരുപാട് നാളായിരിക്കുന്നു. ഒന്നിനും ഒരു ഉത്സാഹവുമില്ല. ഉത്സാഹമെല്ലാം എങ്ങോട്ടോ പോയി മറഞ്ഞിരിക്കുകയാണ്. തന്റെ പ്രിയപ്പെട്ട രണ്ടു കൂട്ടുകാർ ഉഷയും, വീനിതുമാണ്. ഉഷ കോഴ്സ് കഴിയുന്നതിനുമുമ്പുതന്നെ വിവാഹിതയായി പോയി, പിന്നെ വീനിതാണ്. അവന് എന്തുപറ്റി എന്നറിയില്ല. ഒന്നാം ക്ലാസ്സ് തൊട്ട് കോളേജുവരെയും ഞങ്ങൾ ഒന്നിച്ചായിരുന്നു പഠനം. പക്ഷേ എന്തോ തെറ്റിദ്ധാരണയുടെ പേരിൽ അവൻ എന്നിൽ നിന്ന കലുകയായിരുന്നു. പഠനത്തിൽ മാത്രമാണ് ഞങ്ങൾ മത്സരിച്ചിരുന്നത്. അവൻ നല്ലൊരു കായികതാരമായിരുന്നു. ഹോക്കികളിക്കാരിയായ ബീനമാത്യുവിന് വീനിതിനെ വലിയ കാര്യമായിരുന്നു. പണക്കാരിയും സുന്ദരിയുമായ അവളെ ആരും ഇഷ്ടപ്പെടും. വിനീതിനും അവളിൽ ഒരു ഭ്രമമുണ്ടായി. പക്ഷേ എനിക്ക് അവനെ നല്ലൊരു കൂട്ടുകാരനായി കാണുവാൻ മാത്രമേ കഴിഞ്ഞിട്ടുള്ളൂ. അവനും അങ്ങനെതന്നെയായിരുന്നു. അവൻ എന്തിനാണ് എന്നെ അവഗണിക്കുന്നത് എന്നു മാത്രം എനിക്ക് മനസ്സിലായില്ല. മനസ്സിൽ വിഷാദാത്മകത കൂടിയപ്പോൾ അവൾ അവന്റെ ഇ–മെയിൽ ഐഡിയിൽ ഒരു

കത്തയച്ചു. സൂര്യന് താഴെയുള്ള എല്ലാ വിഷയങ്ങളെക്കുറിച്ചും നമ്മൾ സംസാരിക്കുമായിരുന്നു. നമ്മൾ നല്ല കൂട്ടുകാരുമായിരുന്നു. നീ എന്തിനാണ് എന്നെ ഒഴിവാക്കുവാൻ ശ്രമിക്കുന്നത്. അതിനുമാത്രം ഞാൻ തെറ്റൊന്നും ചെയ്തിട്ടില്ലല്ലോ? മനസ്സ് കലുഷിതമായി നടക്കുന്നതിൽ അർത്ഥമില്ല. എന്തായാലും തുറന്നു പറയണം, നിന്റെ അകൽച്ച എന്നെ വല്ലാതെ വേദനിപ്പിക്കുകയാണ്. ഇപ്പോൾ എനിക്ക് മനസ്സിലാവുന്നു നീ എന്റെ നല്ല കൂട്ടുകാരനായിരുന്നില്ലെന്ന്. ആയിരുന്നെങ്കിൽ നീ എന്നോട് ഇങ്ങനെ പെരുമാറില്ലായിരുന്നു. തെറ്റ് ചെയ്യാതെ ശിക്ഷ അനുഭവിക്കേണ്ടി വരുന്നത് ദൗർഭാഗ്യം എന്നു മാത്രമല്ല, അത് അനീതിയുമാണ്. ഇപ്പോൾ മനസ്സിൽ നിന്നോട് പരാതിയോ, പരിഭവമോ ഇല്ല. നിന്നെ നല്ല കൂട്ടുകാരനായി കരുതിയതിന്റെ നിരാശ മാത്രം. സാരമില്ല, ജീവിതം ഇങ്ങനെയൊക്കെയാണല്ലോ. ജീവിതത്തിലെ ഓരോ അനുഭവങ്ങളും ഒരു പാഠമായി കണ്ടു മുന്നോട്ടു പോകുവാനുള്ള കാലത്തിന്റെ താക്കീതാണത്.

അന്ന് കോളേജ് വിട്ടു വന്നപ്പോളായിരുന്നു ഒരു ആംബുലൻസ് വീടിന്റെ മുന്നിൽ വന്നു നിന്നത്. കേരളം കണ്ട ഏറ്റവും വലിയ കഥകളി ആചാര്യൻ പരമേശ്വര പൊതുവാളിന്റെ പതനമായിരുന്നു അത്. അച്ഛൻ വലിയ കഥകളി ആചാര്യനായിരുന്നു. നിലവിളക്കിന്റെ നിറവിൽ വർണ്ണാഭമായ ഉടയാടകൾ അണിഞ്ഞ് പച്ചയായും, കത്തിയായും, താടിയായും, മിനുക്ക് ആയും കരി വേഷമായും അച്ഛൻ രംഗത്തെത്തി. രാത്രിയുടെ നിശബ്ദതയെ ഭംഗപ്പെടുത്തിക്കൊണ്ട് അരങ്ങത്ത് അച്ഛൻ നിറഞ്ഞാടുമായിരുന്നു. വൈവിധ്യമായ അച്ഛന്റെ ഭാവഭിനയം കാണുവാൻ ഹാൾ മുഴുവനും ജനസാന്ദ്രമായിരിക്കും. പ്രാചീനവും പൗരാണികവുമായ കഥകളി എന്ന ക്ഷേത്രകല അരങ്ങു തകർക്കുമ്പോൾ ലാളിത്യം കൊണ്ടും, കാല്പനികഭാവം കൊണ്ടും ആ കലയെ അവിസ്മരണീയമാക്കുകയാണ് അച്ഛൻ. മാനുഷീകതയും മൂല്യബോധവും പ്രതിപാദിക്കുന്ന കഥകളാൽ സമ്പന്നമായ കഥകളി എന്ന ദൃശ്യവിരുന്ന് ആസ്വാദകരെ ആനന്ദസാഗരത്തിൽ ആറാടിക്കുമ്പോൾ പ്രോത്സാഹനത്തിന്റെ കരഘോഷം അഷ്ടദിക്കുകളിൽ മാറ്റൊലി കൊള്ളുകയാണ്. രാത്രി പതിയെ പകലിന് വഴിമാറി കൊടുക്കുകയാണ്, അപ്പോൾ ആ വേളയിൽ.

അച്ഛൻ വളരെയധികം പ്രസിദ്ധിനേടി വരുന്ന സമയമായിരുന്നു അത്. പലവിധ അവാർഡുകളും അച്ഛനെതേടി എത്തി. വളരെയധികം ശിഷ്യഗണങ്ങളും അച്ഛനുണ്ടായി. വിജയസോപാനത്തിൽ അശ്വാരൂഢനായി നിലനിന്നിരുന്ന അച്ഛൻ എന്ന സർഗ്ഗപ്രതിഭയുടെ ദീപ്തി ലോകമെമ്പാടും അറിയുവാൻ തുടങ്ങി. ആ ജ്ഞാന സാഗരത്തിൽ പിച്ചവെച്ചു നടക്കുന്ന ഒരു പൈതലാകുവാൻ കടൽ കടന്നും ആളുകൾ വരുവാൻ തയ്യാറായി. അങ്ങനെ കന്നിമാസത്തിലെ സൂര്യനെപോലെ അച്ഛൻ ഉച്ചാസ്ഥിയിലെത്തി നില്ക്കുമ്പോൾ ഒരുദിവസം അരങ്ങിൽ ഭീമന്റെ വേഷത്തിൽ കീചകനെ വധിക്കുന്ന രംഗത്തിന് തിരശ്ശീല വീഴുന്നതിനു മുമ്പ് അച്ഛൻ തളർന്നു അരങ്ങത്ത് വീണു. ആ ശരീരം നിശ്ചലമായി എന്നാണ് എല്ലാവരും കരുതിയത്. അച്ഛന്റെ വലിയ ആഗ്രഹവും അരങ്ങത്ത് ആടി മരിക്കണമെന്നായിരുന്നു. ഏതൊരു കലാകാരന്റെയും മോഹവും അതായിരിക്കുമല്ലോ. പക്ഷേ അച്ഛൻ തളർന്നു പോയതേയുള്ളൂ. മരണം അച്ഛനെ പുൽകിയില്ല. പിന്നീട് ഭീഷ്മാചാര്യർ ശരശയ്യയിൽ കിടക്കുന്നമാതിരി അച്ഛൻ തളർന്നു കിടന്നു. ഇപ്പോൾ കണ്ണുകൾ തുറക്കുമെന്നല്ലാതെ വേറെ ഒരു അനക്കവുമില്ല. അച്ഛന്റെ ഈ ദുരവസ്ഥ എന്റെയും അമ്മയുടെയും അന്ത:രാളത്തിൽ ദുഃഖത്തിന്റെയും ഭയത്തിന്റെയും കരിനിഴൽ വീഴ്ത്തി.

എന്താ മോളെ കിനാവ് കാണുകയാണോ എന്നു ചോദിച്ചുകൊണ്ട് അടുത്ത വീട്ടിലെ വല്യമ്മ വന്നു. വർണ്ണങ്ങൾ വറ്റിയ തന്റെ മനസ്സിന് കിനാവ് കാണുവാനുള്ള ശേഷിപോലും അവശേഷിക്കുന്നില്ലെന്ന് വല്യമ്മയ്ക്ക് അറിയില്ലല്ലോ? വല്യമ്മ പറയുവാൻ തുടങ്ങി തെക്കേതിലെ വാസു

ആത്മഹത്യ ചെയ്തു. ജീവിക്കുവാൻ വേണ്ടി അവൻ ആവതു ചെയ്തു. പക്ഷേ ഒന്നിനും കാര്യമുണ്ടായില്ല. അവൾ ഓർത്തു ഭീരുക്കളാണ് ആത്മഹത്യ ചെയ്യുന്നതെന്നും, അതല്ല സഹായത്തിനു വേണ്ടിയുള്ള ഒരു നിലവിളിയാണ് ആത്മഹത്യ എന്നും പറയുന്നു. എന്നാൽ ആ ആത്മരോദനം ആരെങ്കിലും ശ്രവിക്കാറുണ്ടോ? ഉണ്ടെങ്കിൽ തന്നെ അത് വേണ്ടവിധത്തിൽ ഗൗനിക്കാറുണ്ടോ? എന്തായാലും മരിച്ചവർ ഭാഗ്യവാന്മാരാണ് ജീവിക്കുന്നവരെ പറ്റി അവർക്ക് ഒന്നും അറിയേണ്ടല്ലോ.

ദുർഗ്ഗേ അച്ഛന്റെ മരുന്നും കുറച്ചു വീട്ടുസാധനങ്ങളും വാങ്ങിക്കണമെന്നു പറഞ്ഞുകൊണ്ട് അമ്മ അടുത്തേയ്ക്കു വന്നു. അവൾ അച്ഛനെ നോക്കുകയായിരുന്നു. നവരസങ്ങൾ മിന്നമറഞ്ഞ ആ മുഖത്ത് ഇപ്പോൾ ഭാവഭേദങ്ങൾ ഒന്നുമില്ലാതെ നിർവികാരത തളംകെട്ടി നില്ക്കുകയാണ്. അച്ഛന്റെ ഓരോ അവയവങ്ങളും നിർജ്ജീവമായിക്കൊണ്ടിരിക്കുന്നു. ഈ അവസ്ഥാന്തരത്തിൽ മരണത്തിന്റെ വിതുമ്പലിനെക്കാൾ മൃത്യുവിന്റെ തലോടൽ താൻ കാംക്ഷിക്കുകയാണ്. അല്പം കഥകൾ എഴുതാറുള്ള തന്റെ കഥകളിൽ മരണം നിറഞ്ഞു നിന്നിരുന്നു. കഥാപാത്രങ്ങളെ നിഷ്കരുണം കൊന്ന താൻ ജീവിതത്തിൽ അതിനു കഴിയാതെ വിവശയായി മാറുകയാണ്. ജീവച്ഛവമായ അച്ഛൻ, അതിജീവനത്തിനു വേണ്ടി നിഴൽയുദ്ധം ചെയ്യുന്ന രണ്ടാത്മക്കൾ. അന്ന് ആദ്യമായി ഹിറ്റ്ലറോട് അവൾക്ക് ആരാധനതോന്നി. ഒപ്പം അദ്ദേഹത്തിന്റെ തത്വങ്ങളെയും.

ഒരു ശരാശരി കുടുംബത്തിന് വരുമാനമൊന്നുമില്ലാതെ മൂന്നുമാസത്തിൽ കൂടുതൽ പിടിച്ചു നില്ക്കുവാൻ കഴിയുകയില്ലെന്ന് അവൾക്ക് അറിയാമായിരുന്നു. മൃതപ്രായനായ അച്ഛനും മിണ്ടാപ്രാണിയായ അമ്മയും. സംരക്ഷിക്കപ്പെടേണ്ടവൾ സംരക്ഷകയായി മാറേണ്ടിയിരിക്കുന്നു. വംശനാശം സംഭവിക്കുന്ന വേഴാമ്പലിനെപോലെ ഉരുകി തീരാതെ ഒരു ഫിനിക്സ് പക്ഷിയെപോലെ താൻ ഉയർത്തെഴുന്നേൽക്കണം എന്ന് ഒരു അദൃശ്യ ശക്തി അവളുടെ അന്തരാത്മാവിൽ ഓതിക്കൊണ്ടിരുന്നു.

അച്ഛൻ കണ്ണടച്ചു കിടക്കുകയാണ് മന്ദംമന്ദം മരണം അച്ഛന്റെ അരികിലെത്തിയിരിക്കുന്നു. ജീവാത്മാവ് ആ ഭൗതിക ശരീരം വിട്ട് പറന്നുകന്നു പോയി. കാത്തു കാത്തിരുന്ന മരണം വന്നെത്തിയിരിക്കുകയാണ്. അവൾക്ക് കരയുവാൻ കഴിഞ്ഞില്ല. തന്റെ കണ്ണുകൾ ജലാംശമില്ലാത്ത മണൽക്കാടുകളായി മാറിയിരിക്കുകയാണല്ലോ. വിറങ്ങലിച്ച മനസ്സുമായി അവൾ അമ്മയെ കെട്ടിപ്പിടിച്ചു ഇരുന്നു. (തുടരും)

# സ്മൃതിമണ്ഡപം



ഉണ്ണിവാരിയത്ത്

തർക്കം കൊടുമ്പിരികൊള്ളുകയാണ്.

സമൂഹത്തിൽ അറിയപ്പെടുന്ന ഒരു വ്യക്തിയാണ് അന്തരിച്ചിരിക്കുന്നത്.

ജഡം സംസ്ക്കരിക്കേണ്ടത് എവിടെ എന്നതിനെച്ചൊല്ലിയാണ് തർക്കം.

അദ്ദേഹം ജനിച്ച ഇടത്തിൽ വേണമെന്ന് ചിലർ. ജീവിച്ച ഇടത്തിൽ വേണമെന്ന് വേറെ ചിലർ ഒരു വ്യക്തി എവിടെ ജനിച്ചു, അല്ലെങ്കിൽ ജീവിച്ചു, അല്ലെങ്കിൽ മരിച്ചു, എന്നത് ഒരു വിഷയമേ അല്ല. എങ്ങനെ ജീവിച്ചു എന്നതാണ് ഗണനാർഹം.

അങ്ങനെ നോക്കുമ്പോൾ, എവിടെയും സംസ്ക്കരിക്കാം. ജീവിച്ചിരിക്കുന്നവരുടെ മനസ്സുകളിൽ ശാശ്വതമായി സ്മൃതിമണ്ഡപം ഉയർന്നിട്ടുണ്ടാവുമല്ലോ.



# ഭാരതീയ പൈതൃകസന്ദേശം

( ഭാഗവത പുരാണം )



ഡോ. എൻ. ഗോപിനാഥൻ നായർ

18 മഹാപുരാണങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായതാണ് ഭാഗവത പുരാണം. മഹാവിഷ്ണുവിന്റെ 10 അവതാരങ്ങളുടെ കഥകളാണ് ഭാഗവതത്തിലെ പ്രധാന വിഷയം അതിനാൽ " വിഷ്ണു ഭാഗവതം " എന്നുകൂടി വിശേഷിപ്പിക്കാം.

അവതാരങ്ങളിൽ ശ്രീകൃഷ്ണാവതാരത്തിനാണ് പരമപ്രാധാന്യം. പരിണാമ സിദ്ധാന്തത്തെ അനുസ്മരിപ്പിക്കുന്നതാണ് പത്ത് അവതാരങ്ങൾ . ജലജീവിയായ മത്സ്യം, കരയിലും, ജലത്തിലും ജീവിക്കാൻ കഴിയുന്ന കൂർമം, കരയിൽ അധോമുഖനായ വരാഹം (നാൽക്കാലി), മനുഷ്യനും മൃഗവും സമ്മേളിച്ച നരസിംഹം (മൃഗരാജൻ ), കൊച്ചു മനുഷ്യനായ വാമനൻ, പരിപൂർണതയിൽ എത്താത്ത പരശുരാമൻ, പൂർണ്ണനായ ശ്രീരാമൻ, എല്ലാ രംഗത്തും പരിപൂർണനായ ശ്രീകൃഷ്ണൻ . സൃഷ്ടിയുടെ ക്രമാനുഗതമായ പുരോഗതിയാണ് ഭാഗവതം നമ്മെ ഓർമ്മിപ്പിക്കുന്നത്.

ഭാഗവതം ആത്മീയത നിറഞ്ഞ പാരായണ യോഗ്യമായ ഒരു പുണ്യ ഗ്രന്ഥം മാത്രമല്ല പാമര-പണ്ഡിത ഭേദമന്യേ എല്ലാവർക്കും വിജ്ഞാന സമ്പത്ത് നൽകുന്ന ഒരു വിശിഷ്ട ഭണ്ഡാരം കൂടിയാണ്

ഭഗവാൻ ശ്രീകൃഷ്ണൻ അവതരിച്ചത് ദുഷ്ടജന നിഗ്രഹത്തിന് വേണ്ടി മാത്രമല്ല, ധർമ സംസ്ഥാപനത്തിനും, ശിഷ്ടജന പരിപാലനത്തിനും കൂടിയാണ്. ശ്രീകൃഷ്ണന്റെ ജീവിതകാലം കലി - ദ്വാപരയുഗസന്ധിയിലായിരുന്നു. കലിയുഗം ആരംഭിക്കുന്നത് ഭഗവാന്റെ സ്വർഗാരോഹണ ദിവസം മുതൽക്കാണ് (ബി.സി. 3100 ഫെബ്രുവരി 20 Astrological Magazine by Sri. B.V. Raman Feb. 1976). ഭഗവാൻ ശ്രീകൃഷ്ണൻ 126 വർഷവും 6 മാസവും ജീവിച്ചിരുന്നു എന്ന് ഭാഗവതം സ്പഷ്ടമാക്കുന്നു. **മഹാഭാരതത്തിൽ വിവരിക്കുന്ന ഭഗവാൻ ശ്രീകൃഷ്ണനുമായി ബന്ധപ്പെട്ട 3 കാര്യങ്ങൾ ഭാഗവതത്തിൽ ഉള്ളതായി കാണുന്നില്ല. അവ, പാണ്ഡവ ദൂതനായി കൗരവസദസ്സിൽ പോയതും, ഭാരത യുദ്ധത്തിൽ അർജുനന്റെ തേരാളിയാകുന്നതും, യുദ്ധഭൂമിയിൽ അർജുനന് ഗീതോപദേശം ചെയ്യുന്നതുമായ മൂന്നു വിഷയങ്ങളാണ്. മഹാഭാരതത്തിൽ, വേദവ്യാസൻ ഇവ മൂന്നും വിശദമായി വിവരിച്ചിട്ടുണ്ട്.**

ഭാഗവത കഥ 19000 ശ്ലോകങ്ങളെ 335 അദ്ധ്യായങ്ങളിലായി 12 സ്കന്ദങ്ങളിൽ ഉൾപ്പെടുത്തിയാണ് വിവരിക്കുന്നത് .

### 1. ഒന്നാം സ്കന്ദം (19 അധ്യായങ്ങൾ)

ഭാഗവതം കേൾക്കുന്നതിന്റെ മഹത്വം, ശ്രേയസ്സ്, ഭക്തന്മാരുടെ ലക്ഷണം, ഭഗവാന്റെ അവതാരങ്ങൾ എന്നിവ നൈമിശാരണ്യത്തിൽ വച്ച് സൂത മഹർഷി വിവരിക്കുന്നു. നാരദന്റെ ഉപദേശം അനുസരിച്ചാണ് വേദവ്യാസൻ ഭാഗവത രചന ആരംഭിക്കുന്നത്. ശരശയ്യയിലുള്ള ഭീഷ്മർ ഭരണമേൽക്കാൻ തയ്യാറായ ധർമ്മപുത്രർക്ക് ധർമ്മോപദേശം നൽകുന്നു. ശ്രീകൃഷ്ണൻ ദ്വാരകയിലേക്ക് യാത്രയാകുന്നു. ദ്വാരക സമുദ്രത്തിൽ മുങ്ങുന്നു, യാദവകുലം നശിക്കുന്നു.

ശ്രീകൃഷ്ണന്റെ സ്വർഗാരോഹണം നടക്കുന്നു. ഹസ്തിനപുരത്തിലെ രാജാവായ പരീക്ഷിത്ത് (അഭിമന്യുവന്റെ പുത്രൻ) നായാട്ടിനായി വനത്തിലെത്തുകയും അവിടെ വച്ച് ചത്ത പാമ്പിനെ മഹർഷി ശമീകന്റെ കഴുത്തിലിടുകയും ചെയ്യുന്നു. മുനിപുത്രനായ ഗവിജാതൻ പിതാവിനെ അപമാനിച്ചതിന് കോപിഷ്ഠനായി രാജാവിനെ 7 ദിവസത്തിനുള്ളിൽ തക്ഷകൻ കടിച്ച് മരിക്കട്ടെ എന്ന് ശപിക്കുന്നു. ശാപവൃത്താന്തമറിഞ്ഞ് ദുഃഖിതനായ പരീക്ഷിത്തിനോട് വ്യാസപുത്രനായ ശ്രീശുകൻ പരിഹാര മാർഗം നിർദേശിക്കുന്നു.

### 2. രണ്ടാം സ്ന്ദം ( 10 അധ്യായമങ്ങൾ )

മഹാവിഷ്ണുവിന്റെ - വിരാട് രൂപധ്യാനം. യോഗചര്യ വിവരണം, ഭൗതിക ജീവിതത്തിൽ ആത്മീയതയുടെ പ്രയോഗവും പ്രാധാന്യവും, സൃഷ്ടിയെക്കുറിച്ചുള്ള ശാസ്ത്രീയ വീക്ഷണം. ബ്രഹ്മാണ്ഡത്തിന്റെ ഉത്ഭവം, ഘടകങ്ങൾ, പരിണാമം, പ്രവർത്തനം എന്നീ ശാസ്ത്ര വിഷയങ്ങൾ. പ്രപഞ്ച പുരുഷ സങ്കൽപ്പം, ഭക്തി + ധർമ്മം + ശാസ്ത്രം ഇവ മൂന്നും ഈ സ്കന്ദത്തിൽ വിവരിക്കുന്നു.

### 3. മൂന്നാം സ്കന്ദം (33 അധ്യായങ്ങൾ )

വിദുരരും, ഉദ്ധവരും തമ്മിലുള്ള സംവാദം. പ്രപഞ്ച സൃഷ്ടി, 10 തരം സൃഷ്ടിയുടെ വിവരണം. സൃഷ്ടിക്കപ്പെട്ടവയിൽ ഉണ്ടാകുന്ന പരിണാമവും അതിലൂടെ അനവധി ജീവജാലങ്ങളുടെ ഉത്ഭവവും മഹായുഗങ്ങൾ (43,20,000 വർഷങ്ങൾ), മന്വന്തരങ്ങൾ (72 43,20,000 വർഷങ്ങൾ), കൽപ്പങ്ങൾ (14 72 43,20,000 വർഷങ്ങൾ) ഇവയെപ്പറ്റി വിവരിക്കുന്നു. ബ്രഹ്മസങ്കൽപ്പം, ത്രീമൂർത്തി സങ്കൽപ്പം, വേദത്തിന്റെ ഉത്ഭവം, അസുര - ദേവ വംശങ്ങളുടെ (തിന്മയും നന്മയും ) ചരിതം. സനകാദി മഹർഷിമാരെ വൈകുണ്ഠത്തിൽ തടഞ്ഞ ജയവിജയന്മാർ ശാപം മൂലം ഹരിണ്യാക്ഷനും ഹിരണ്യകശിപുവുമായി ഭൂമിയിൽ ജനിച്ചതും അവരുടെ മോക്ഷത്തിനായി അവതാരമെടുത്ത മഹാവിഷ്ണുവിന്റെ കഥയും.

കർദമ മഹർഷിയും ദേവഹൂതിയും വിവാഹിതരാകുന്നു. മഹർഷി നിർമ്മിച്ച മനോഹരമായ വിമാനത്തെക്കുറിച്ച് സുദീർഘവും അത്ഭുതകരവുമായ വിവരണം. കർദമ മഹർഷിക്ക്, സിദ്ധനായ കപില മഹർഷി, പുത്രനായി ജനിക്കുന്നു (സാംഖ്യ ദർശനത്തിന്റെ പിതാവ് ) തുടർന്ന് അദ്ദേഹം തന്റെ മാതാപിക്കളുമായി നടത്തുന്ന സംവാദം. അതിൽ സദാചാരം, സത്കർമ്മം, ഭക്തിയോഗം തുടങ്ങിയവയുടെ വിവരണങ്ങൾ. പതഞ്ജലി മഹർഷിയുടെ യോഗശാസ്ത്രവും ഭക്തി വീക്ഷണങ്ങളായ സാംഖ്യം, മാധുര്യം, ദാസ്യം, വാത്സല്യം, ശാന്തം, ശത്രുത്വം എന്നീ ഭാവങ്ങളും ഉജ്ജ്വല ദർശനം, ഭക്തി, പാപ - പുണ്യം, കർമഫലം, ധർമശാസ്ത്രം എന്നീ അഞ്ച് കാര്യങ്ങൾ ഇവിടെ സംഗമിക്കുന്നു.

### 4. നാലാം സ്കന്ദം ( 31 അധ്യായങ്ങൾ )

ദക്ഷപ്രജാപതിയുടെ ജനനം, ദക്ഷയാഗം, അപമാനിക്കപ്പെട്ടതിനാൽ പുത്രിയായ സതിയുടെ ദേഹത്യാഗം, ദക്ഷവധം, പുനർജനിച്ച ദക്ഷൻ യാഗം പൂർണമാക്കുന്നു.

ധ്രുവ ചരിതം ധ്രുവപുത്രനായ പൃഥുവിന്റെ ധർമിഷ്ഠമായ രാജ്യ ഭരണം, ജ്ഞാനിയായിത്തീർന്ന പൃഥു വനത്തിൽ തപസ്സ് ചെയ്ത് യോഗവിദ്യയിലുടെ ജീവൻമുക്തനാകുന്നു.

യാഗത്തിന് മൃഗബലി പാടില്ല എന്ന സന്ദേശം നൽകുന്ന ബർഹിസ്സിന്റെ കഥ " "പുരഞ്ജനോപാഖ്യാനം" എന്ന പേരിൽ വിവരിക്കുന്നു.

### 5. അഞ്ചാം സ്കന്ദം (26 അധ്യായങ്ങൾ)

അസ്തമിക്കാത്ത സൂര്യനെ ദർശിച്ച പ്രിയവ്രതചരിതം (ഭൂമിയുടെ ഭ്രമണ വേഗതയിൽ ഒരാൾ സഞ്ചരിച്ചാൽ സൂര്യൻ ഒരിടത്ത് തന്നെ സ്ഥിതി ചെയ്യുന്നു എന്ന് തോന്നുന്നതായ ശാസ്ത്രസത്യം ) ഏഷ്യ ഭൂഖണ്ഡം ( ജംബുദ്വീപ്) മുഴുവൻ ഭരിച്ച മഹാതപസ്വിയും ധർമിഷ്ഠനുമായിരുന്ന അഗ്നീധ്രന്റെയും പുത്രന്മാരായ നാഭീദേവൻ ദത്തവരൻ , ഋഷഭദേവൻ എന്നിവരുടേയും ചരിതം. ഋഷഭദേവപുത്രനായ ഭരതൻ മരണശേഷം ഉത്തമകുലത്തിൽ പുനർജ നിച്ച ശേഷം സാഹചര്യങ്ങളാൽ ജഡ ഭരതൻ എന്ന പേരിൽ ഉജ്ജ്വല ജ്ഞാനി യായ കഥ. ഭൗതിക ജീവിതത്തിലെ ദുഃഖം, വേദന, ആത്മീയതയുടെ മഹത്വം, സത്സംഗം, ജന്മജന്മാന്തര കർമ്മം എന്നിവ ജഡഭരതൻ വിവരിക്കുന്നു. അഞ്ചാം വേദാംഗമായ ജ്യോതിഷമെന്ന വിഷയം ഭൂമിശാസ്ത്ര വിവരണം, സപ്ത ദ്വീപുകൾ ഭാരതദേശ മഹത്വം എന്നിവയുടെ വിവരണം.

ജാംബയ്ക്കയുടെ ആകൃതിയിലുള്ള (ജംബുദ്വീപ്) ഏഷ്യാ ഭൂഖണ്ഡ വിവരണം .ശാക - ശാല്മലി - പ്ലക്ഷ - കുശ - ക്രൗഞ്ച (ആഫ്രിക - വടക്കേ അമേരിക്ക - തെക്കേ അമേരിക്ക - എഷ്യ - ആസ്ട്രേലിയ) തുടങ്ങിയ സപ്ത ദ്വീപുകളുടെ വിവരണം.

ഭുമിയുടെ ഗോളാകൃതിയെക്കുറിച്ചും ഭ്രമണത്തെക്കുറിച്ചും ഘടനയെക്കുറിച്ചും 3000 വർഷങ്ങൾക്ക് മുമ്പ് എഴുതിയ ഭാഗവതത്തിൽ സവിസ്തരം പ്രതിപാദി ച്ചിരിക്കുന്നു. ഉദയാസ്തമനം ,രാത്രി - പകൽ ഉത്തര - ദക്ഷിണായനം, ചന്ദ്രന്റെക്ഷയം - വൃദ്ധി. ജ്യോതിശാസ്ത്ര പ്രതിഭാസങ്ങളുടെ വിവരണം ഗ്രഹങ്ങളുടെ സ്ഥാനവും ഭ്രമണവും ചലനവും വിവരിക്കുന്നു. സൂര്യനെ മറയ്ക്കുന്ന ചന്ദ്രനെ, രാഹുവായി ചിത്രീകരിച്ച് അതിന്റെ വ്യാസം ചലന വേഗത തുടങ്ങിയ ശാസ്ത്രീയവും പുരാണപരവുമായ ഗ്രഹണ വിവരണം.

തുടരും

## എറണാകുളം കരയോഗം എൽഡർ സിറ്റിസൺസ് ഫോറം

### ഒക്ടോബർ / നവംബർ മാസത്തെ പരിപാടികൾ

| തീയതി | ഇന്നത്തെ ചിന്താവിഷയം അവതാരകൻ | മുഖ്യപ്രഭാഷകൻ | വിഷയം | ഹോസ്റ്റ് | നമ്പർ |
|---|---|---|---|---|---|
| 15.10.15 | ശ്രീമതി സുമതി ശ്രീകുമാർ | ശ്രീ. ജി. ആർ. സി. നായർ | കുരിശിലേറിയ യേശുക്രിസ്തുവിന് പിന്നെയെന്തുപറ്റി? | ശ്രീ. ടി. എസ്. പിള്ള | 845 |
| 22.10.15 | ശ്രീ. പി. ജയകുമാർ | അഡ്വ. ശ്രീ. എസ്. മാധവൻ നായർ | വിധിപത്രം | ശ്രീ. പി. ജയകുമാർ | 846 |
| 29.10.15 | പ്രൊഫ. സുമംഗലാദേവി | അഡ്വ. ശ്രീ. എം. ആർ. രാജേന്ദ്രൻ നായർ | വധശിക്ഷ അനിവാര്യമോ? | ശ്രീ. എം. ആർ. രാജേന്ദ്രൻ നായർ | 847 |
| 05.11.15 | ശ്രീ. ടി.കെ. ശ്രീകുമാർ നായർ | ശ്രീ. എ. ആർ. പണിക്കർ | സ്ത്രീ ശാസ്തീകരണവും കുടുംബ ഭദ്രതയും | ശ്രീ. ടി.കെ.ശ്രീകുമാരൻ നായർ | 848 |
| 12.11.15 | ശ്രീമതി കല്പക വല്ലി അമ്മ | ശ്രീ. പി.വി. മാധവൻ പിള്ള | സുഖവും സമാധാനവും | ശ്രീമതി കല്പകവല്ലി അമ്മ | 849 |

# വ്യക്തി വിശേഷം

**എം.എൻ.നായർ :** സമുദായാചാര്യൻ മന്നത്തു പത്മനാഭന്റെ പ്രവർത്തനങ്ങൾക്ക് ശക്തിയും ചൈതന്യവും പ്രദാനംചെയ്ത കർമ്മധീരനാണ് എം.എൻ.നായർ. അഭിവന്ദ്യനായ അദ്ധ്യാപകൻ, ഉജ്ജ്വലവാഗ്മി, മികച്ച സംഘാടകൻ എന്നീ നിലകളിലെല്ലാം ഒരു കാലഘട്ടത്തിന്റെ പ്രതീകമായി ജ്വലിച്ചുയർന്നുനിന്ന നക്ഷത്രമായിരുന്നു അദ്ദേഹം. എം.എൻ.നായരുടെ ശിഷ്യനായിരുന്ന ജി.ശങ്കരക്കുറുപ്പ് ആ അഭിവന്ദ്യാചാര്യനെ അദ്ധ്യാപകരുടെ ഇടയിലെ ഒരു അപൂർവ്വ രത്നം എന്നു വിശേഷിപ്പിച്ചിരുന്നു. കൊല്ലവർഷം 1060 മകരം 11ന് പുളിന്താനത്ത് കൊച്ചനിയന്റെയും കുമരകത്തു ശാന്തിയമ്മയുടേയും മകനായി ജനിച്ചു. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയായപ്പോൾ സ്വപരിശ്രമം കൊണ്ട് "ഹിന്ദുവർദ്ധിനി" എന്ന പേരിൽ ഒരു സമാജം രൂപീകരിച്ച് അതിന്റെ സെക്രട്ടറിയുടെ സ്ഥാനം ഏറ്റെടുത്തു. തൃശ്ശിനാപ്പിള്ളിയിലും മംഗലാപുരത്തുമായി കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കിയ അദ്ദേഹം മൂവാറ്റുപുഴ മലയാളം സ്കൂളിലെ പ്രധാനാദ്ധ്യാപകനായി. മികച്ച വാഗ്മിയായിരുന്ന അദ്ദേഹത്തിന് നിരവധി അവാർഡുകൾ ലഭിച്ചിരുന്നു. പിന്നീട് ജോലി രാജിവെച്ച് ലോ കോളേജിൽ ചേർന്നു. ആളോഹരിഭാഗം, മരുമക്കത്തായം എന്നീ അനാചാരങ്ങൾക്കെതിരെ പ്രക്ഷോഭം ശക്തിയാർജ്ജിച്ചപ്പോൾ എം.എൻ.നായർ അതിന്റെ മുൻനിരയിലുണ്ടായിരുന്നു. നിയമ പഠനത്തോടൊപ്പം സമുദായ പുരോഗതിക്കുവേണ്ടിയും അനാചാരങ്ങൾക്കെതിരെയും പ്രവർത്തകരെ കർമ്മോന്മുഖരാക്കി. ഒരു വലിയ ജനസമൂഹത്തെ തന്റെ പ്രഭാഷണ ചാതുരിയിലൂടെ പ്രകമ്പനം കൊള്ളിക്കുവാൻ പര്യാപ്തമായ ആ പ്രസംഗധോരണി മൈക്കിനെ ആശ്രയിക്കാതെ അനായാസമായി ഒഴുകുമ്പോൾ ലക്ഷക്കണക്കിന് ജനവിഭാഗം ആ സിംഹഗർജ്ജനം കേട്ട് പകച്ചുനിന്നു പോയിട്ടുണ്ട്. മരുമക്കത്തായം, നായർ സമുദായത്തിന്റെ ശവക്കുഴി തോണ്ടും, അക്കാരണംകൊണ്ട് മക്കത്തായവും ആളോഹരിയുമാണ് സമുദായത്തിന് കരണീയമായിട്ടുള്ളത് എന്ന എം.എൻ.നായരുടെ ആഹ്വാനം ശ്രോതാക്കളുടെ ശ്രദ്ധയെ പിടിച്ചുലയ്ക്കുകയും, നായരുടെ വാദഗതി അംഗീകരിക്കുകയും ചെയ്തു. നിയമസഭാംഗമായിരിക്കവേ കൊല്ലവർഷം 1110 കർക്കടകം 7ന് അൻപതാം വയസ്സിൽ ഉദിച്ചുനിൽക്കുന്ന സൂര്യനെപ്പോലെ ജ്വലിച്ചുനിൽക്കുമ്പോൾ കാലയവനിക ആ സിംഹഗർജ്ജനത്തിന് തിരശ്ശീല വീഴ്ത്തി.

## അനുമോദനങ്ങളും പാരിതോഷികവും

കരയോഗ അംഗങ്ങളുടെ കുടുംബത്തിൽ നിന്നും വിദ്യാഭ്യാസ രംഗത്തും കർമ്മരംഗത്തും ഉന്നത വിജയങ്ങളും, സ്ഥാനമാനങ്ങളും കരസ്ഥമാക്കിയവരെ നവരാത്രി മത്സരങ്ങളുടെ സമ്മാനദാനദിവസമായ ഒക്കോബർ 23-ാം തീയതി വൈകുന്നേരം 5 മണിക്ക് നടക്കുന്ന യോഗത്തിൽ വച്ച് മെമന്റോകളും പാരിതോഷികവും നൽകി അനുമോദിക്കുന്നതാണ്. അർഹരായ അപേക്ഷകൾ ഒക്ടോബർ 13 നകം കരയോഗം ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.

ജനറൽ സെക്രട്ടറി
എറണാകുളം കരയോഗം

## അറിയിപ്പ്

*വേറിട്ടൊരാത്മനാദം എന്ന കഥയിലെ തുടർഭാഗം ചില സാങ്കേതിക കാരണങ്ങളാൽ ഈ മാസം പ്രസിദ്ധീകരിക്കുന്നതല്ല. അടുത്ത ലക്കത്തിൽ ബാക്കി ഭാഗം പ്രതീക്ഷിക്കുക.*



# ചർച്ചിലിന്റെ അറിയാത്ത മുഖം .....

പി. ജയരാമൻ
മാനേജ്മെന്റ്, കൺസൾട്ടന്റ്, കൊച്ചി

ജർമ്മനിയിലെ ഫ്രാങ്ക്ഫർട്ടിനടുത്ത് നിവസിക്കുന്ന പ്രവാസി ഇൻഡ്യൻ പത്രപ്രവർത്തകയായ മധുശ്രീമുഖർജിയാണ് ചർച്ചിലിന്റെ രഹസ്യയുദ്ധം: രണ്ടാം ലോക മഹായുദ്ധകാലത്തെ ബ്രിട്ടീഷ് സാമ്രാജ്യവും ഇൻഡ്യയുടെ തകർച്ചയും "Churchills Secret war The British Empire and the ravaging of India during world war II, by Madhu sree Mukerjee, Basic Books, New york, 2010" എന്ന വളരെയധികം ഗവേഷണം നടത്തിയതും രസകരമായി വായിക്കാ വുന്നതുമായ പുസ്തകത്തിന്റെ രചയിതാവ്. അവരുടെ നേരത്തെ എഴുതിയ നഗ്നരായ ജനതയുടെ നാട് (The land of Naked people) എന്ന പുസ്തകത്തിന് ഗുഗൻഹൈമ് ഫെല്ലോഷിപ്പ് ലഭിച്ചിരുന്നു. അവർ മുൻപ് സൈന്റിഫിക് അമേരിക്കന്റെ പത്രാധിപർ മാരുടെ ഭരണസമിതിയിൽ പ്രവർത്തിച്ചിട്ടുണ്ട്.

ഈ പുസ്തകത്തിന് മാധ്യമങ്ങളിൽ നിന്ന് ലഭിച്ച അനുകൂലമായ ചില പ്രതികരണങ്ങളിൽ നിന്ന് തുടങ്ങാം ചുറ്റുമുള്ള ഗ്രാമപ്രദേശങ്ങളിൽ നിന്ന് എല്ലും തോലുമായ ഗ്രാമവാസികളെക്കൊണ്ട് കൊൽക്കത്തയിലെ തെരുവുകൾ നിറഞ്ഞ പ്പോൾ അടിയന്തിരമായ ഭക്ഷ്യാവശ്യങ്ങൾ കടത്തിക്കൊണ്ടു വരുന്നതിന് വേണ്ട കപ്പലുകൾ നൽകാൻ കഴിയില്ലെന്ന് പറഞ്ഞ് ചർച്ചിൽ ഒഴിഞ്ഞു മാറി. ചർച്ചിലിന്റെ ഈ വ്യക്തിപരമായ ലിഖിതങ്ങളും ഉദ്ധരിച്ച് ഭക്ഷ്യധാന്യങ്ങൾ ആസ്ട്രേലി യയിൽ നിന്ന് ഇൻഡ്യൻ ഭൂഖണ്ഡത്തെ ഒഴിച്ചുമാറ്റി, ധാരാളം ഭക്ഷ്യധാന്യം മുൻപേസ്റ്റോക്കു ണ്ടായിരുന്ന മെഡിറ്ററേനിയൻ ഭാഗത്തേക്ക് ധാന്യക്കപ്പലുകൾ കൊണ്ടു പോയതിന് തെളിവുകൾ നിരത്തി. ഡെയ്‌ലി ടെലഗ്രാഫ് (ലണ്ടൻ) "വിൻസൺ ചർച്ചിലിന്റെ ഇൻഡ്യയോടും ഇൻഡ്യക്കാരോടുമുള്ള വിരോധം പണ്ഡിതർക്കെല്ലാം അറിവുള്ള താണ്...... എന്നാൽ ഇപ്പോൾ ആദ്യമായി ആധുനിക ചരിത്രത്തിലെ ഏറ്റവും മാരകമായ 1943 ലെ ബംഗാൾ ക്ഷാമത്തിന് ഒരു വലിയ മനുഷ്യന്റെ മുൻവിധികൾ എങ്ങിനെ സഹായകമായി എന്നുള്ളതിന് കൃത്യമായ തെളിവുകൾ നമ്മുടെ മുമ്പിൽ നിരത്തിയിട്ടുണ്ട്. ഗ്രാമീണ ബംഗാളിലെ വിശപ്പും എതിർപ്പും എങ്ങനെ ഇൻഡ്യാ സാമ്രാജ്യത്തിൽ വിദ്വേഷത്തിന്റേയും ഹൃദയ ശൂന്യതയുടേയും ഒരു ഉൽപ്പന്നമായി എന്ന വസ്തുത മധു ശ്രീമുഖർജി തന്റെ പുസ്തകത്തിൽ സ്മരണ ഉയർത്തുന്ന രീതി യിൽ പ്രതിപാദിക്കുന്നുണ്ട്. രാമചന്ദ്രഗുഹ (ഇൻഡ്യ ആഫ്ടർ ഗാന്ധി എന്ന പുസ്തക ത്തിന്റെ രചയിതാവ്. ചർച്ചിലിന്റെ രഹസ്യ യുദ്ധം ബ്രിട്ടന്റെ ആരാധകരെ ലജ്ജിപ്പി ക്കുകയും മറ്റുള്ളവരെയെല്ലാം ഞെട്ടിപ്പി ക്കുകയും ചെയ്യും. Independent (London)

## ഒരു വിഹഗ വീക്ഷണം

ബ്രിട്ടണിലെ യുദ്ധകാല പ്രധാന മന്ത്രിയായിരുന്ന വിൻസ്റ്റന്റ് ചർച്ചിൽ ഇൻഡ്യയുടെ വടക്കുകിഴക്കുഭാഗത്തുള്ള ബംഗാൾ പ്രവിശ്യയിലെ 1943ലെ രൂക്ഷമായ ക്ഷാമത്തെപ്പറ്റി തന്റെ ആറ് ഖണ്ഡങ്ങളുള്ള, രണ്ടാം ലോകമഹായുദ്ധത്തെക്കുറിച്ചുള്ള ഓർമ്മക്കുറിപ്പുകളിൽ പ്രതിപാദിച്ചിട്ടേയില്ലെന്നുള്ളത് തികച്ചും വിചിത്രവും, അവിശ്വസനീയവുമാണ്. ബംഗാൾ ക്ഷാമം ഔദ്യോഗിക കണക്കുകളനുസരിച്ച് 15 ലക്ഷം പേരെ കൊന്നൊടുക്കി. മറ്റു പല കണക്കുകളും കാണിക്കുന്നത് 30 ലക്ഷം പേർ കൊല്ലപ്പെട്ടെന്നാണ്. ബ്രിട്ടീഷ് ഭരണം അവസാനിപ്പിച്ചത് ബംഗാളിലെ ഒരു ക്ഷാമത്തോടെയാണെങ്കിൽ അത് തുടങ്ങിയത് 1770 ലെ മറ്റൊരു ക്ഷാമത്തോട് കൂടിയാണ്. അതിനിടയ്ക്ക് ബ്രിട്ടീഷ് ഭരണകാലത്ത് ഇൻഡ്യയിൽ വേറെയും നിരവധി ക്ഷാമങ്ങൾ ഉണ്ടായിട്ടുണ്ട്.

ഭിന്നിപ്പിച്ച് ഭരിക്കുക എന്ന തത്വം അടിസ്ഥാനമാക്കി കോളനിയെ നിലനിർത്താൻ ചർച്ചിൽ നടത്തിയ പൈശാചികമായ ഉദ്യമങ്ങൾ ഇന്ത്യയുടെ വിഭജനത്തിനും ഒടുവിൽ തമ്മിലടിക്കുന്ന ഇന്ത്യാ, പാക്കിസ്ഥാൻ, ബംഗ്ലാദേശ് എന്ന മൂന്ന് രാഷ്ട്രങ്ങളെ സ്ഥാപിക്കുവാനും സഹായകമായിട്ടുണ്ട്.1885 ൽ അഭിഭാഷകരും, ഉദ്യോഗസ്ഥരും, അടങ്ങുന്ന ഒരു സംഘം ഇൻഡ്യക്കാർ ബോംബെയിൽ ഇൻഡ്യൻ നാഷ്ണൽ കോൺഗ്രസ്സ് എന്ന സംഘടനയ്ക്ക് രൂപം നൽകി. 1905 ൽ ലോർഡ് കർസൻ എന്ന വൈസ്റോയ് ഒതുക്കമില്ലാത്ത ബംഗാൾ പ്രവിശ്യയെ ഹിന്ദുക്കൾ കൂടുതൽ നിവസിക്കുന്ന പടിഞ്ഞാറൻ തുണ്ടും മുസ്ലീമുകൾ കൂടുതലുള്ള കിഴക്കൻ ഭാഗവുമായി രണ്ടായി വിഭജിക്കാൻ പദ്ധതി പ്രഖ്യാപിച്ചു. കോൺഗ്രസ്സ് ഇതിനെതിരായി വലിയ പ്രക്ഷോഭം തുടങ്ങി. 1911 ൽ കർസനുശേഷം വന്ന വൈസ്റോയ് സമ്മർദ്ദത്തിന് വഴങ്ങി പദ്ധതിയിൽ മാറ്റം വരുത്തി. ഒറീസ്സയും, ബീഹാറും, ബംഗാളിൽ നിന്ന് വേർപെടുത്തി പ്രത്യേക സംസ്ഥാനങ്ങളാക്കി. വിഭജനം ഭാഷയുടെ അടിസ്ഥാനത്തിൽ നടത്തി. ബ്രിട്ടീഷുകാർ തങ്ങളുടെ ഇൻഡ്യയിലെ തലസ്ഥാനം കൽക്കട്ടയിൽ നിന്ന് ഡൽഹിയിലേക്ക് മാറ്റി.

1914 ആഗസ്റ്റ് 14ന് ബ്രിട്ടൻ ജർമ്മനിക്കെതിരായി യുദ്ധം വ്യാപിക്കുകയും ഒന്നാം ലോകമഹായുദ്ധത്തിന് തുടക്കം കുറിക്കുകയും ചെയ്തു. ഇൻഡ്യ യുദ്ധത്തിന്റെ ചിലവിലേക്കായി ബ്രിട്ടന് 100 ദശലക്ഷം പൗണ്ട് സംഭാവന നൽകുകയും തങ്ങളുടെ സൈന്യത്തെ യുദ്ധം ചെയ്യാൻ യൂറോപ്പിലേക്കും, ഗൾഫിലേക്കും മറ്റും അയയ്ക്കുകയും ചെയ്തു. ഒന്നാം ലോകമഹായുദ്ധത്തിൽ 60,000 ലധികം ഇൻഡ്യൻ പട്ടാളക്കാർ ബ്രിട്ടനുവേണ്ടി യുദ്ധം ചെയ്തു കൊല്ലപ്പെട്ടു. ഒരു വിധത്തിൽ പറഞ്ഞാൽ പകർച്ചവ്യാധി ക്ഷാമത്തെ തടഞ്ഞുനിർത്തി. യൂറോപ്പിൽ നിന്ന് പട്ടാളക്കാർ കൊണ്ടുവന്ന സ്പാനിഷ് ഫ്ളൂ എന്ന മാരകരോഗം ഏതാണ്ട് 12 ദശലക്ഷം ഇൻഡ്യക്കാരെ തുടച്ചു നീക്കി. മിക്കവാറും എല്ലാ ഇൻഡ്യക്കാരും ബ്രിട്ടന്റെ യുദ്ധ സംരംഭത്തോട് പൂർണ്ണമായി സഹകരിക്കുകയും അതിന് പ്രതിഫലമായി ചില രാഷ്ട്രീയ ആനുകൂല്യങ്ങൾ പ്രതീക്ഷിക്കുകയും ചെയ്തിരുന്നു. എന്നാൽ 1919 ൽ നടപ്പിൽ വരുത്തിയ റൌളണ്ട് നിയമപ്രകാരം ജനങ്ങളെ നീണ്ടകാലത്തേക്ക് തടങ്കലിൽ വെയ്ക്കാനും രാജ്യദ്രോഹക്കുറ്റത്തിന് വിചാരണ കൂടാതെ വിധി പ്രഖ്യാപിക്കുവാനും ഗവൺമെന്റിന് അധികാരം നൽകി. ജനങ്ങളുടെ കോപം നിയന്ത്രണാതീതമായിത്തീർന്നു.

1939 സെപ്റ്റംബറിൽ രണ്ടാം ലോകമഹായുദ്ധം പൊട്ടിപുറപ്പെട്ടപ്പോൾ ഇംഗ്ലണ്ടിലെ ജനങ്ങൾ നേതൃത്വത്തിനായി വിൻസ്റ്റൻ ചർച്ചിലിലേയ്ക്ക് തിരിഞ്ഞു. പല ഇംഗ്ലീഷ്കാരുടെ ഇടയിൽ കൂടിയും ഗാന്ധിജിക്കുണ്ടായിരുന്ന ബഹുജനസമ്മതിയും, അദ്ദേഹത്തെ ബ്രിട്ടീഷുകാർ അതുവരേയ്ക്കും ഏറ്റു മുട്ടിയ സദാചാരത്തിലൂന്നിയ ഔന്നിത്യ

വും അമ്പരപ്പിക്കുന്ന എതിരാളിയാക്കി മാറ്റിയി രുന്നു. ചർച്ചിലിനെ സംബന്ധിച്ചിടത്തോളം ഗാന്ധിജിയെ ഹിന്ദുകാപട്യത്തിന്റേയും ദുഷിച്ചതും അട്ടിമറിക്കാൻ ശ്രമിക്കുന്നതും, മതഭ്രാന്തുപിടിച്ചതും, തികഞ്ഞ തിന്മയു ടേയും പ്രതീകവുമായാണ് കണ്ടിരുന്നത്.

അമേരിക്കയിലെ പേൾ ഹാർബറിൽ ബോംബുകൾ വർഷിച്ചതിനുശേഷം മൂന്ന് മാസത്തിനകം, 1942 മാർച്ചിൽ ജപ്പാൻ സൈന്യം ബ്രിട്ടന്റെ പ്രതിരോധത്തെ തകർക്കുകയും, ബർമ്മ കൈവശപ്പെടു ത്തുകയും ചെയ്തു. ഇൻഡ്യയുടെ അരി ഇറക്കുമതി ചെയ്യുന്നതിനുള്ള പ്രധാന ഉറവിടം ഇതുമൂലം നഷ്ടപ്പെട്ടു. ബ്രിട്ടീഷ് അധികാരികൾ ഇൻഡ്യയുടെ മേൽ ജപ്പാന്റെ ആക്രമണം ഭയന്ന് എല്ലാ പ്രധാന തീരുമാനങ്ങളും എടുത്തിരുന്ന യുദ്ധകാല മന്ത്രിസഭ (പ്രധാനമന്ത്രിയുടെ നേതൃത്വ ത്തിൽ മന്ത്രിമാരും, ഉദ്യോഗസ്ഥൻമ്മാരും, ലണ്ടനിൽ ചേരുന്ന ഒരുകൂട്ടം) യുടെ ഒരു കൽപനയനുസരിച്ച് പ്രവർത്തിച്ചു. കടൽ വഴി ശത്രു വരുമെന്ന് പ്രതീക്ഷിച്ചിരുന്നതിനാൽ അധികാരികൾ അരി മുതലായ സാമഗ്രികളും പത്തേമാരികൾ തുടങ്ങിയ ഗതാഗത സൗകര്യങ്ങളും ബംഗാളിലെ തീരദേശങ്ങ ളിൽ നിന്നും നീക്കി. ഇത് ക്ഷാമത്തിൽ അവസാനിക്കാനുള്ള മറ്റൊരു കാരണമായി രൂപാന്തരപ്പെട്ടു.

സ്വാതന്ത്രത്തിനെക്കുറിച്ച് യാതൊരു വാഗ്ദാനവും ലഭിക്കാത്തതിനാൽ ഇൻഡ്യ ക്കാർ മറ്റൊരു യുദ്ധത്തിൽ പങ്കെടുക്കാൻ തികച്ചും വിമുഖരായിരുന്നു. 1942 ആഗസ്റ്റ് മാസത്തിൽ ഇൻഡ്യയെ നിർബന്ധിച്ച് യുദ്ധത്തിൽ പങ്കെടുപ്പിച്ചതിൽ പ്രതിഷേധിച്ച് ഇൻഡ്യൻ നാഷ്ണൽ കോൺഗ്രസ്സ് ഒരു കൂട്ട പ്രതിഷേധം സംഘടിപ്പിച്ചു. ഇൻഡ്യ വിടുക എന്ന ബ്രിട്ടീഷുകാർക്കുള്ള സന്ദേശ മായിരുന്നു അത്. ഗാന്ധിജിയും മറ്റ് ദേശീയ വാദികളും ഉടനെ തടവിലാക്കപ്പെട്ടു. 1857 നുശേഷമുള്ള ഏറ്റവും ആപൽക്കരമായ ലഹള എന്നാണ് വൈസ്റോയ് ഈ കൂട്ടപ്രതിഷേധത്തെ വിവിരിച്ചത്. അധികാരി കൾ 90,000 ലധികം പേരെ തടവിലാക്കി. 10,000 ത്തോളം രാഷ്ട്രീയ പ്രതിഷേധക്കാർ കൊല്ലപ്പെട്ടു.

അതേസമയം ഇൻഡ്യൻ സൈന്യം മെഡിറ്ററേനിയൻ തീരങ്ങളിലും യൂറോപ്പിലും മറ്റും യുദ്ധം ചെയ്തു. ഇൻഡ്യയിലെ എല്ലാ തൊഴിൽ ശാലകളും, സൈന്യത്തിന് വേണ്ട ഭക്ഷ്യധാന്യങ്ങൾ, സൂട്ടുകൾ, പാരച്യൂട്ടുകൾ, ടെന്റുകൾ, പടക്കോപ്പുകൾ, മറ്റ് നിരവധി അവശ്യസാധനങ്ങൾ എന്നിവ വിതരണം ചെയ്തു. ഫലത്തിൽ ഇൻഡ്യയിലെ എല്ലാ വ്യവസായങ്ങളും യുദ്ധ സംരംഭങ്ങൾക്കായി തങ്ങളുടെ പ്രവർത്തനങ്ങൾ തിരിച്ചുവിട്ടു. ഗവൺമെന്റ് ഇവക്ക് വേണ്ട പണം സ്വരൂപിക്കാൻ പേപ്പർ നോട്ടുകൾ അച്ചടി ക്കാൻ തുടങ്ങി. ബ്രിട്ടൻ കഴിഞ്ഞാൽ, .യുദ്ധത്തിന് 200 കോടിയിലധികം പൗണ്ടിനുള്ള സാമഗ്രികളും, സേവനങ്ങളും സംഭരിച്ച് കൊടുത്ത് ഏറ്റവുമധികം സംഭാവന നൽകിയത് ഇൻഡ്യയായിരുന്നു.

ധാന്യങ്ങളുടെ വില കുതിച്ച് കയറുകയും, ചുഴലിക്കാറ്റ് ബംഗാളിലെ നെൽവിളയെ നശിപ്പിക്കുകയും, തദ്ദേശ ഭരണകൂടം പട്ടാളക്കാരേയും, മറ്റ് യുദ്ധസംബ ന്ധിയായ തൊഴിലാളികളേയും ഊട്ടാൻ വേണ്ടി അരി സംഭരിക്കുകയും ചെയ്തപ്പോൾ 1943 ആദ്യം ബംഗാളിൽ ക്ഷാമം പൊട്ടി പ്പുറപ്പെട്ടു.

തുടരും


## ദൈനംദിനയോഗാ ക്ലാസ്സുകൾ

**എറണാകുളം കരയോഗത്തിൽ രണ്ടു മാസത്തെ തീവ്രപരിശീലനയോഗാ ക്ലാസ്സുകളുടെ പുതിയ ബാച്ച് 2015 നവംബർ ഒന്നിന് ആരംഭിക്കുന്നു. സമയം രാവിലെ 6.30 മുതൽ 7.30 വരെ. കൂടാതെ 27.10.2015 മുതൽ പത്തു ദിവസം വൈകുന്നേരം 5 മുതൽ 7 വരെ പ്രമേഹ നിയന്ത്രണത്തിന് തീവ്രയോഗാ പരിശീലനവും ഉണ്ടായിരിക്കുന്നതാണ്. താല്പര്യമുള്ളവർ കരയോഗം ഓഫീസുമായി ബന്ധപ്പെടുക.**

**ഫോൺ : 0484 2361160 ext. 56**



സി. പത്മാദേവി

# റോൾ മോഡൽ

കുട്ടികളില്ല കുടുംബമില്ല, പക്ഷെ
കുട്ടിയായ്, കുട്ടിക്കളിയുമായി
കുട്ടികളുമായി സംവദിച്ചെത്രയോ
ശാസ്ത്ര കുതുകികളെ വളർത്തി
അഗ്നിയും 'പൃഥ്വിയും' സൃഷ്ടിച്ചിടംവലം
കൂട്ടുകാരാക്കി നിരത്തി നിർത്തി
ഭാരതത്തിൻ മിസൈൽമാനായി രത്നയും
പത്മയും പേരിന്നകമ്പടിയായ്
നാടിൻ പ്രഥമ പൗരത്വവും നേടി നീ
ഏവർക്കുമെന്നെന്നും ആരാധ്യനായ്
നിൻ വിയോഗത്തിലീ നാട്ടുകാരേവരും
ഒന്നായ് ഉരുകിക്കരഞ്ഞുപോയി
മതമേതായാലെന്ത് മനുഷ്യൻ നന്നാകുമ്പോൾ
സകലർക്കും ആദരണീയനാകും
മേഘാലയവും അലയാഴിതീരവും
ഏകമനസ്സാൽ നീ ആരാധിച്ചു
സാത്വിക ചിന്തയും അർപ്പണബോധവും
സൂക്ഷ്മദൃക്കാകും നിന്നിൽ ചേരവേ
നീ ഭാരതത്തിന്റെ ഉത്തമ പുത്രനായ്
എന്നെന്നും ഞങ്ങൾക്ക് റോൾമോഡലായ്
കന്യാകുമാരിയിലെ ദേവിയെപ്പോലെ
കാലപ്രവാഹത്തിൽ മങ്ങിടാതെ
ഭാരതരത്നം കലാമെ, നിൻ സ്മാരകം
രാമേശ്വരത്തു ശോഭിച്ചിടട്ടെ
രാമേശ്വരത്തു ശോഭിച്ചിടട്ടെ

## അംഗങ്ങളുടെ ശ്രദ്ധയ്ക്ക്

**എറണാകുളം കരയോഗത്തിന്റെ വിവിധ വികസന പദ്ധതികൾക്കായി ധനസമാഹരണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. പത്തരശതമാനം പലിശ അംഗങ്ങൾക്ക് പ്രത്യേകമായി നൽകികൊണ്ടാണ് ധനസമാഹരണം നടത്തുന്നത്. അംഗങ്ങളുടെ സഹകരണം പ്രതീക്ഷിച്ചുകൊള്ളുന്നു.**

**ജനറൽ സെക്രട്ടറി**

## കരയോഗത്തിൽ എൻഡോവ്മെന്റ് നൽകിയവരുടെ ശ്രദ്ധയ്ക്ക്

എറണാകുളം കരയോഗത്തെ ഏലിപിച്ചിട്ടുള്ള വിവിധ എൻഡോവ്മെന്റുകളുടെ തുക കാലാനുസൃതമായി വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമായി വന്നിരിക്കുകയാണ്. ആയിരം രൂപയുടെയോ രണ്ടായിരം രൂപയുടെയോ വാർഷിക പലിശ ഒരു കുട്ടിയുടെ വിദ്യാഭ്യാസത്തിനോ മറ്റു സഹായങ്ങൾക്കോ പര്യാപ്തമാകുകയില്ല. ആയതുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങളോ എൻഡോവ്മെന്റ് നൽകിയവരുടെ കുടുംബാംഗങ്ങളോ നിർദ്ദിഷ്ട തുക വർദ്ധിപ്പിച്ച് നൽകി ഇതിന്റെ ഉദ്ദേശ്യം പ്രാവർത്തികമാക്കാൻ ശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## വിദ്യാരംഭ ദിവസം എറണാകുളം കരയോഗത്തിൽ ആരംഭിക്കുന്ന കലാസാഹിത്യ വിഭാഗം



### ശാസ്ത്രീയസംഗീതം

പുതിയ ബാച്ചിലേയ്ക്ക് അഡ്മിഷൻ ആരംഭിക്കുന്നു. വിജയദശമി ദിവസം ഒക്ടോബർ 23 ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മണിക്ക് ആരംഭിക്കുന്ന ക്ലാസ്സിൽ ചേരുവാൻ താല്പര്യമുള്ളവർ കരയോഗം ഓഫീസുമായി ബന്ധപ്പെടുക.

**ഫോൺ : 0484 2361160**

ശ്രീമതി. രേണുക ഗിരിജൻ ആണ് ശാസ്ത്രീയ സംഗീതം പഠിപ്പിക്കുന്നത്.



### വയലിൻ

ശ്രീ. സദാനന്ദന്റെ ശിക്ഷണത്തിൽ നടന്നു പോരുന്ന വയലിൻ ക്ലാസ്സിലേയ്ക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ഒക്ടോബർ 23 -ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മണിക്ക് തുടങ്ങുന്ന പുതിയ ബാച്ചിൽ ചേരുവാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**ഫോൺ 0484 - 2361160**



### ഡാൻസ് ക്ലാസ്സ്

ഭരതനാട്യം, സിനി മാറ്റിക് ഡാൻസ്, നാടോടിനൃത്തം, എന്നീ ഇനങ്ങൾ പഠിപ്പിക്കുന്നതിന് പുതിയ ബാച്ചിലേയ്ക്ക് അഡ്മിഷൻ ആരംഭിക്കുന്നു.

**അദ്ധ്യാപിക** ശ്രീമതി. ഷിൽന ജിപ്സൺ ആണ്. വിദ്യാരംഭദിവസമായ ഒക്ടോബർ 23-ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മണിക്ക് ആരംഭിക്കുന്ന ക്ലാസ്സിലേയ്ക്ക് മൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**ഫോൺ : 0484 2361160**



### കരാട്ടെക്ലാസ്സ്

ശ്രീ. സുനിലിന്റെ ശിക്ഷണത്തിൽ നടന്നു പോരുന്ന കരാട്ടെ ക്ലാസ്സിലേയ്ക്ക് പുതിയ ബാച്ചുകൾ ആരംഭിച്ചിരിക്കുന്നു. ഒക്ടോബർ 23 -ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മണിക്ക് തുടങ്ങുന്ന പുതിയ ബാച്ചിൽ ചേരുവാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**ഫോൺ : 0484 2361160**





സി.രാമചന്ദ്രൻ

# ദയയോടെ ഒരു ഹൃദയം

തിരുവനന്തപുരത്ത് ശ്രീ ചിത്തിര തിരുനാൾ ആശുപത്രിയിൽ നിന്നും മസ്തിഷ്ക മരണം സംഭവിച്ച നീലകണ്ഠശർമ്മയുടെ ഹൃദയം മുറിച്ചു പാത്രത്തിലാക്കി അതുമായി ആംബുലൻസിലും ആകാശവിമാനത്തിലുമായി എറണാകുളത്തേയ്ക്കു നടത്തിയ ഉദ്വേഗജനകമായ യാത്ര, കേരള ജനതയുടെ ശ്രദ്ധ പിടിച്ചുപറ്റിയ ഒരു സംഭവമായി. ലിസി ആശുപത്രിയിൽ ചികിത്സയിലിരിക്കുന്ന മാത്യു അച്ചാടന്റെ കേടുള്ള ഹൃദയത്തിനു പകരം അത് തുന്നിപ്പിടിപ്പിക്കുവാൻ അതിനേക്കാൾ ഉദ്വേഗജനകമായി നടത്തപ്പെട്ട ശസ്ത്രക്രിയയെ സംബന്ധിച്ച വിവരങ്ങളും അത് അർഹിക്കുന്ന പ്രാധാന്യത്തോടെ എല്ലാ പത്രങ്ങളും നൽകുകയുമുണ്ടായി. 2003 മുതൽതന്നെ അപൂർവ്വമായിട്ടാണെങ്കിലും ഹൃദയമാറ്റ ശസ്ത്രക്രിയകൾ വിജയകരമായി നിർവ്വഹിച്ചുവരുന്ന ഡോക്ടർ ജോസ് പെരിയപുരത്തെ സംബന്ധിച്ചിടത്തോളം ഇത് പുതുമയല്ല. ജൂലൈ 25 ശനിയാഴ്ച പുലർച്ചെ 1.45ന് ആരംഭിച്ച ശസ്ത്രക്രിയ ആറു മണിക്കൂർ നീണ്ട പരിശ്രമത്തിലൂടെ വിജയകരമായി പൂർത്തിയാക്കിയശേഷം രോഗിയെ തീവ്രപരിചരണ വിഭാഗത്തിലേക്കു മാറ്റി. പിന്നീട് ശസ്ത്രക്രിയയുടെ രണ്ടാംഘട്ടവും പൂർത്തീകരിച്ചു. രോഗി സുഖംപ്രാപിച്ചു വരുന്നു. 11 ഡോക്ടർമാരാണ് ഈ സംരംഭത്തിൽ പങ്കെടുത്തത്. അവരെല്ലാം അനുമോദനമർഹിക്കുന്നു.

ഒരു ഹിന്ദുബ്രാഹ്മണന്റെ ഹൃദയം ഒരു കത്തോലിക്കാ ക്രിസ്ത്യാനിയുടെ ശരീരത്തിൽ തുടിക്കുന്ന അവസ്ഥ, മതനിരപേക്ഷതയുടെ ഒരു തിളങ്ങുന്ന പ്രതീകമായി, ക്രിസ്ത്യാനിക്കു നൽകുകയില്ല എന്നോ, ഹിന്ദുവിന്റേതു വേണ്ടെന്നോ ഉള്ള വർത്തമാനം ആരും ഉരിയാടിയില്ല. മരണ-മരണാനന്തര സന്ദർഭങ്ങളിൽ മതചടങ്ങുകൾക്കുവേണ്ടി ശബ്ദമുയർത്തി തല പൊക്കാറുള്ള മതപ്രമാണിമാർ മൗനാവലംബികളായതെന്തുകൊണ്ടെന്നത് ആലോചനാമൃതമാണ്.

ഏറ്റവും അഭിനന്ദനമർഹിക്കുന്നത് ഹൃദയദാനം ചെയ്ത വ്യക്തിയുടെ കുടുംബാംഗങ്ങളാണ്. സമൂഹത്തിന്റെ മനസ്സ് ഇന്നും അവയവദാനങ്ങളെ പ്രോത്സാഹിപ്പിക്കുംവണ്ണം ഉയർന്നിട്ടില്ല. ഒരു കുടുംബം അതിനു തയ്യാറായത് നന്മയുടേയും ആർദ്രതയുടേയും ഉറവകൾ ഇനിയും വറ്റിയിട്ടില്ല എന്ന് ആശ്വസിക്കാൻ വക നൽകുന്നു.

അവയവദാന/മാറ്റ ശസ്ത്രക്രിയകളുടെ പ്രാരംഭദശയിലേക്കുള്ള ഒരു എത്തിനോട്ടത്തിന് ഇതൊരവസരമൊരുക്കുന്നു. മറ്റൊരു ശരീരത്തിലെ രക്തംപോലും സ്വീകരിക്കുവാൻ ശരീരം വിസമ്മതിക്കും. അവയവങ്ങളുടെ കാര്യത്തിൽ അത് രക്തത്തേക്കാൾ സങ്കീർണ്ണമാണ്. അനവധി പൊരുത്തങ്ങൾ അതിനാവശ്യമാണ്.

ശരീരത്തിന്റെ രോഗപ്രതിരോധത്തിനുതകുന്ന പ്രതിവസ്തുവിന്റെ സ്വഭാവം ഓരോരുത്തരിലും വ്യത്യസ്ഥമാണ്. മറ്റൊരാളുടെ അവയവം അന്യ വസ്തു എന്ന നിലയിൽ തള്ളിക്കളയുവാനുള്ള പ്രവണതയാണ് ശരീരത്തിനുള്ളത്. 1954ൽ ആദ്യമായി ഒരു വൃക്കമാറ്റ ശസ്ത്രക്രിയ നടത്തിയത് ഇരട്ടയുടേത് ഉപയോഗിച്ചാണ്. ശസ്ത്രക്രിയ വിജയിച്ചെങ്കിലും രോഗപ്രതിരോധശക്തി കുറഞ്ഞതുമൂലം രോഗിയുടെ ആയുസ്സ് കുറഞ്ഞു പോയി. പ്രതിരോധശക്തി നിലനിർത്തുവാനായി അസാത്തിയോ പ്രൈൻ എന്ന മരുന്ന് കണ്ടുപിടിച്ചതോടെ ശസ്ത്രക്രിയകൾ പുരോഗമിച്ചു. ബന്ധുക്കളല്ലാത്തവർക്കും വൃക്കകൾ ദാനം ചെയ്യാമെന്നായി.

എന്നാൽ എന്തുകൊണ്ട് ഹൃദയമാറ്റ ശസ്ത്രക്രിയ ചെയ്തുകൂടാ എന്ന ചിന്ത ഇതോടെ ഡോക്ടർമാർക്കിടയിൽ വ്യാപകമായി. യോജിപ്പുള്ളവരെ കണ്ടെത്തുക എന്ന പ്രശ്നം അപ്പോഴും അവശേഷിക്കുന്നുണ്ടായിരുന്നു. ആയിരത്തിയഞ്ഞൂറോളം വൃക്കമാറ്റ ശസ്ത്രക്രിയകൾ നടന്നുകഴിഞ്ഞിട്ടാണ് ഡോ.ക്രിസ്റ്റ്യൻ ബർണാർഡ് എന്ന സൗത്ത് ആഫ്രിക്കക്കാരൻ ഹൃദയശസ്ത്രക്രിയാപദ്ധതിയുമായി രംഗത്തുവരുന്നത്. അദ്ദേഹത്തിന്റെ സഹയാത്രികരായിരുന്ന നോർമൻ ഷംവേ, റിച്ചാർഡ് ലോവർ എന്നിവരും രംഗത്തുണ്ടായിരുന്നു. അവർ നായ്ക്കളിൽ അനേകം ഹൃദയമാറ്റ ശസ്ത്രക്രിയാപരീക്ഷണങ്ങൾ നടത്തിക്കഴിഞ്ഞിരുന്നു. അനുയോജ്യരായ ഒരു ദാതാവിനേയും സ്വീകർത്താവിനേയും അവർ കാത്തിരുന്നു. പക്ഷെ ഭാഗ്യം കടാക്ഷിച്ചത് ബർണാർഡിനെയാണ്.

ബർണാർഡിന്റെ ഒരു കക്ഷിയായ ലൂയിസ് വിഷൻസ്കി എന്ന ഒരു ലിത്വാനിയക്കാരൻ കേടുവന്ന ഒരു ഹൃദയവുമായി മരണമായിരിക്കുമോ അതോ ഒരു ദാതാവായിരിക്കുമോ ആദ്യം വരിക എന്നു കാത്തിരിക്കുകയായിരുന്നു. അങ്ങനെയിരിക്കേയാണ് ഡെൻസി ഡാർവാൾ എന്ന ഒരു യുവതി റോഡ് മുറിച്ച് കടക്കുമ്പോൾ കാർതട്ടി പരിക്കേറ്റ് മസ്തിഷ്ക മരണം സംഭവിച്ചത്. മകളുടെ ഹൃദയം ഞങ്ങൾക്കു തരിക, ഒരു മനുഷ്യനെ രക്ഷപ്പെടുത്താം എന്ന ബർണാർഡിന്റെ അഭ്യർത്ഥന പിതാവ് എഡ്വേർഡ് സാർവാൾ അംഗീകരിച്ചു. എന്നാൽ മരണത്തിന്റെ നിർവ്വചനമായിരുന്നു പിന്നീടുണ്ടായ പ്രശ്നം. ഹൃദയമിടിപ്പു നിലയ്ക്കുമ്പോൾ എന്നായിരുന്നു അന്നതിന്റെ നിർവ്വചനം. തലച്ചോറിന്റെ പ്രവർത്തനം നിലയ്ക്കുമ്പോൾ മരിച്ചുവെന്ന് വിധിയെഴുതുവാൻ ഇന്ന് ഡോക്ടർമാർക്ക് വിവേചനാധികാരമുണ്ട് അന്നതില്ലായിരുന്നു. 1967 ഡിസംബർ 3 വെളുപ്പിന് 2.15ന് ഡെൻസി മരിച്ചയുടനെ ഹൃദയം വേർപെടുത്തി അടുത്തമുറിയിൽ മരണം കാത്തുകിടന്ന വിഷൻസ്കിയുടെ ഹൃദയത്തിന്റെ സ്ഥാനത്തു തുന്നിച്ചേർത്തു. ഇടവേളയിൽ വിഷൻസ്കിയുടെ ഹൃദയത്തിനു പകരം പ്രവർത്തിച്ചിരുന്ന യന്ത്രവും വേർപെടുത്തി. പുതിയ ഹൃദയത്തിന്റെ ആദ്യചലനത്തിനായി വൈദ്യുതസ്പന്ദനവും നൽകി. “കർത്താവേ ഇത് പ്രവർത്തിക്കുന്നുണ്ട്” എന്ന് ബർണാർഡ് ഉറക്കെ ആത്മഗതം പറഞ്ഞു. നാലേമുക്കാൽ മണിക്കൂർ നീണ്ടുനിന്ന ശസ്ത്രക്രിയയ്ക്കു ശേഷം ‘ഒരു ചായ’ എന്ന് ആക്രോശിച്ചുകൊണ്ട് ബർണാർഡ് ഓപ്പറേഷൻ തിയേറ്ററിന് പുറത്തുവന്നു.

ക്രിസ്റ്റ്യൻ ബർണാർഡ് പിന്നീടും അനേകം ഹൃദയശസ്ത്രക്രിയകൾ നടത്തി. അദ്ദേഹത്തിന് അനേകം പിൻഗാമികളുണ്ടായി. ഇന്നത് ലോകമെമ്പാടും സാധാരണം എന്ന നിലയിലേക്കായിരിക്കുന്നു. അവയവങ്ങൾക്ക് ആവശ്യക്കാർ കൂടുതലും ദാതാക്കൾ കുറവുമാണ്. മതപരവും വൈകാരികവുമായ കാര്യങ്ങളാണ് പ്രശ്നം രൂക്ഷമാക്കുന്നത്. അവയവദാനം മഹാകാര്യമെന്നുദ്ഘോഷിക്കുന്നവർ പോലും കാര്യത്തോടടുക്കുമ്പോൾ പിന്മാറുന്നു. വ്യക്തി ഇച്ഛിച്ചാൽപോലും കുടുംബം തയ്യാറാകുന്നില്ല. ഒരു കണക്കനുസരിച്ച് സമ്മതപത്രം നൽകിയിട്ടുള്ള 1000 പേർ മരിക്കുമ്പോൾ 200 പേരുടെ അവയവങ്ങൾ പോലും ലഭിക്കുന്നില്ല.

അവയവദാനത്തിന് തയ്യാറായി മനുഷ്യൻ മുന്നോട്ടുവരത്തക്കവിധം ബോധവൽക്കരണമുണ്ടാകണം. ശസ്ത്രക്രിയയുടെ വിജയങ്ങൾക്ക് പ്രചരണം നൽകുകയും ദാതാവിന്റെ കുടുംബാംഗങ്ങളെ അനുമോദിക്കുകയും വേണം. ഇവിടെ ഇപ്പോൾ മാത്യു അച്ചാടന്റെ കാര്യത്തിൽ അതുവേണ്ടുവോളമുണ്ടായി.

ഇന്ന് അവയവദാനം നൽകുന്നവരിലധികവും ഭൗതീകവാദികളാണ്. ആത്മീയവാദികളും ഇത് മോക്ഷം കിട്ടാനുള്ള ഒരു കർമ്മമായി കണക്കാക്കേണ്ടതാണ്. കാരണം ആത്മാവ് വേർപെട്ടുകഴിഞ്ഞാൽ ശരീരം ചീഞ്ഞളിഞ്ഞോ കരിഞ്ഞു ചാരമായോ സസ്യങ്ങൾക്ക് വളമായിത്തീരേണ്ടതാണല്ലോ.

## എറണാകുളം കരയോഗം

### ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2015 സെപ്റ്റംബർ മാസത്തിൽ സംഭാവനനൽകിയവർ

| | | |
|---|---|---|
| 1. | ശ്രീ. ശ്രീകുമാർ.സി , 4 ബി, അമൃത് റെട്രീറ്റ്, വിവേക് നഗർ, കടവന്ത്ര | 25,000 |
| 2. | ശ്രീ. സുരേഷ് കൃഷ്ണൻ. കെ, ഫ്ളാറ്റ് നമ്പർ 6 ബി, അശ്വിൻ റോസ് ഡെയ്ൽ അപ്പാർട്ട്മെന്റ്സ് , ഷിപ്യാർഡ് കോർട്ടേഴ്സ് റോഡ്, പനമ്പിള്ളി നഗർ, കൊച്ചി 682036 | 25,000 |
| 3. | ശ്രീ. കെ.ജി. സുഭാഷ്, കളരിക്കൽ ഹൗസ്, തെക്കുംഭാഗം, പുതിയകാവ്, തൃപ്പൂണിത്തുറ | 20,000 |
| 4. | ശ്രീ. ജയകുമാർ. വി, കൃഷ്ണമന്ദിർ, ദിവാൻസ് റോഡ്, കൊച്ചി 682016 | 10,000 |
| 5. | ശ്രീമതി. കല്യാണിക്കുട്ടിയമ്മ, മഹാലക്ഷ്മി (കൊളത്തേരി), ചിറ്റൂർ റോഡ്, വളഞ്ഞമ്പലം, കൊച്ചി 682016 | 5,000 |
| 6. | ശ്രീ. ഡോ.ഗംഗാദേവി, ലക്ഷ്മി ഭവൻ, കൊച്ചി 682020 | 5,000 |
| 7. | ശ്രീമതി വനജ നമ്പ്യാർ, മാണിക്കത്ത്, ബി.ഇ.എം.എൽ ലേഔട്ട്, ബാംഗ്ലൂർ 66 | 5,000 |
| 8. | ശ്രീ. കണ്ണൻ, ഡി.റ്റി.പി.സി. സ്റ്റാൾ, നമ്പർ 3, ടെണ്ടർ കോക്കനട്ട് | 5,000 |

## അംബാ സ്വരമാല സ്തോത്രം

ശ്രീ. നന്ദകുമാർ മേനോൻ

ഐരം സുധാമയതിന്റെ നടക്കു നന്നായ്
വൈരം പതിച്ച വരമണ്ഡപമൊന്നു കാണാം
തൈരിൽ മറഞ്ഞു നിറയുന്നൊരു വെണ്ണപോലെ
നൈരുജ്യ ദായനീയനിൽ വിലസും ഭജേഹം

അമൃത സാഗരത്തിന്റെ നടുക്ക് ഭംഗിയേറിയ വൈരങ്ങൾ പതിച്ച സുന്ദരമായൊരു മണിമണ്ഡപം കാണാം. തൈരിൽ നിറഞ്ഞതാണെങ്കിലും പ്രത്യക്ഷത്തിൽ മറഞ്ഞു നിൽക്കുന്ന വെണ്ണപോലെ, സൗഖ്യദായനിയായ പരാശക്തി അതിൽ വിലസുന്ന ആ ശക്തിയെ ഞാൻ ഭജിക്കുന്നു.(അമൃതക്കടൽ കടന്ന് അമൃത് നേടിയതുപോലെ, പ്രത്യക്ഷമല്ലെങ്കിലും തൈരിൽ നിറഞ്ഞിരിക്കുന്ന വെണ്ണയെ തുടർച്ചയായി കടയുന്നതുമൂലം ആ വെണ്ണ കിട്ടുന്നു. അതുപോലെ തുടർച്ചയായ മഥനം മനസ്സിൽ ചെയ്ത് അവിടത്തെ രൂപം ഉറയണം. മുൻപിലത്തെ ശ്ലോകം ശ്രദ്ധിക്കുക)



ഡോ. സരിത രമേഷ്

# മുണ്ടിനീര് (Mumps)

ഉമിനീർഗ്രന്ഥിയെ ബാധിക്കുന്ന ഒരു വൈറസ് രോഗമാണ് മുണ്ടിനീർ അഥവാ മംപ്സ്. ചെവികളുടെ താഴെയായി കഴുത്തിൽ രണ്ടുവശത്തും ഉണ്ടാകുന്ന ഈ രോഗം സാധാരണ യുവാക്കളിലും കുട്ടികളിലുമാണ് കണ്ടുവരുന്നത്. രോഗം പകരുന്നത് ഉച്ഛ്വാസവായുവിൽ കൂടിയാണ്. തൊണ്ടയിലും ശ്വാസനാളങ്ങളിലും ഇതിന്റെ അണുക്കൾ കടന്നുകൂടുന്നു. രണ്ടുമുതൽ മൂന്നാഴ്ച വരെ കഴിഞ്ഞതിനു ശേഷമേ രോഗലക്ഷണങ്ങൾ കണ്ടുതുടങ്ങുകയുള്ളൂ. പനി, തലവേദന, തൊണ്ടവേദന എന്നിവ യാണ് ആദ്യലക്ഷണങ്ങൾ. ഇതേത്തുടർന്ന് വായ് തുറക്കുവാൻ വിഷമവും ഉമിനീർഗ്രന്ഥി യുടെ വീക്കവും ഉണ്ടാകുന്നു.

മുണ്ടിനീർ വരാതിരിക്കുന്നതിനുള്ള പ്രതിരോധകുത്തിവെയ്പ് ഒന്നര വയസ്സിനു മുമ്പായി മണ്ണന്റെയും ജർമ്മൻ മിസിൽസി ന്റെയും കൂടെ (MMR) നടത്താം. ഒരിക്കൽ മുണ്ടിനീർ വന്നാൽ അതിന്റെ പ്രതിരോധ ശക്തി ആയുസ്സു മുഴുവൻ നിലനിൽക്കും.

# ടൈഫോയ്ഡ്

സാൽമണെല്ല ടിഫി (Salmonella Typhi) എന്ന ഇനം അണുക്കളാണ് ടൈഫോയ്ഡ് അഥവാ സന്നിബാധ ജ്വരം ഉണ്ടാക്കുന്നത്. ഈ അണുക്കൾ പ്രധാനമായും വെള്ളം, പാൽ, ആഹാരസാധനങ്ങൾ മുതലായവയിൽ കൂടിയാണ് മനുഷ്യശരീരത്തിൽ പ്രവേശി ക്കുന്നത്. രോഗിയുടെ വിസർജ്ജ്യവസ്തു ക്കളിൽ കൂടിയാണ് രോഗാണുക്കൾ വെളിയിൽ വരുന്നത്.

മനുഷ്യശരീരത്തിൽ അണുക്കൾ കയറിയാൽ ഏകദേശം 10 മുതൽ 14 ദിവസം വരെ കഴിഞ്ഞതിനു ശേഷമേ രോഗ ലക്ഷണങ്ങൾ കണ്ടുതുടങ്ങുകയുള്ളൂ. എല്ലാ അവയവങ്ങളെയും രോഗാണു ബാധിക്കു മെങ്കിലും ചെറുകുടലിനെയാണ് കൂടുതലായി ബാധിക്കുക.

ക്രമേണ കൂടിവരുന്ന പനി, തലവേദന, ദേഹക്ഷീണം, മൂക്കിൽനിന്നുള്ള രക്തസ്രാവം മുതലായവയാണ് ആദ്യലക്ഷണങ്ങൾ. ഒരാഴ്ച ആകുമ്പോഴേക്കും രോഗിക്ക് കലശലായ പനിയും ശരീരക്ഷീണവും മാനസീകമായ ക്ഷീണവും ഉണ്ടാകുന്നു. തൊലിപ്പുറത്ത് ചുവന്ന പാടുകളും ഉണ്ടാകുന്നു. ചികിത്സിക്കാതിരുന്നാൽ കുടലിൽ വ്രണങ്ങളുണ്ടാകുകയും കുടലിനുള്ളിൽ നിന്ന് മലിനവസ്തുക്കൾ വയറിന്റെ മറ്റു ഭാഗത്തിൽ പ്രവേശിക്കുകയും ചെയ്യും. വയറുവീർത്തു വരിക, വേദന കൂടുക മുതലായവയാണ് കുടലിനു സുഷിരം ഉണ്ടായാലുള്ള ലക്ഷണങ്ങൾ.

രക്തം പരിശോധിക്കുന്നതിൽ നിന്നും ടൈഫോയ്ഡിന്റെ ലക്ഷണങ്ങൾ മനസ്സി ലാക്കാം. രക്തത്തിൽനിന്നും മലത്തിൽ നിന്നും മൂത്രത്തിൽനിന്നും ഇതിന്റെ അണുക്കൾ വേർതിരിച്ച് എടുക്കാം. വൈഡാൾ എന്ന ടെസ്റ്റ് കൊണ്ടും ഈ രോഗം ഉണ്ടോയെന്ന് മനസ്സിലാക്കാൻ സാധിക്കും.

ടൈഫോയ്ഡ് വീട്ടിൽ ഒരാൾക്കു വന്നാൽ രോഗിയെ ഒരു മുറിയിൽ മാറ്റിത്താമസിപ്പിക്കണം. രോഗിയുടെ മലമൂത്രവിസർജ്ജന വസ്തുക്കൾ പ്രത്യേകം കുഴിച്ചിടുകയോ ലിസോൾ കലർത്തി കക്കൂസിൽതന്നെ നിക്ഷേപിക്കുകയോ ചെയ്യണം.

# സംവരണവും ജാതിരാഷ്ട്രീയവും

പ്രൊഫ : വി.പി. ജി.മാരാർ

രാജസ്ഥാനിലെ ഒരു പ്രബലവിഭാഗമാണ് ഗുജ്ജാർ സമുദായം. ഈ സമുദായത്തിൽ പെട്ടവർ 2015 മേയ്മാസത്തിൽ 8 ദിവസം നീണ്ടുനിന്ന ഒരു സമരം നടത്തുകയുണ്ടായി. ട്രെയിൻ ഉൾപടെയുള്ള വാഹനങ്ങൾ തടഞ്ഞു കൊണ്ട് നടത്തിയ ഈ സമരം സംസ്ഥാനത്തെ ഗതാഗതം പൂർണ്ണമായും സ്തംഭിപ്പിച്ചു. റെയിൽ പാളത്തിനുമുകളിൽ കുടിലുകൾ കെട്ടി താമസിക്കുകയും പ്രധാനപാതകളെല്ലാം തടയുകയും അനേകം കോടി രൂപയുടെ നഷ്ടം വരുത്തുകയും ചെയ്തിട്ടും സംസ്ഥാന സർക്കാർ തികഞ്ഞ നിസ്സംഗത പാലിച്ചു. പ്രബലമായ ഒരു സമുദായത്തെ പിണക്കി വോട്ടു നഷ്ടപ്പെടുത്തുവാൻ സർക്കാർ തയ്യാറായില്ല. മറ്റുപിന്നോക്കവിഭാഗങ്ങളുടെ (OBC) കൂട്ടത്തിലാണ് ഈ സമുദായത്തെ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിനുപകരം പിന്നോക്ക വിഭാഗങ്ങളിൽ പിന്നോക്കമായി കണക്കാക്കി 5 ശതമാനം പ്രത്യേക സംവരണം അനുവദിച്ചുകിട്ടണമെന്നതായിരുന്നു അവരുടെ ആവശ്യം. 2003 മുതൽ ഈ ആവശ്യം ഉന്നയിച്ച് അവർ നടത്തിയ സമരങ്ങൾ പലപ്പോഴും പോലിസ് വെടിവയ്പിലും അനേകം പേരുടെ മരണത്തിലും കലാശിച്ചിരുന്നു. എന്നിരുന്നാലും പ്രശ്നത്തിൻ ഒരു പരിഹാരം കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. ലക്ഷ്യം നേടും വരെ സമരം ചെയ്യും എന്ന ദൃഢനിശ്ചയത്തോടെ ഇത്തവണ രംഗത്തിറങ്ങിയ ഗുജ്ജാറുകളെ എങ്ങനെ നേരിടണമെന്ന കാര്യത്തിൽ സർക്കാരിന് കാര്യമായ ആശയക്കുഴപ്പം നേരിട്ടു. അവസാനം കോടതി ഇടപെടുകയും ചീഫ് സെക്രട്ടറിയേയും പോലീസ് മേധാവിയേയും കോടതിയിൽ വരുത്തി ശാസിക്കുകയും ചെയ്തു. സംസ്ഥാന സർക്കാർ ഉടനെ ഒത്തുതീർപ്പു ചർച്ചയ്ക്കു തയ്യാറാവുകയും പ്രത്യേക നിയമനിർമ്മാണത്തിലൂടെ 5 ശതമാനം സംവരണം ഗുജ്ജാർ സമുദായത്തിന് നൽകാമെന്ന് ഉറപ്പു നൽകുകയും ചെയ്തു.

അങ്ങനെ തൽക്കാലത്തേക്ക് സമരം അവസാനിച്ചെങ്കിലും ഇതുപ്രകാരം സംസ്ഥാനത്തെ മൊത്തം സംവരണം 54% ശതമാനം വരുമെന്നതിനാൽ ഈ ഉറപ്പ്പാലിക്കുവാൻ സർക്കാരിനു കഴിയുമോ എന്നതിൽ മുതിർന്ന നേതാക്കൾക്ക് ഇപ്പോഴും സംശയമുണ്ട്.

ജാതിയുടെ അടിസ്ഥാനത്തിൽ സംവരണം നിലനിൽക്കുന്ന ഒരേ ഒരു രാജ്യമാണ് നമ്മുടേത്. നൂറ്റാണ്ടുകളായി ഇവിടെ നിലനിന്നിരുന്ന ജാതി വ്യവസ്ഥയെ പ്രോത്സാഹിപ്പിക്കുന്ന നടപടികളാണ് "ഭിന്നിപ്പിച്ചു ഭരിക്കുക" എന്ന നയം കൈക്കൊണ്ടിരുന്ന ബ്രിട്ടീഷ് സർക്കാരിന്റെ ഭാഗത്തുനിന്നും പലപ്പോഴും ഉണ്ടായത് ജാതിയുടെ അടിസ്ഥാനത്തിലുള്ള ആ വിഭജനത്തെ അവർ സർവ്വാത്മനാ പ്രോസാഹിപ്പിച്ചു. പിന്നോക്കം നിൽക്കുന്ന ജാതിയിലുള്ളവർക്ക് ജോലി സംവരണവും നടപ്പിലാക്കി. എന്നാൽ 1932-ലെ സ്വയം ഭരണ സംവിധാനവുമായി ബന്ധപ്പെട്ട് പിന്നോക്ക വിഭാഗങ്ങൾക്ക് പ്രത്യേക നിയോജക മണ്ഡലങ്ങൾ രൂപീകരിക്കുവാനുള്ള ബ്രിട്ടീഷ് പ്രധാനമന്ത്രി റാംസെ മക്

ഡൊനാൾഡിന്റെ നീക്കത്തെ മഹാത്മജി ശക്തിയായി എതിർത്തു. ഇതിനെതിരെ മരണം വരെ ഉപവസിക്കുവാനും അദ്ദേഹം തയ്യാറായി. ഹിന്ദു, സിക്ക്, മുസ്ലിം സമുദായങ്ങൾക്ക് പ്രത്യേകം നിയോജക മണ്ഡലം എന്ന ആശയത്തെ ഗാന്ധിജി അംഗീകരിച്ചെങ്കിലും ഹിന്ദുക്കളെ ഭിന്നിപ്പിച്ച് അതിൽ പിന്നോക്കം നിൽക്കുന്നവരെ മാറ്റിനിർത്തുന്നതിനോട് ഗാന്ധിജി യോജിച്ചില്ല. അപ്രകാരം സംഭവിച്ചാൽ അവൻ എന്നും ഹിന്ദു സമുദായത്തിൽ അടിയാളന്മാരായി മാറും എന്ന് ഗാന്ധിജി ഭയപ്പെട്ടു, ഇത് അയിത്തം ശാശ്വതീകരിക്കപ്പെടാൻ ഇടയാക്കുമെന്നും അദ്ദേഹം വിശ്വസിച്ചു. അവസാനം ഗാന്ധിജിയുടെ അഭിപ്രായത്തോട് ബ്രിട്ടിഷ് സർക്കാർ യോജിക്കുകയും അവർക്കായി പ്രത്യേക സംവരണം നടപ്പിലാക്കാം എന്ന് തീരുമാനിക്കുകയും ചെയ്തു. ഇത് പിന്നീട് "പൂനാപാക്റ്റ്" എന്ന പേരിലാണ് അറിയപ്പെട്ടത്. 1947നു ശേഷം പുതിയ ഭരണഘടന രൂപീകരിച്ചപ്പോൾ തീരെ പിന്നോക്കം നിൽക്കുന്ന വിഭാഗത്തെ (ദളിതർ) പട്ടികജാതി/പട്ടികവർഗ്ഗഗണത്തിൽ പെടുത്തി പ്രത്യേക അവകാശങ്ങൾ അവർക്ക് നൽകുകയാണ് ചെയ്തത്.

നമ്മുടെ ഭരണഘടനക്ക് രൂപം നൽകുന്ന അവസരത്തിൽ മൗലീകാവകാശങ്ങളെക്കുറിച്ചും പിന്നോക്കവിഭാഗങ്ങൾക്കു നൽകേണ്ട ആനുകുല്യങ്ങളെകുറിച്ചും പഠിച്ച് വിവരം നൽകുവാൻ സർദാർ വല്ലഭായ് പട്ടേലിന്റെ നേതൃത്വത്തിൽ ഒരുപദേശക സമിതി രൂപീകരിച്ചു ഈ കമ്മറ്റിയിൽ പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കു നൽകേണ്ട ആനുകുല്യങ്ങളുടെ കാര്യത്തിൽ അഭിപ്രായവ്യത്യാസം ഉണ്ടായതിനാൽ ഇതേക്കുറിച്ച് വിശദമായ പഠനം നടത്തി വിവരം നൽകുവാൻ അഞ്ചു പേരുള്ള ഒരുപസമിതിയെ നിയോഗിച്ചു. പിന്നോക്കം നിൽക്കുന്ന നൂനപക്ഷങ്ങൾക്ക് പ്രത്യേക സംവരണം ആവശ്യമാണെന്ന് ഉപസമിതി നിർദ്ദേശിച്ചു. അതിന്റെ അടിസ്ഥാനത്തിൽ അവർക്കായി ചിലവ്യവസ്ഥകൾ ഉണ്ടാക്കി. രണ്ടുരീതിയിലുള്ള സംവരണമാണ് നിർദ്ദേശിക്കപ്പെട്ടത്. പാർലമെന്റ് നിയമസഭ തെരഞ്ഞെടുപ്പുകളിൽ ഒരു പ്രത്യേക കാലഘട്ടംവരെയുള്ള സംവരണരീതിയും മൗലീകാവകാശങ്ങളുടെ ഭാഗമായിരുന്ന ആനുകൂല്യങ്ങളും ആയിരുന്നു അവ. ഇതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി പട്ടികവർഗ്ഗങ്ങൾക്കും ആംഗ്ലോഇന്ത്യൻ വംശജർക്കും തെരഞ്ഞെടുപ്പുകളിൽ 10 വർഷത്തേക്ക് സംവരണം ആവശ്യമണെന്ന് നിശ്ചയിച്ചു. ജാതിയുടെ അടിസ്ഥാനത്തിലുള്ള നിയോജകമണ്ഡലങ്ങൾ വേണ്ടാ എന്നും തീരുമാനിച്ചു. അതുകൊണ്ട് പട്ടികജാതി - പട്ടികവർഗ്ഗങ്ങൾക്കും, ആംഗ്ലോഇന്ത്യൻ സമുഹത്തിനും ലോകസഭയിലും സംസ്ഥാന നിയമ സഭകളിലും പ്രാതിനിധ്യം ഉറപ്പാക്കാൻ ഭരണഘടനയിൽ 330 മുതൽ 333 വരെയുള്ള വകുപ്പുകൾ കൊണ്ടുവന്നു. 334-ാം വകുപ്പു പ്രകാരം ഈ സംവരണം കേവലം 10 വർഷത്തേക്കു മാത്രമായിരിക്കുമെന്നും നിർദ്ദേശിച്ചു എന്നാൽ വിവിധ ഭേദഗതികളിലൂടെ 10 വർഷം വീതം വർദ്ധിപ്പിച്ചു 2009ലെ 95-ാം ഭേദഗതിപ്രകാരം ഈ വിഭാഗത്തിലുള്ളവരുടെ സംവരണം 2020വരെ തുടരാൻ നിശ്ചയിക്കയാണുണ്ടായത്.

ഭരണഘടനയിലെ 14,15,16 എന്നീ വകുപ്പുകൾ എല്ലാവിഭാഗങ്ങളിൽ പെടുന്നവർക്കും തുല്യനീതിയും. വിവേചനമില്ലായ്മയും, തുല്യ അവസരങ്ങളും ഉറപ്പുനൽകുന്നു. എന്നാൽ സത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായി പ്രത്യേകനിയമം നിർമ്മിക്കുവാനുള്ള അധികാരം 15(3) വകുപ്പിൽ ഉൾപെടുത്തുകയും ചെയ്തു. വാസസ്ഥലത്തിന്റെ അടിസ്ഥാനത്തിൽ സംവരണം ഏർപ്പെടുത്തുവാനുള്ള അധികാരം 16(3) വകുപ്പുപ്രകാരം കേന്ദ്രഗവൺമ്മെന്റിനു മാത്രമായി നിജപ്പെടുത്തി.

1951ൽ ഭരണഘടനയുടെ ഒന്നാം ഭേദഗതിയിലൂടെ 15(4) എന്നൊരുവകുപ്പ് കൊണ്ടുവന്ന് സാമൂഹ്യമായും, വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്നവർക്കും, പട്ടികജാതി, പട്ടികവർഗ്ഗക്കാർക്കും വേണ്ടി പ്രത്യേക നിയമങ്ങൾ കൊണ്ടുവരുവാൻ സർക്കാരിന് അധികാരം നൽകി. 1950ൽ മദ്രാസ് ഗവമ്മെന്റ് പിന്നോക്കവിഭാഗങ്ങൾക്കായി സംസ്ഥാനത്തെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പ്രത്യേകസംവരണം ഏർപ്പെടുത്തിയ നടപടി ചോദ്യംചെയ്യപ്പെട്ടു. സുപ്രീം കോടതി ഇത് അസ്ഥിരപ്പെടുത്തുകയും ചെയ്തു (Sreenivasn vs state of madras) അതുകൊണ്ട് 1956ൽ

ഭരണഘടനയുടെ 7-ാം ഭേദഗതിയിലുടെ 16(4) എന്നൊരുവകുപ്പ് കൊണ്ടുവരികയും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കായി ജോലിയിൽ പ്രത്യേകസംവരണം കൊണ്ടുവരുന്നതിനുള്ള അധികാരം സ്ഥാപിക്കുകയും ചെയ്തു 2005ൽ ഭരണഘടനയുടെ 93-ാം ഭേദഗതിയിലൂടെ 15(5) എന്ന ഉപവകുപ്പുകൂടി ചേർത്ത് പിന്നോക്കവിഭാഗങ്ങൾക്കുള്ള വിദ്യാഭ്യാസ പരമായ അവകാശം ഉറപ്പു വരുത്തുകയും ചെയ്തു. 1956ലെ 7-ാം ഭേദഗതിപ്രകാരം നടപ്പിലായ 16(4) വകുപ്പുപ്രകാരം പട്ടികജാതി പട്ടിക വർഗ്ഗവിഭാഗങ്ങൾക്ക് ജോലിക്ക യറ്റത്തിനും, സംവരണാനുകുല്യം ലഭിച്ചിരുന്നു. ഭരണഘടനയുടെ 335-ാം വകുപ്പിൽ സർക്കാരിന്റെ കാര്യക്ഷമതയെ ബാധിക്കുന്ന യുക്തിയുക്തമല്ലാത്ത സംവരണം പാടില്ല എന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്. 1992ൽ നടന്ന ഇന്ദിരാസാഹ്നി കേസിൽ (Indra sawhaney Vs Union of india ) സുപ്രീം കോടതി 16(4) വകുപ്പും 335-ാം വകുപ്പും ഒന്നിച്ച് പരിഗണിക്കണമെന്ന് നിർദ്ദേശിക്കുകയും കാര്യക്ഷമതയെ ബാധിക്കുന്ന രീതിയിലുള്ള യുക്തിരഹിതമായ ജോലിക്കയറ്റം നൽകുവാൻ പാടില്ല എന്ന് വിധി ക്കയുമുണ്ടായി. അതു കൊണ്ട് 1995ൽ ഭരണഘടനയുടെ 77-ാം ഭേദഗതിയിലൂടെ 16(4a) എന്നൊരു വകുപ്പ് കൊണ്ടുവരികയും സർക്കാർ ജോലികളിലെ സ്ഥാനക്കയറ്റത്തിനു പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംവരണാനുകുല്യം ലഭിക്കുകയുമുണ്ടായി. ഭരണഘടനയുടെ 46-ാം വകുപ്പിൽ പട്ടികജാതി, പട്ടികവർഗ്ഗങ്ങളുടെയും, മറ്റുപിന്നോക്ക വിഭാഗങ്ങളുടേയും സാമ്പത്തികവും വിദ്യാഭ്യാസപരവും ആയ പുരോഗതിക്ക് ഊന്നൽ നൽകുന്ന നടപടികൾ ഉണ്ടായിരിക്കണമെന്നും വ്യവസ്ഥ ചെയ്തി ട്ടുണ്ട്

സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാനാണ് 1979ൽ മണ്ഡൽ കമ്മീഷൻ രൂപീകരിച്ചത്. 1980 ൽ കമ്മീഷൻ റിപ്പോർട്ടുകൾ സമർപ്പിച്ചു. സാമൂഹ്യപരവും വിദ്യഭ്യാസപരവുമായ പതിനൊന്നു ഘടകങ്ങളുടെ അടിസ്ഥാന ത്തിലാണ് കമ്മീഷൻ പിന്നോക്കാവസ്ഥ നിർണ്ണയിച്ചത്.(അഗോളതലത്തിൽ പിന്നോ ക്കാവസ്ഥ കണക്കാക്കുന്നത് പ്രധാനമായും വരുമാനത്തിന്റേയും വിദ്യഭ്യാസനിലവാര ത്തിന്റേയും അടിസ്ഥാനത്തിലാണ്). കമ്മീഷൻ പിന്നോക്ക വിഭാഗങ്ങൾക്കായി 49.5 ശതമാനം സംവരണം ശുപാർശചെയ്തു (SC/ST-22.5%,OBC-27%) പട്ടികജാതി - പട്ടിക വർഗ്ഗങ്ങൾക്കു പുറമേ മറ്റു പിന്നോക്ക സമുദായ ങ്ങളേയും (OBC) സംവരണത്തിൽ ഉൾപ്പെടുത്തുവാനും അവരിലെ അതി സമ്പന്നരെ (Creamy Layer) ഒഴിവാക്കുവാനും കമ്മീഷൻ നിർദ്ദേശിക്കുകയുണ്ടായി. 1990ൽ ശ്രീ വി. പി. സിംഗിന്റെ നേതൃത്വത്തിലുള്ള സർക്കാർ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് അംഗീകരിച്ച് ഉത്തരവിറക്കി. ഇത് ഉത്തരേന്ത്യയിൽ പ്രത്യേകിച്ചും, വലിയ ലഹളയ്ക്ക് വഴിയൊരുക്കി. ഇതു മൂലം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കായി 10 ശതമാനം പ്രത്യേക സംവരണം സർക്കാർ ഏർപ്പെടുത്തി. ഇതു വ്യാപകമായ പ്രതിഷേധങ്ങൾക്കിടയാക്കി. അങ്ങനെ മൊത്തം സംവരണം 59.5 ശതമാനമായി മാറി. എന്നാൽ 1992 ൽ ഇന്ദ്രസാഹ്നി കേസിൽ (Indra sawhni Vs Union of India) സുപ്രീംകോടതി മൊത്തം സംവരണം 50 ശതമാനത്തിൽ കവിയാൻ പാടില്ല എന്നുവിധിച്ചു. പിന്നോക്ക വിഭാഗങ്ങളിലെ സമ്പന്നരെ ഒഴിവാക്കണമെന്നും കോടതി നിർദ്ദേശിച്ചു. എന്നാൽ ചില പ്രത്യേക സന്ദർഭങ്ങളിൽ 50 ശതമാനം എന്ന നിബന്ധന സംസ്ഥാനസർക്കാരുകൾക്ക് മറികടക്കാമെന്നും അത് പ്രാദേശികമായ കടുത്ത പിന്നോക്കാവസ്ഥയുള്ള കാര്യങ്ങളിൽ മാത്രമായിരിക്കണമെന്നും വിധിച്ചു. 16 (4) വകുപ്പ് 16 (1) ന് അപവാദമല്ല എന്നും 335-ാം വകുപ്പുകൂടി എല്ലാകാര്യത്തിലും പരിഗണിക്കണമെന്നും ജോലിക്കയറ്റത്തിന് സംവരണം ഭരണഘടനാ വിരുദ്ധമാണെന്നും കോടതി അഭിപ്രായപ്പെട്ടു. ഈ വിധി മറികടക്കുവാൻ ഗവൺമെന്റ് 1995ൽ ഭരണഘടനയുടെ 85-ാം ഭേദഗതിയിലൂടെ 16(4എ) വകുപ്പ് കൊണ്ടുവന്നു. 2002 ൽ ഇത് ചോദ്യം ചെയ്യപ്പെട്ടു. (M.N. Nagaraj of others Vs Union of India) പക്ഷേ ഈ ഭേദഗതി കോടതി അംഗീകരിക്കുകയാണ് ഉണ്ടായത്. പട്ടികജാതി

– പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഉദ്യോഗക്കയറ്റത്തിന് സംവരണം ആകാമെന്നും സമ്പന്നവിഭാഗം (Creamy Layer) എന്നത് മറ്റു പിന്നോക്ക വിഭാഗങ്ങൾക്കു മാത്രമേ ബാധകമാകുകയുള്ളൂ എന്നും കോടതി വിധിച്ചു. എന്നാൽ എല്ലാ കാര്യത്തിലും 335-ാം വകുപ്പുകൂടി പരിഗണിക്കണമെന്നും ഉദ്യോഗക്കയറ്റ കാര്യത്തിൽ നൽകുന്ന സംവരണം അത്യാവശ്യമാണെന്നതിന് വ്യക്തമായ രേഖകൾ ഉണ്ടായിരിക്കണമെന്നും കോടതി പറഞ്ഞു. 2012ൽ വീണ്ടും 14(4എ) വകുപ്പ് ചോദ്യം ചെയ്യപ്പെട്ടു. 16(4F) എന്നത് സാദ്ധ്യത വർദ്ധിപ്പിക്കുന്ന (Enabling Provision) ഒരു വകുപ്പു മാത്രമാണെന്നും കാര്യക്ഷമതയെ ബാധിക്കുന്ന രീതിയിലുള്ള ഉദ്യോഗകയറ്റം പാടില്ലെന്നും കോടതി വിധിച്ചു. ഇതു മറികടക്കുവാനായി 117 -ാം ഭേദഗതിക്കായി സർക്കാർ "പ്രൊമോഷൻ ക്വാട്ടബിൽ" (Promotion Quota Bill) അവതരിപ്പിച്ചു. രാജ്യസഭയിൽ ഇതു പാസായെങ്കിലും ലോകസഭയിൽ അവതരിപ്പിക്കാൻ കഴിയാത്തതിനാൽ ഇത് അസാധുവുമായി.

തുടരും

# ശംഖുമുഖം ദേവിക്ഷേത്രം

ശംഖുമുഖം കടൽത്തീരത്ത് കിഴക്കുദർശനമായി സ്ഥിതിചെയ്യുന്ന ഈ ദേവീക്ഷേത്രം നിരവധി ആളുകളെയാണ് ആകർഷിച്ചുവരുന്നത്. തിരുവനന്തപുരത്തുനിന്ന് 10 കിലോമീറ്റർ പടിഞ്ഞാറുമാറി ഈ ക്ഷേത്രം സ്ഥിതിചെയ്യുന്നു.

പരശുരാമൻ പ്രതിഷ്ഠ നടത്തിയ ഈ ദുർഗ്ഗാക്ഷേത്രം ഇഷ്ടവരദായനിയായി ഭക്തരെ അനുഗ്രഹിക്കുമ്പോൾ സ്ത്രൈണ സൗന്ദര്യത്തിന്റെ ഏഴഴകും ദേവിയിൽ നമുക്ക് ദർശിക്കുവാൻ കഴിയുന്നു. തൃക്കാർത്തികയും നവരാത്രിയും അത്യാർഭാടപൂർവ്വം കൊണ്ടാടുന്ന ഈ ക്ഷേത്രസന്നിധിയിൽ തൃക്കാർത്തിക ദിവസം ആയിരം ചിരാതുകളുടെ പൊൻപ്രഭയിൽ കടലോരത്ത് പ്രകാശിച്ചു നിൽക്കുന്ന ഈ ക്ഷേത്രം നമ്മുടെ മനസ്സിൽ അതീന്ദ്രിയമായ ഈശ്വര ചൈതന്യം ചൊരിയുന്നു. നവരാത്രിയുടെ ഒമ്പതു നാളുകളിലും ഒമ്പതുഭാവങ്ങളിൽ ദർശനം നൽകുന്ന ദേവി ഓരോരുത്തരിലും അവശേഷിക്കുന്ന തിന്മകളെ അകറ്റി നന്മയുടെ സുന്ദരഭാവം ഭക്തരിലേയ്ക്ക് വർഷിക്കുന്നു.

മീനമാസത്തിലെ കാർത്തികയ്ക്ക് ആറാട്ടുനടത്തുന്ന ഈ ക്ഷേത്രത്തിൽ അതിനു പത്തുദിവസം മുമ്പ് ചെമ്പു ധ്വജത്തിൽ കൊടിയേറ്റം നടത്തുന്നു. ഉത്സവത്തിന് വൈവിധ്യമാർന്ന് ക്ഷേത്രകലകൾ ഇവിടെ അരങ്ങേറാറുണ്ട്. മാസംതോറും പൗർണ്ണമിക്ക് ആയിരക്കണക്കിന് ഭക്തന്മാർ ഇവിടെയെത്തി വ്രതാനിഷ്ഠാനത്തോടെ ദർശനം നടത്തുന്നു. കർക്കിടകത്തിലെ കറുത്തവാവിന് പതിനായിരകണക്കിന് ആളുകൾ പിതൃക്കളുടെ മോക്ഷപ്രാപ്തിക്ക് വേണ്ടി ഇവിടെ വന്ന് പ്രാർത്ഥിക്കുന്നു.

വൃത്താകൃതിയിലാണ് ശ്രീകോവിൽ നിർമ്മിച്ചിരിക്കുന്നത്. തിടപ്പള്ളി, നാലമ്പലം, വലിയമ്പലം, ബലിക്കൽപ്പുര, ആനപ്പന്തൽ, ചുറ്റുമതിൽ, കുളം വിശാലമായ ക്ഷേത്രമൈതാനം എന്നിവയെല്ലാംമുണ്ട് ചൊവ്വാ, വെള്ളി ഞായർ ദിവസങ്ങളിൽ അസംഖ്യം ഭക്തന്മാർ ഈ സന്നിധിയിൽ എത്തുന്നു. ഇഷ്ടകാര്യസിദ്ധിക്കായി നടത്തുന്ന പ്രധാന വഴിപാട് പായസമാണ്. പൗർണമി നാളിൽ ഐശ്വര്യ സിദ്ധിക്കായി ഐശ്വര്യപൂജ നടത്തപ്പെടുന്നു. തിരുവതാംകൂർ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള ക്ഷേത്രത്തിൽ താന്ത്രിക കർമ്മങ്ങൾ നടത്തുന്നത് തെക്കോടത്ത് കൂഴിക്കാട്ടില്ലക്കാരാണ്. സായാഹ്നങ്ങളിൽ കടലിന്റെ തിരമാലകൾ ആസ്വദിച്ചും, കടൽകാറ്റേറ്റും നടന്നു നീങ്ങുന്ന ഭക്തജനങ്ങൾ ഒടുവിൽ ദേവിയുടെ ക്ഷേത്രത്തിൽ എത്തി കൈകൾ കൂപ്പി വന്ദിച്ച് മടങ്ങുമ്പോൾ മനസ്സിൽ അവാച്യമായ ഒരു അനുഭൂതിയാണ് അനുഭവപ്പെടുന്നത്.



# Breast Feeding

**Dr. Kalyani Menon**

ആഗസ്റ്റ് മാസത്തെ ആദ്യത്തെ ആഴ്ച world breast Feeding week ആയി കൊണ്ടാടുന്നു. മുലയൂട്ടൽ പ്രോത്സാഹിപ്പിക്കാൻ വേണ്ടി. 1991 ൽ who/unicle ഉം baby Friendly Hospital initiative ന് തുടക്കമിട്ടു.

ശിശു സൗഹൃദ ആസ്പത്രികളിൽ പ്രസവിച്ചുടനെ (സാധാരണപ്രസവത്തിൽ 1 മണിക്കൂറിനകം) (സിസേറിയൻ പ്രസവത്തിൽ 4 മണിക്കൂറിനകം) നവജാതശിശുവിന് അമ്മ മുലപ്പാൽ കൊടുക്കുന്നു. പാലൂട്ടുന്ന വിധം പരിശീലനം ലഭിച്ച സ്റ്റാഫ് അമ്മയെ പഠിപ്പിച്ചു കൊടുക്കുന്നു. കുഞ്ഞിനെ വേറെ തൊട്ടിലിൽ കിടത്താതെ 24 മണിക്കൂറും അമ്മയുടെ കൂടെ വയ്ക്കുന്നു. പാലൂട്ടുന്നത് കുഞ്ഞിന്റെ ആവശ്യമനുസരിച്ചാണ്. (Demand Feeding) പ്രസവിച്ച് ആദ്യത്തെ 6 മാസം കുഞ്ഞിനു മുലപ്പാൽ മാത്രമേ കൊടുക്കുന്നുള്ളൂ വെള്ളം പോലും വേറെ കൊടുക്കേണ്ട ആവശ്യമില്ല. Weaning and Complimentary Foods തുടങ്ങിയാലും 2 വയസ്സ് കഴിയുന്നവരെ മുലയൂട്ടാൻ തുടരുനാൻ പ്രോത്സാഹിപ്പിക്കുന്നു.

കുഞ്ഞിന് ആവശ്യമുള്ള എല്ലാ പോഷകങ്ങളും വേണ്ട അളവിൽ കുഞ്ഞിന് Digest ചെയ്ത് Assimilate ചെയ്യാവുന്ന രൂപത്തിൽ മുലപ്പാലിൽ ഉണ്ട്. തലച്ചോറിന്റെ വളർച്ചയ്ക്ക് ആവശ്യമായ Long Chain Pufa, Glucose പ്രതിരോധ ശക്തി ഉണ്ടാക്കുന്ന ശ്വേതാണുക്കൾ അമ്മയിൽ നിന്ന് Passive Immunity കിട്ടുന്ന Immuno Globulins കുടലിന്റെ Maturation ന് സഹായിക്കുന്നു Growth Factors - പിന്നീട് Allergic രോഗങ്ങൾ വരാതിരിക്കാൻ സഹായിക്കുന്നു. മുലപ്പാൽ കുടിച്ച് വളരുന്ന കുഞ്ഞുങ്ങൾക്ക് ബുദ്ധിവികാസവും Allergic Bacterial and Virius രോഗങ്ങൾ കുറവും കാരണമായ Infections കുറവായും കണ്ടുവരുന്നു.

Brest Feeding Initiate ചെയ്ത ശേഷം, മുലപ്പാലിന്റെ ഉത്പാദനം, Brest Emptying അനുസരിച്ചാണ്. പാലു കെട്ടിനിന്നാൽ Negative feed back അനുസരിച്ച് പാലിന്റെ ഉത്പാദനം കുറയുന്നു, അതുകൊണ്ട്

കുഞ്ഞിന് വേണ്ട അളവിൽ പാൽ കിട്ടുന്നതിന് അമ്മയ്ക്ക് വേദനയോ ബുദ്ധിമുട്ട് കൂടാതെ കൊടുക്കാനുള്ള കഴിവും ഉണ്ടാവാൻ മുലയൂട്ടുന്നതിന്റെ ശരിയായ Method അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണ്.

ആവശ്യമുള്ള പാൽ കിട്ടികഴിഞ്ഞാൽ ശിശു തന്നത്താനെ കുടി നിറുത്തുന്നു. 1-2 മണിക്കൂർ സുഖമായി ഉറങ്ങുന്നു. ഇടയ്ക്കിടെ മൂത്രമൊഴിക്കുകയും 1-6 തവണ വരെ മലം പോകുകയും ചെയ്യുന്നു. ജനന സമയത്തെ തൂക്കം ആദ്യത്തെ 2 ആഴ്ചയിൽ വീണ്ടെടുക്കുന്നു. ആദ്യത്തെ 3 മാസം ആഴ്ചയിൽ ഏകദേശം 200 ഗ്രാം വീതവും 3 മുതൽ 6 മാസം വരെ ആഴ്ചയിൽ 150 ഗ്രാമും 6/12 മുതൽ 1 വയസ്സ് വരെ ആഴ്ചയിൽ 100ഗ്രാം വീതവും തൂക്കം കൂടുന്നു. (5 മാസത്തിൽ ജനനതൂക്കത്തിന്റെ ഇരട്ടിയാകുന്നു 1 വയസ്സിൽ ജനന തൂക്കത്തിന്റെ 3 ഇരട്ടിയും ആകുന്നു.)

കുഞ്ഞ് പാൽ കുടിച്ചിട്ടും പാൽ കെട്ടിനിൽക്കുന്നുണ്ടെങ്കിൽ കൈ കൊണ്ട് പാൽ Press ചെയ്തു. Manual or Mechanical Breast Pump) വൃത്തിയായ പാത്രത്തിൽ വയ്ക്കാം. Room Temperatureൽ 8 മണിക്കൂർ വരെ പാൽ ഇങ്ങനെ വെയ്ക്കാം.

മുലയൂട്ടുന്ന അമ്മമാർക്ക് പ്രസവത്തിനു ശേഷമുള്ള ശരീരതൂക്കം വീണ്ടെടുക്കാൻ സാധിക്കുന്നു. കുഞ്ഞിനു മുലപ്പാൽ മാത്രം കൊടുക്കുമ്പോൾആദ്യത്തെ 6 മാസം (Ovulation) അണ്ഡവിസർജ്ജനം ഉണ്ടാവാത്തതു കാരണം ഗർഭധാരണം ഉണ്ടാവാറില്ല സ്തനാർബ്ബുദം Ovarian Cancer എന്നിവയിൽ നിന്ന് ഒരളവുവരെ Protection നിൽക്കുന്നു.

## ഗാന്ധിസൂക്തം



*ഹൃദയം ശുദ്ധമാണെങ്കിൽ ശാരീരിക ദാഹങ്ങൾക്ക് നിലനിൽപ്പില്ല. എന്നാൽ എന്താണീ ഹൃദയം? എപ്പോഴാണു അത് ശുദ്ധമാകുക? ആത്മാവ് അഥവാ ആത്മാവിന്റെ ആസ്ഥാനമാണ് ഹൃദയം. ആത്മസാക്ഷാത്കാരത്തിലൂടെ സംശുദ്ധമായ ഹൃദയത്തിൽ വികാരാവേശങ്ങൾ ഉണ്ടാവില്ല. നാം ഹൃദയശുദ്ധിക്കുവേണ്ടി ശ്രമിക്കുന്നു. എന്നിട്ടു ഹൃദയത്തിനു ശുദ്ധി കൽപിക്കുന്നു. ഉദാഹരണത്തിന്, ഞാൻ നിന്നെ സ്നേഹിക്കുന്നു. അതിനർത്ഥം ഞാൻ നിന്നെ സ്നേഹിക്കാൻ ശ്രമിക്കുന്നു എന്നല്ലേ? നിരന്തരമായ സ്നേഹമുണ്ടെങ്കിൽ ഞാൻ തികച്ചും ബോധോദയമുള്ളവനാകുന്നു. എന്നാൽ സത്യത്തിൽ അങ്ങനെയല്ല താനും. എന്നോടു യഥാർത്ഥ സ്നേഹമുള്ളവർ എന്നെ വെറുക്കില്ല, എന്റെ വാക്കുകൾ തെറ്റിദ്ധരിക്കയുമില്ല. അതായത് ആരെങ്കിലും ശത്രുതാഭാവത്തോടെ നമ്മെ വീക്ഷിച്ചാൽ, അടിസ്ഥാനപരമായി തെറ്റ് നമ്മുടേതാണ്.... പരിപൂർണ്ണ സംശുദ്ധി ആത്യന്തിക ഘട്ടത്തിലുണ്ടാവുക, കൂടുതൽ കൂടുതൽ വിശുദ്ധി നേടും തോറും അതേ അളവിൽ ഇന്ദ്രിയങ്ങളുടെ മോഹങ്ങളും കുറഞ്ഞു വരുന്നു.*

***മഹാത്മഗാന്ധിയുടെ സമാഹൃത കൃതികൾ, വാല്യം12, പുറം 376***



# ദുര്യോധനപർവ്വം



മൃണാളിനി

വീണ്ടും ദ്യൂതക്ഷണനം പോയി. യുധിഷ്ഠിരൻ വിധിക്കു വിധേയനായ പാവയെപ്പോലെ ക്ഷണം സ്വീകരിച്ചു. ഇത്തവണ നിബന്ധന ചൂതിൽ തോറ്റാൽ പാണ്ഡവർ പന്ത്രണ്ടുവർഷം വനവാസത്തിനു പോകണം. പതിമൂന്നാമത്തെ വർഷം അജ്ഞാതവാസം കണ്ടുപിടിക്കപ്പെട്ടാൽ വീണ്ടും പന്ത്രണ്ടു വർഷത്തെ വനവാസം. യുധിഷ്ഠിരൻ ചൂതിൽ തോറ്റു. പാണ്ഡവർ ദ്രൗപദിയോടൊത്ത് രാജ്യമുപേക്ഷിച്ച് വനവാസത്തിനു പോയി.

ദുര്യോധനൻ വെറുതെയിരുന്നില്ല. കാട്ടിൽ പാണ്ഡവർക്ക് സൂര്യദേവൻ അനുഗ്രഹിച്ച് ഒരു പാത്രം ലഭിച്ചുവെന്നും അതിൽനിന്ന് എത്ര പേർക്ക് വേണമെങ്കിലും വിഭവസമൃദ്ധമായ ഭക്ഷണം ലഭിക്കുമെന്നും അയാൾ അറിഞ്ഞു. പക്ഷേ, ദ്രൗപദി ഭക്ഷണം കഴിച്ചു കഴിഞ്ഞാൽ പിന്നെ അതിൽ നിന്നൊന്നും ഉത്ഭവിക്കില്ല. അയാൾ കുടിലതയോടെ ദുർവ്വാസാവ് മഹർഷിയെ സ്വീകരിച്ച് വേണ്ടും വിധം പൂജിച്ച് പഞ്ചപാണ്ഡവരുടെ ദാനശീലത്തെയും മറ്റും ശ്ലാഘിച്ചു. കാട്ടിൽ പോയി അവരെക്കണ്ട് അവരുടെ ആതിഥ്യം സ്വീകരിച്ച് അവരെ അനുഗ്രഹിക്കണമെന്ന് അപേക്ഷിച്ചു. ശുദ്ധനായ മുനി ഇതുകേട്ട് സംപ്രീതനായി ദുര്യോധനനെ വേണ്ടുംവണ്ണം അനുഗ്രഹിച്ചു അവർ കാട്ടിലെത്തുമ്പോഴേക്കും ദ്രൗപദിയുടെ ഭക്ഷണം കഴിഞ്ഞിട്ടുണ്ടാവുമെന്നും മുനി കോപിക്കുമെന്നുമായിരുന്നു ദുര്യോധനന്റെ കണക്കുകൂട്ടൽ.

കാട്ടിലെത്തിയ ദുർവ്വാസാവിനെയും ശിഷ്യന്മാരെയും യുധിഷ്ഠിരൻ യഥാവിധി പൂജിച്ച് ഭോജനത്തിന് ക്ഷണിച്ചു. പാഞ്ചാലി പരിഭ്രമിച്ചു. അവളുടെ ഭോജനം കഴിഞ്ഞിരുന്നു. ഭക്ഷണസാമഗ്രികൾക്ക് ഇനിയെന്തു ചെയ്യും. അവൾ ഭക്തവത്സലനായ കൃഷ്ണനെത്തന്നെ ശരണം പ്രാപിച്ചു. അവൾ മനമുരുകി പ്രാർത്ഥിച്ച മാത്രയിൽ ഭഗവാൻ പ്രത്യക്ഷപ്പെട്ടു. ദ്രൗപദിയോട് പാത്രം കാണിക്കുവാൻ പറഞ്ഞു. അതിൽ പറ്റിപ്പിടിച്ചിരുന്ന ചീരയില ചവച്ചുകൊണ്ട് മന:ക്കണ്ണുകൊണ്ട് ദുർവ്വാസാവിനെ കണ്ടു. അദ്ദേഹവും പരിവാരങ്ങളും സ്നാനത്തിനായി അടുത്തുള്ള നദിയിൽ പോയിരിക്കുകയായിരുന്നു. പെട്ടെന്ന് അവർക്കെല്ലാം വയറു നിറഞ്ഞതുപോലെയും ഇനി ഒരു തരി അന്നം പോലും കഴിക്കാൻ വയ്യാത്ത അവസ്ഥ വന്നതുപോലെയും തോന്നി. എങ്ങനെ യുധിഷ്ഠിരനെ നേരിടുമെന്നറിയാതെ അവർ കുഴങ്ങി. തപോവര്യനായ ദുർവ്വാസാവ് മഹർഷി തന്റെ മന:ക്കണ്ണ് കൊണ്ട് സംഭവിച്ചതിന്റെയെല്ലാം സത്യാവസ്ഥ തിരിച്ചറിഞ്ഞ് അദ്ദേഹം ദുര്യോധനന് നല്കിയ വരങ്ങളെല്ലാം തിരിച്ചെടുക്കുക എന്നു മാത്രമല്ല കുറെ ശാപവും നല്കി.

ഒരുപാട് ശാപങ്ങൾ തന്റെ തലയ്ക്കു മീതെ വന്നിട്ടും ദുര്യോധനന്റെ ദമം അടങ്ങിയില്ല. അടുത്തതായി കാട്ടിൽ പോയി സന്നാഹങ്ങളോടെ പാണ്ഡവരുടെ അടുത്ത് തമ്പടിച്ച് താമസിച്ച് തങ്ങളുടെ പ്രൗഢിയും

പ്രാഗത്ഭ്യങ്ങളും അവരുടെ മുമ്പിൽ പ്രദർശിപ്പിച്ച് അവരെ ദുഃഖിപ്പിക്കാനുള്ള മാർഗ്ഗം അയാൾ ആലോചിച്ചു. അവർ തമ്പുറപ്പിക്കാൻ ചെന്ന പ്രകൃതിമനോഹര മായ സ്ഥലത്ത് ഗന്ധർവ്വരാജൻ ചിത്രരഥൻ തന്റെ സഖിമാരുമായി താമസമുറപ്പിച്ചിരുന്നു. അഹങ്കാരത്തിന്റെ മൂർത്തീമദ്ഭാവത്തിൽ ദുര്യോധനൻ അരിശം കൊണ്ടു. അവരെ യുദ്ധം ചെയ്ത് തോല്പിച്ചോടിക്കാൻ പരിവാരങ്ങളെ വിട്ടു. ഇത് ഗന്ധർവ്വ രാജനെപ്രകോപിപ്പിച്ചു. ഘോരമായ പോരാട്ടം അവർ തമ്മിൽ നടന്നു. ഒടുവിൽ ദുര്യോധനന്റെ സേനകളെ ഹസ്തിനപുരി യിലേക്ക് ഓടിച്ചിട്ട് ഗന്ധർവ്വൻ നൂറു പേരേയും ശകുനിയെയും കൈയും കാലും ചേർത്ത് കുറ്റികളിൽ കെട്ടിയിട്ടു. അവരുടെ ദീനരോദനം കേട്ട് ദയ തോന്നി ധർമ്മ ശാലിയായ യുധിഷ്ഠിരൻ തന്റെ സഹോ ദരന്മാരെ വിട്ട് അവരെ ബന്ധനത്തിൽ നിന്ന് മോചിപ്പിച്ചു. ദുര്യോധനന് നന്ദിയല്ല മറിച്ച് വിദ്വേഷവും അടക്കാൻ വയ്യാത്ത ആത്മനിന്ദയുമാണ് തോന്നിയത്. ജാത്യാലു ള്ളത് തൂത്താൽ പോകുമോ?

പന്ത്രണ്ടുവർഷക്കാലത്തെ വനവാസം തീർന്നപ്പോൾ അജ്ഞാതവാസത്തിനായി പാണ്ഡവർ മത്സ്യരാജ്യം തെരഞ്ഞെടുത്തു. അവിടെ വിരാട രാജധാനിയിൽ വിവിധ പദവികളിൽ അവർ സ്ഥാനങ്ങൾ ചോദിച്ചു വാങ്ങി. യുധിഷ്ഠിരൻ രാജാവിന്റെ ഉപദേഷ്ടാവായിരുന്നു. ഭീമൻ പാചകശാല യിലെ പ്രധാനി. അർജ്ജുനന് ഉർവ്വശിയാൽ ശാപം കിട്ടിയതുകൊണ്ട് നപുംസകത്വം സ്വീകരിച്ച് ബൃഹന്ദളയായി. രാജാവിന്റെ മകൾ ഉത്തരയെ നൃത്തവാദ്യങ്ങൾ പരിശീലിപ്പിക്കൽ ഏറ്റെടുത്തു. നകുലൻ അശ്വശാലയിലും, സഹദേവൻ പശുപാലക നുമായി. മഹാരാജ്ഞിയായ സുദേഷ്ണ യുടെ തോഴിയായി ദ്രൗപദി കഴിഞ്ഞു. അജ്ഞാതവാസത്തിന്റെ അവസാന വേളയിൽ പല യുദ്ധങ്ങളിലും പങ്കെടുത്ത് രാജ്ഞിയുടെ സഹോദരനും രാജസേനാ നായകനുമായ കീചകൻ അവിടെ എത്തി. അയാൾ പാഞ്ചാലിയിൽ ആകൃഷ്ടനായി കാമാസക്തനായി അയാൾ ആഗ്രഹപൂർത്തീ കരണത്തിനായി സ്വന്തം സഹോദരി സുദേഷ്ണയോട് പറഞ്ഞ് പാഞ്ചാലിയെ അയാളുടെ മുറിയിലെത്തിച്ചു. അയാൾ ശൃംഗാരവിവശനായി പല പ്രലോഭനങ്ങളും നല്കിയെങ്കിലും അവൾ വഴങ്ങിയില്ല. അപ്പോൾ അയാൾ അവളെ കടന്നുപിടിച്ചു. അവൾ മാനരക്ഷാർത്ഥം പിടിവിട്ടോടി രാജ്യസഭയിൽ ചെന്നു. വിരാടരാജാവിന്റെ മുമ്പിൽ സാഷ്ടാംഗം വീണു. നീചനായ കീചകൻ അവളെ കാലുകൊണ്ടു ചവുട്ടി അസഭ്യം വർഷിച്ചു. രാജാവ് തടഞ്ഞില്ല. രാജാവിന്റെ ഉപദേഷ്ടാവായിരിക്കുന്ന യുധിഷ്ഠിരൻ ദ്രൗപതിയോട് രാജ്യസഭയിൽ വന്ന് ബഹളം വെയ്ക്കാതെ അന്തഃപുര ത്തിലേക്കു പോകുവാൻ പറഞ്ഞു. കൂടാതെ രാത്രിഭക്ഷണം വിളമ്പാനുള്ള ഏർപ്പാടുകൾ അന്വേഷിക്കുവാനും.

ദ്രൗപദി ദുഃഖഭാരം സഹിക്കാൻ കഴിയാതെ രാത്രി ഭീമസേനനെ ഉണർത്തി തന്റെ ദയനീയസ്ഥിതി പറഞ്ഞു. ഭീമസേനൻ വികാരാധീനനായി. അജ്ഞാതവാസവും ദുര്യോധനന്റെ നിബന്ധനകളും ഒന്നും പ്രശ്നമാക്കാതെ കീചകനെയും അയാളുടെ കിങ്കരന്മാരെയും വധിക്കാമെന്നും പറഞ്ഞു. അവിവേകത്തിലേക്ക് എടുത്തുചാടേണ്ട എന്നുപറഞ്ഞ് ദ്രൗപദി ഭീമസേനനുമൊത്ത് കീചകനെ വധിക്കാനുള്ള പദ്ധതി തയ്യാറാക്കി.

പിറ്റേന്ന് രാവിലെ കീചകൻ വീണ്ടും ദ്രൗപദിയോട് വശീകരണ വചനങ്ങൾ പറഞ്ഞപ്പോൾ അവൾ അനുകൂല ഭാവത്തിൽ താൻ കീഴടങ്ങാൻ തയ്യാറാണെന്നും രാത്രി ആരുമറിയാതെ നാടകശാലയിൽ വന്നാൽ സന്ധിക്കാമെന്നും പറഞ്ഞു. സന്തുഷ്ടനായ കീചകൻ അലങ്കാരവിഭൂഷിതനായി രാത്രി നാടകശാലയിലെത്തി. അവിടെ ഒരു തല്പത്തിൽ പുതച്ചുമൂടികിടന്ന രൂപത്തെക്കണ്ട് ദ്രൗപദിയാണെന്ന് കരുതി വേഗത്തിൽ ചെന്നു പുണർന്നു. പെട്ടെന്ന് ഭീമസേനൻ പുതപ്പിനുള്ളിൽ നിന്ന് ചാടിയെഴുന്നേറ്റ് കീചകനെ പ്രഹരിച്ചു. തുടർന്ന് അവർ തമ്മിൽ നടന്ന ഉഗ്ര

സംഘട്ടനത്തിൽ ഭീമൻ കീചകനെ ചതച്ചരച്ച് ശ്വാസംമുട്ടിച്ച് വധിച്ചു.

പിറ്റേന്ന് രാവിലെ ഈ വിവരം അറിഞ്ഞ കൊട്ടാരവാസികളോട് തനിക്ക് ഗന്ധർവ്വന്മാരായ അഞ്ചു ഭർത്താക്കന്മാരുണ്ട് എന്നും, അവർ കീചകനോട് പകപോക്കിയതാണ് എന്നും ദ്രൗപദി പറഞ്ഞു. അവർ വിശ്വസിച്ചു. ഈ വാർത്ത ഹസ്തിനപുരത്തെത്തി. കൗരവർക്ക് സംശയം തോന്നി. കീചകൻ ഭീമാകാരനായിരുന്നു. അയാളെ കൊല്ലണമെന്നുണ്ടെങ്കിൽ അത് ഭീമസേനൻ തന്നെയായിരിക്കുമെന്ന് അവർ സംശയിച്ചു. ഒളിച്ചുകഴിയുന്ന പാണ്ഡവരെ പുറത്തു കൊണ്ടുവരുവാൻ ശകുനി തന്ത്രങ്ങൾ ആസൂത്രണം ചെയ്തു. മത്സ്യരാജ്യത്തെ ഇരുവശത്തുനിന്നുമായി ആക്രമിച്ചാൽ ധർമ്മജ്ഞരായ പാണ്ഡവർ രാജ്യത്തെ രക്ഷിക്കാനായി പുറപ്പെടുമെന്ന് അയാൾ ദുര്യോധനനോടു പറഞ്ഞു. അയാൾ അപ്രകാരം ചെയ്തു.

തെക്കുനിന്ന് മത്സ്യരാജ്യത്തെ ദുര്യോധനന്റെ സംബന്ധിയായ സുശർമ്മനെന്ന രാജാവ് ആക്രമിച്ചു. വിരാടരാജാവ് തന്റെ സൈന്യങ്ങളും തന്റെ ഉപദേഷ്ടാവായിരുന്ന യുധിഷ്ഠിരൻ പറഞ്ഞ പ്രകാരം നപുംസകത്വം ആർജ്ജിച്ച് ബൃഹന്ദളയായ അർജ്ജുനെ അയച്ച് മറ്റു നാലു പാണ്ഡവരുമായി സുശർമ്മന്റെ സേനയെ എതിരിടാൻ പോയി. ഇതേ സമയം കൗരവസേന ഭീഷ്മപിതാമഹന്റെ നേതൃത്വത്തിൽ വടക്കുനിന്ന് ആക്രമിച്ചു. കീചകൻ മരിച്ച അവസ്ഥയിൽ രാജ്യത്തെ രക്ഷിക്കുവാൻ യുവാവായ ഉത്തരൻ എന്ന രാജകുമാരൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ദ്രൗപദി രാജ്ഞിയോട് ബൃഹന്ദള വളരെ നല്ല തേരാളിയാണെന്നും പണ്ട് പാണ്ഡവരിൽ അർജ്ജുനന്റെ തേരോടിച്ചിരുന്നു എന്നും പറഞ്ഞു. ബൃഹന്ദള തേരാളിയായാൽ രാജകുമാരന് വിജയമേ ഭവിക്കുമെന്ന് സമർത്ഥിച്ചു. രാജ്ഞി ആകാംക്ഷയോടെയാണെങ്കിലും മറ്റു പോംവഴിയില്ലാത്തതുകൊണ്ട് രാജകുമാരനെവിട്ടു. താൻ യുദ്ധം ജയിച്ചുവരുമെന്ന് വീമ്പിളക്കിക്കൊണ്ട് ഉത്തരൻ യാത്രയായി.

കൗരവപ്പടയെ ദൂരെനിന്നു കണ്ടപ്പോൾ തന്നെ ഉത്തരൻ ഭയാകുലിതനായി. ബൃഹന്ദള തേര് ഒരു വൃക്ഷത്തിന്റെ ചുവട്ടിൽ കൊണ്ടുചെന്ന് മരത്തിൽ കെട്ടിത്തൂക്കിയിരിക്കുന്ന ഭാണ്ഡക്കെട്ട് ഉത്തരനോട് താഴേക്ക് എടുത്തുകൊണ്ടു വരുവാൻ പറഞ്ഞു. അവൻ മടിച്ചു മടിച്ചു അനസരിച്ചു. കെട്ടു തുറന്നു. അസ്ത്രശസ്ത്രങ്ങൾ കണ്ടപ്പോൾ അവൻ അന്തംവിട്ടു. ഭയഭക്തിയോടെ അവ തൊട്ടു. അപ്പോൾ അർജ്ജുനൻ തന്റെ യുദ്ധച്ചട്ടയണിഞ്ഞ് അഴിഞ്ഞമുടി ഒരു തൂവാലകൊണ്ട് കെട്ടി താൻ ആരാണെന്നും തങ്ങൾ പഞ്ചപാണ്ഡവർ വിരാടന്റെ രാജ്യത്തിൽ അജ്ഞാതവാസം നടത്തുകയായിരുന്നു എന്നും പറഞ്ഞു. ഉത്തരന് ധൈര്യം കൊടുത്തിട്ട് തേരോടിക്കാൻ ചുമതല ഏല്പിച്ചു. പിന്നീട് കിഴക്കു തിരിഞ്ഞ് ധ്യാനം ചെയ്തിട്ട് തന്റെ പഴയ യുദ്ധഗാംഭീര്യത്തോടെ അർജ്ജുനൻ ഗാണ്ഡീവത്തിന്റെ ഞാണൊലി കേൾപ്പിച്ച് ശത്രുസേനയെ എതിരിട്ടു.

അർജ്ജുനന്റെ വരവു കണ്ടപ്പോൾ കൗരവപ്പട വിറ കൊണ്ടു. ദ്രോണർ പറഞ്ഞു "ആ വരുന്നത് അർജ്ജുനനെപ്പോലെ തോന്നുന്നു" ദുര്യോധനൻ ഉന്മത്തനായി. അങ്ങനെയെങ്കിൽ പാണ്ഡവരുടെ അജ്ഞാതവാസം കണ്ടുപിടിക്കപ്പെട്ടു എന്നും വീണ്ടും പന്ത്രണ്ടുവർഷത്തേയ്ക്ക് കാട്ടിൽ പറഞ്ഞയയ്ക്കാമെന്നും അയാൾ ഉദ്ഘോഷിച്ചു. അർജ്ജുനനെ നേരിട്ട് താൻ തോല്പിക്കുന്നത് കണ്ടു കൊള്ളൂ എന്ന് കർണ്ണൻ വീമ്പിളക്കി. അർജ്ജുനന്റെ വരവ് സൂക്ഷിക്കണമെന്നു പറഞ്ഞ കൃപാചാര്യരെ അയാൾ ബ്രാഹ്മണത്വം കല്പിച്ച് നിന്ദിച്ചു. ഇത് അശ്വത്ഥാമാവിനെ രോഷാകുലനാക്കി. ഭീഷ്മർ ആപത്ത് നേരിടുമ്പോൾ എല്ലാവരും ക്ഷമയോടെ സമചിത്തരായി വർത്തിക്കണമെന്നു പറഞ്ഞ് ഏവരേയും ശാന്തരാക്കി.

അവർ സേനയെ മുന്നാക്കിതിരിച്ച് ഒരു ഭാഗം മത്സ്യരാജ്യത്തിന്റെ ഗോക്കളെ വളഞ്ഞു കൊണ്ടു പോകാനും മറ്റൊരു ഭാഗം ദുര്യോധനനെ ചുറ്റിലും നിന്ന് സംരക്ഷിക്കു വാനും ബാക്കിയുള്ള സൈന്യവും, ഭീഷ്മരും, ദ്രോണരും, കൃപരും, കർണ്ണനും മറ്റും അർജ്ജുനനെ നേരിടാനുമായി അണി നിരന്നു. അർജ്ജുനനാകട്ടെ ദുര്യോധനനെ പിന്തുടരാനായി ഗുരുവരന്മാരെ വന്ദിച്ചു കൊണ്ട് പോകുന്ന മദ്ധ്യേ ഗോക്കളെ വളഞ്ഞുകൊണ്ടുപോകുന്ന സൈന്യത്തെ തുരത്തിയോടിച്ചു. അവയെ പശുപാലക ന്മാർക്കു നല്കി. വീണ്ടും ദുര്യോധനനെ നേരിടാനായി തുടർന്നപ്പോൾ ഭീഷ്മ ദ്രോണാദികൾ രക്ഷയ്ക്കെത്തി അർജ്ജു നനെ എതിരിട്ടു. തുടർന്നുള്ള യുദ്ധത്തിൽ ആദ്യം തന്നെ കർണ്ണൻ തോറ്റോടി. അർജ്ജുനനോട് യുദ്ധം ചെയ്ത് ഭീഷ്മ ദ്രോണാദികൾ തളർന്നു. വീണ്ടും ദുര്യോധനനെ പിന്തുടരവെ അർജ്ജുനന്റെ നിന്ദാവചനങ്ങൾ കേട്ട് അയാൾ പാമ്പിനെ പ്പോലെ തിരിഞ്ഞുനിന്ന് എതിർത്തു. പക്ഷേ അർജ്ജുനന്റെ ശരവർഷത്തിനു മുമ്പിൽ അയാൾ തോറ്റോടി. തുടർന്ന് വീണ്ടും അർജ്ജുനനെ നേരിട്ട ഭീഷ്മരുമായി ഗംഭീരയുദ്ധത്തിനുശേഷം മോഹാസ്ത്രം കൊണ്ട് അവരെയെല്ലാം അബോധാവസ്ഥ യിലാക്കി. അവരുടെ മേൽവസ്ത്രം ഉരിഞ്ഞെടുത്ത് വിജയസൂചകമായി അത് ഉത്തരന് നല്കിയിട്ട് പഴയ ബൃഹന്ദളയുടെ വേഷത്തിൽ തിരിച്ച് വിരാടരാജധാനി യിലേക്കു യാത്രയായി.

അവിടെയെത്തിയ ഉത്തരൻ വൃത്താന്ത ങ്ങളെല്ലാം പിതാവിനെ അറിയിച്ചു. തന്റെ ദാസന്മാരായി നിന്നവർ പഞ്ചപാണ്ഡ വരാണെന്നറിഞ്ഞ വിരാടൻ അതിസന്തുഷ്ട നായി. തന്റെ മകൾ ഉത്തരയെ വിവാഹം കഴിക്കണമെന്ന് അർജ്ജുനനോട് രാജാവ് അഭ്യർത്ഥിച്ചു. ഗുരുസ്ഥാനീയനായ താൻ അതിനർഹനല്ലെന്നു പറഞ്ഞ് തന്റെ പുത്രനായ അഭിമന്യുവിനെക്കൊണ്ട് അവളെ വിവാഹം കഴിപ്പിച്ചു.

അതേസമയം കൗരവസഭയിൽ, തോറ്റെങ്കിലും പാണ്ഡവരെ കണ്ടുപിടിച്ചു എന്നു പറഞ്ഞ് ഹർഷോന്മാദം പൂണ്ട ദുര്യോധനനോട് ഭീഷ്മർ പറഞ്ഞു. അഹങ്കരിക്കേണ്ട. അർജ്ജുനനെ നേരിൽ കണ്ട സമയത്ത് പന്ത്രണ്ടുവർഷക്കാലം പിന്നിട്ടു കഴിഞ്ഞിരുന്നു. എന്തുവന്നാലും താൻ അവരുടെ അർദ്ധരാജ്യം വിട്ടുകൊടുക്കു കയില്ല എന്ന് ദുര്യോധനൻ ശഠിച്ചു.

അപ്പോൾ പാണ്ഡവർ ഉപപ്ലാവ്യത്തിൽ താമസിച്ച് തങ്ങളുടെ അർഹതപ്പെട്ട രാജ്യം വീണ്ടെടുക്കുവാൻ മാർഗ്ഗങ്ങളാലോചിച്ചു. കൃഷ്ണനോട് സന്ധിസംഭാഷണ ദൂതിനായി അഭ്യർത്ഥിച്ചു. ഭഗവാൻ സമ്മതിച്ചു. അപ്പോൾ അഴിച്ചിട്ട മുടിയുമായി വന്ന ദ്രൗപദി കൃഷ്ണനോട് കേണു കരഞ്ഞു. കൃഷ്ണാ എനിക്കു വന്നുചേർന്ന അപമാനവും ഞാനിക്കാലമത്രയും അനു ഭവിച്ച ദുഃഖവും സന്ധിസംഭാഷണത്തിനു പോകുമ്പോൾ അങ്ങോർക്കണം. ഭഗവാൻ പ്രതിവചിച്ചു. "പാർത്ഥേ നീ ദുഃഖിക്കേണ്ടി വരില്ല. നിന്റെ ദുരനുഭവങ്ങൾക്കെല്ലാം പകരം വീട്ടാനുള്ള സന്ദർഭം വന്നുചേരും. സമാധാനമായിരിക്കൂ.

*തുടരും.*

> കുറ്റം പറഞ്ഞു പരിഹസിക്കുന്നവർ-
> ക്കറ്റമില്ലേതും വിചാരിച്ചു കാണുമ്പോൾ
>
> കുഞ്ചൻ നമ്പ്യാർ



വിജയ മേനോൻ

# നവരാത്രി പൂജയും കുമാരി പൂജയും

അശ്വിത മാസത്തിലെ (കന്നി-തുലാം) ശുക്ളപക്ഷ പ്രഥമ മുതൽ നവമി വരെയുള്ള ഒമ്പതു ദിവസത്തെ നവരാത്രമെന്നും തുടർന്നുള്ള ദശമിയെ വിജയദശമിയെന്നും പറയുന്നു. ഈ ഒമ്പതു ദിവസങ്ങൾ ദേവീപൂജയ്ക്ക് വിശേഷപ്പെട്ടതാണ്. നവം എന്ന വാക്കിന് ഒമ്പത് എന്നും, പുതിയത് എന്നും അർത്ഥമുണ്ട്. ദേവിയെ ആരാധിക്കുവാൻ തുടങ്ങുന്ന പുതിയ ദിവസമെന്നും ഇതിനെ വിശേഷിപ്പിക്കാം. പകലിന്റെ അധിപതി സൂര്യനും രാത്രിയുടെ അധിപതി ചന്ദ്രനുമാണ്. ചന്ദ്രന്റെ അധിദേവത ശക്തി (ദുർഗ്ഗ) യാണ്. ചന്ദ്രനും, ദുർഗ്ഗയ്ക്കും പ്രാധാന്യമുള്ള, ശുക്ലപക്ഷത്തിലെ, രാത്രികൾക്കു തന്നെയാണ് പ്രാധാന്യം. അതിനാൽ തന്നെ നവദിനം എന്നല്ലാതെ നവരാത്രി എന്നത് അർത്ഥവത്താകുന്നു.

ഇത്തവണത്തെ പ്രഥമ (നവരാത്രി ആരംഭം) കന്നിമാസം 27-ാം തീയതിയാണ്. തുലാം 6ൽ വിജയദശമി അഥവാ പൂജയെടുപ്പ്. ശ്രീമദ് ദേവീ ഭാഗവതത്തിൽ പറയുന്നു, നവരാത്രികാലത്ത് നവാഹയജ്ഞം നടത്തി പുണ്യം നേടേണ്ടതിന്റെ ആവശ്യകതയെപ്പറ്റി. നവരാത്രിദിനങ്ങളിൽ മഹാകാളി, ലക്ഷ്മീദേവി, സരസ്വതി എന്നിവരെയാണ് പൂജിക്കുക. ദുർഗ്ഗാദേവിയിൽ ഇവർ മൂവരുടെയും ചൈതന്യമുണ്ട്. കേരളത്തിൽ അഷ്ടമി, നവമി, ദശമി ഈ മൂന്നു നാളുകളിലാണ് പൂജയ്ക്ക് പ്രാധാന്യം കൊടുക്കുന്നത്. ഇത്തവണ സപ്തമിയിലാണ് പൂജവെയ്ക്കുന്നത്. പ്രഥമ മുതൽ യഥാക്രമം കുമാരി, ത്രിമൂർത്തി, കല്യാണി, രോഹിണി, കാളി, ഖണ്ഡിക, ശാംഭവി, ദുർഗ്ഗ, സുഭദ്ര, ഷോഡശി എന്നീ ദേവീഭാവങ്ങളെ പൂജിക്കുന്നു. ഷോഡശി, ശ്രീവിദ്യ അഥവാ സരസ്വതി തന്നെയാണ്. നവരാത്രി പൂജയിൽ സംഹാരദേവതയായ കാളിയെ അഷ്ടമിയിലും സ്ഥിതിദേവതയായ ലക്ഷ്മിയെ നവമിയിലും സൃഷ്ടിദേവതയായ സാക്ഷാൽ സരസ്വതീദേവിയെ വിജയദശമിയിലും പൂജിക്കുന്നു. അഷ്ടമിയിൽ ദേവിയെ പ്രസാദിപ്പിച്ച് മനസ്സിലെ എല്ലാ ദുർവിചാരങ്ങളും നശിപ്പിക്കണം. മഹാനവമിയിൽ കർമ്മത്തിന് സഹായകമാകുന്നവയെല്ലാം ദേവിക്ക് സമർപ്പിക്കണം. അന്നാണ് പുസ്തകപൂജയും ആയുധപൂജയും. ഇവയെല്ലാം ദേവിക്ക് സമർപ്പിച്ച് പവിത്രമാക്കി വീണ്ടും കർമ്മമണ്ഡലത്തിൽ പ്രവേശിക്കുമ്പോൾ ദേവിയുടെ അനുഗ്രഹം പൂർണ്ണമായും ലഭിക്കുകയും പുതിയ ചൈതന്യവും ഉന്മേഷവും ഉളവാകുകകയും ചെയ്യും.

ദേവി മഹിഷാസുരനെ വധിച്ച ദിവസമാണ് വിജയദശമി. മഹിഷൻ എന്ന അസുരൻ ബ്രഹ്മാവിനെപ്രീതിപ്പെടുത്തി, സ്ത്രീയാൽ മാത്രമേ മരണം സംഭവിക്കാവൂ എന്ന വരം നേടിയിരുന്നു. അനന്തരം മഹിഷൻ

ദേവന്മാരെ കീഴ്പ്പെടുത്തി ത്രിലോകാധി പതിയായി വാണു. പൊറുതിമുട്ടിയ ദേവന്മാർ വിഷ്ണുവിനെ ശരണം പ്രാപിച്ചു. തുടർന്ന് എല്ലാ ദേവന്മാരുടെയും ചൈതന്യം കൂടിച്ചേർന്ന് 18 തൃക്കൈകളോടെ ദേവി ആവിർഭവിച്ചു. ഈ ദേവിയാണ് മഹിഷാസുരമർദ്ദിനി. രാവണവധത്തിനായ രാമൻ പുറപ്പെട്ട ദിവസമാണ് വിജയദശമി എന്നും സങ്കല്പമുണ്ട്. കുരുക്ഷേത്രയുദ്ധ ത്തിനുമുമ്പ് പാണ്ഡവർ നവരാത്രിവ്രതം അനുഷ്ഠിച്ച് ദുർഗ്ഗയെ പൂജിച്ചുവെന്നും പറയപ്പെടുന്നു.

വിജയദശമിനാളിൽ വിദ്യാരംഭം കുറിക്കുന്നതും നൂതനകാര്യങ്ങൽ തുടങ്ങുന്നതും ശ്രേഷ്ഠമായി കരുതുന്നു. നവരാത്രി ആചരണത്തിന് ശക്തി ഉപാസനയുമായി ബന്ധമുണ്ട്. ബ്രഹ്മം പരിണമിച്ച് ഉണ്ടായതാണ് പ്രപഞ്ചം. ഈ പ്രപഞ്ചത്തെ ചലനാത്മകമാക്കുന്നത് ശക്തിയാണ്. ഇത് ശ്രീമദ് ദേവീ ഭാഗവതത്തിൽ വേദവ്യാസ മഹർഷി പറയുന്നുണ്ട്. ശക്തിയെ ഉപാസിക്കുന്ന സമ്പ്രദായത്തെ ശാക്തേയമെന്നും അതിന് ആധാരമായ തന്ത്രത്തെ ശാക്തേയതന്ത്ര മെന്നും പറയുന്നു. ആദി ശങ്കരാചാര്യർ തന്റെ പ്രശസ്തമായ "സൗന്ദര്യലഹരി"യിൽ ആദ്യ ശ്ലോകത്തിൽ തന്നെ പറയുന്നു:

"ശിവശക്ത്യായുക്തോയദി ഭവതിശക്ത:
പ്രഭവിതും
നചേദേവം ദേവോ നഖലുകുശല:
സ്പന്ദിതുമപി
അതസ്ത്വാമാരാദ്ധ്യാം ഹരിഹര
വിരിഞ്ചാദിഭിരപി
പ്രണന്തും സ്തോതും വാ കഥമകൃത
പുണ്യ: പ്രഭവതി"

പ്രപഞ്ചത്തിന് ആരാധ്യയായ മാതാവേ! ശിവൻ ശക്തിസ്വരൂപിണിയായ അങ്ങയോടു കൂടി ചേരുന്നുവെങ്കിൽ സൃഷ്ടി സ്ഥിതി സംഹാരാദി കർമ്മങ്ങൾ ചെയ്യുന്നതിന് ശക്തനായിത്തീരുന്നു. അങ്ങനെയല്ലെങ്കിൽ ശിവന് സ്പന്ദിക്കുന്നതിനുപോലും കഴിയുകയില്ല. അതുകൊണ്ട് വിഷ്ണു, ശിവനൻ ബ്രഹ്മാവ് തുടങ്ങിയവരാലും ആരാധ്യയായ അങ്ങയെ നമസ്കരിക്കുന്ന തിനും, സ്തുതിക്കുന്നതിനും പുണ്യം ചെയ്യാത്തവൻ എങ്ങനെ ശക്തനായിത്തീരും.

ഭാരതീയ സംസ്കാരത്തിൽ ശക്തിയുടെ പ്രതിരൂപമായി സ്ത്രീയെ സങ്കല്പിക്കുന്നു. സനാതനധർമ്മത്തിൽ വിവാഹം ശിവശക്തി ബന്ധത്തെ സൂചിപ്പിക്കുന്നു. ശിവശക്തി മേളനമാണ് യാഥാർത്ഥ്യത്തിൽ വിവാഹ സംസ്കാര കർമ്മത്തിൽ നടക്കുന്നത്. അങ്ങനെയുള്ള ശക്തിയെ ആചരിക്കേണ്ട വിധത്തെയാണ് യഥാർത്ഥത്തിൽ നവരാത്രി കാലങ്ങളിൽ നടക്കുന്നത്, കേവലം വിദ്യാരംഭം മാത്രമല്ല.

നവരാത്രികാലത്തെ പ്രധാന ആചരണ മാണ് വ്രതവും കുമാരിപൂജയും. ശ്രീമദ് ദേവീഭാഗവതം തൃതീയസ്കന്ധം ഇരുപത്തി യാറാം അദ്ധ്യായത്തിൽ കുമാരിപൂജയെ പ്പറ്റിയും ഇരുപത്തിയേഴാം അദ്ധ്യായത്തിൽ അതിന്റെ ഫലത്തെപ്പറ്റിയും വ്യാസമഹർഷി ജനമേജയരാജാവിന് ഉപദേശിക്കുന്നുണ്ട്.

ശരത്കാലവും വസന്തകാലവും കാല പുരുഷന്റെ ദംഷ്ട്രങ്ങളാണത്രേ. ഈ രണ്ടു ഋതുക്കളിലും മനുഷ്യന് പലവിധത്തിലുള്ള രോഗങ്ങളും നാശങ്ങളും സംഭവിക്കുമെന്നും അതിൽ നിന്ന് രക്ഷപ്പെടുവാനായി രണ്ടു ഋതുക്കളിലും ചണ്ഡികാപൂജ ചെയ്യണ മെന്നും വ്യാസമഹർഷി പറയുന്നു. ശരത്കാലത്ത് നവരാത്രി പൂജയായും വസന്തകാലം പൂര ഉത്സവമായും നാം ശക്തിയെ ആരാധിക്കുന്നു.

അമാവാസിനാൾ തൊട്ട് വ്രതം തുട ങ്ങേണ്ടതാണ്. സസ്യാഹാരം മാത്രം കഴി ക്കുകയും അത് ഒരു നേരം മാത്രമാക്കുകയും വേണം. ദേവീഭാഗവതമോ, ദേവീ മാഹാത്മ്യമോ ദിവസവും വായിക്കേണ്ട താണ്. സിംഹാരൂഢയായ ദേവിയുടെ വിഗ്രഹമോ പടമോ വച്ച് പൂജിക്കുകയും ആവാം. പൂജ ചെയ്യുകയാണെങ്കിൽ ഈ ശ്ലോകത്തിൽ ആരംഭിക്കാം.

"കരിഷ്യാമിവ്രതം മാതർ
നവരാത്രമനുത്തമം
സാഹായ്യംകുരുമേ ദേവീ ജഗദംബ
മമാഖിലം"

ജഗദംബികേ ഞാൻ നവരാത്രിവ്രതം തുടങ്ങുകയാണ്. എനിക്ക് എല്ലാവിധ സഹായങ്ങളും (അനുഗ്രഹം) നൽകേണമേ. പൂക്കൾ അർപ്പിക്കാം. മന്ദാരം, അശോകം, ചെമ്പകം, മുല്ല, പ്ലാശിൻ പൂവ്, പനിനീർ പൂവ്, വില്യപത്രം ഇവയെല്ലാം ദേവിക്ക് പ്രിയങ്കരമാണ്. നാളികേരം, പഴം, നാരങ്ങ, കദളിപ്പഴം, മാതളം തുടങ്ങിയവ നിവേദിക്കുകയും ആവാം. തറയിൽ കിടന്നുറങ്ങണമെന്നാണ് വ്യാസ മഹർഷി പറയുന്നത്. വ്രതം അനുഷ്ഠിക്കുന്നവർ കുമാരിപൂജ വിധിപ്രകാരം നടത്തേണ്ടതാണ്. അതിനു സാധിക്കാത്തവർക്ക് വഴിപാടായി ക്ഷേത്രങ്ങളിൽ നടത്താവുന്നതാണ്. പല ദേവീക്ഷേത്രങ്ങളിലും നവരാത്രി കാലത്ത് കുമാരിപൂജ നടത്തുന്നുണ്ട്. നമ്മുടെ ഗൃഹങ്ങളിലുള്ള രണ്ടുമുതൽ പത്തുവയസ്സു വരെയുള്ള കുട്ടികളെയാണ് കുമാരിപൂജയിൽ ഇരുത്തേണ്ടത്. പൂജിക്കേണ്ടത് രണ്ടു വയസ്സ് പൂർത്തിയായവരേയും, അതുപോലെ 10 വയസ്സ് പൂർത്തിയാവാത്തവരെയുമാണ്.

"കുമാരീതുസാപ്രോക്താ ദ്വിവർഷായാ
ഭവേദിഹ
ത്രിമൂർത്തിശ്ചത്രിവർഷാ ച കല്യാണീ
ചതുരബ്ദികാ
രോഹിണീ പഞ്ചവർഷാ ച ഷഡ്വർഷാ
കാളികാസ്മൃത
ചണ്ഡികാസപ്തവർഷാ
സ്വാദഷ്ടവർച് ശാംഭവീ
നവവർഷം ഭവേ ദുർഗ്ഗാ സുഭദ്ര
ദശവർഷകീ
അതഊർദ്ധ്വം നർത്തവ്യാ സർവ്വകാര്യ
വിഗർഹിതാ.

(ദേ.ഭാ.3-26-40, 41, 42)

അതായത്, രണ്ടു വയസ്സു പൂർത്തിയായ കുട്ടിയെ കുമാരീ എന്നും, മൂന്നുവയസ്സു പൂർത്തിയായ കുട്ടിയെ ത്രിമൂർത്തിയെന്നും, നാലുവയസ്സു പൂർത്തിയായ കുട്ടിയെ കല്യാണിയെന്നും, അഞ്ചുവയസ്സ് പൂർത്തിയായ കുട്ടിയെ രോഹിണിയെന്നും, ആറുവയസ്സ് പൂർത്തിയായാൽ കാളികാ എന്നും, ഏഴു വയസ്സ് പൂർത്തിയായാൽ ചണ്ഡികാ എന്നും, എട്ടുവയസ്സ് പൂർത്തിയായാൽ ശാംഭവി എന്നും, ഒമ്പത് വയസ്സ് പൂർത്തിയായാൽ ദുർഗ്ഗ എന്നും, പത്തുവയസ്സ് പൂർത്തിയായാൽ സുഭദ്ര എന്നും പറയുന്നു. പെൺകുട്ടികളെ മാത്രമേ പൂജിക്കാവൂ എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

നവരാത്രിയുടെ പ്രഥമ മുതൽ നവമി വരെയാണ് ഈ കുമാരിപൂജ നടത്തേണ്ടത്. കുമാരി മുതൽ സുഭദ്ര വരെ പേരിലുള്ള കുട്ടികളെ പൂജിക്കുമ്പോൾ ചൊല്ലേണ്ട മന്ത്രങ്ങളും അതുകൊണ്ടുണ്ടാകുന്ന ഫലവും ദേവീഭാഗവതത്തിൽ പറഞ്ഞിരിക്കുന്നു.

കുമാരി (പ്രഥമ)

കുമാരസ്യ ച തത്വാനി യാ
സൃജത്യാപി ലീലയാ
കാദിനിപ ച ദേവാം സ്താൽ കുമാരിം
പൂജയാമ്യഹം
ഫലം-ദു:ഖം, ശത്രുതാ ദാരിദ്ര്യം
എന്നിവ നശിക്കും. ധനം, ആയുസ്സ്,
അഭിവൃദ്ധി, ബലം, എന്നിവ
വർദ്ധിക്കും.

ത്രിമൂർത്തി - (ദ്വിതീയ)

സത്വാദിഭി സ്ത്രിമൂർത്തിർയാ
തൈർഹി നാനാ സ്വരൂപിണ
ത്രികാല വ്യാപിനീ ശക്തി
സ്ത്രിമൂർത്തീം പൂജയാമ്യഹം
ഫലം - ധർമ്മാർത്ഥകാമ
സാക്ഷാത്കാരം, ആയുസ്സ്, പുത്ര
പൗത്രാദികൾ, ധനം, ധാന്യം.

കല്യാണി (തൃതീയ)
കല്യാണകാരിണീ നിത്യം
ഭക്താ നാം പൂജിത നിശം
പൂജയാമി ചതാം ഭക്ത്യാ
കല്യാണിം സർവ്വകാമദാം

ഫലം - വിദ്യാ, വിജയം, രാജ്യം,
സുഖം, ആഗ്രഹപൂർത്തി എന്നിവ
നേടാം

രോഹിണി (ചതുർത്ഥി)
രോഹയന്തീ ച ബീജാനി
പ്രാഗജന്മ സഞ്ചിതാനി വൈ
യാ ദേവീ സർവ്വഭൂതാനാം
രോഹിണിം പൂജയാമ്യഹം

ഫലം - രോഗശമനം

കാളികാ (പഞ്ചമി)

കാലോ കാലയതേ സർവ്വം
ബ്രഹ്മാണ്ഡം സചരാചരം
കൽപാന്താസമയേ യാ താം കാളികാം
പൂജയാമ്യഹം.

ഫലം – ശത്രുതാ നാശം

ചണ്ഡികാ (ഷഷ്ഠി)

ചണ്ഡികാം ചണ്ഡരൂപാം ച
ചണ്ഡമുണ്ഡ വിനാശിനീം
താംചണ്ഡ പാപഹരിണീം
ചണ്ഡികാം പൂജയാമ്യഹം

ഫലം – ഐശ്വര്യം, ധനം

ശാംഭവി (സപ്തമി)

അകാണാത്സമുത്പത്തിർ
യുഗ്മയൈ പരി കീർത്തിതാ
യസ്യാസ്താം സുഖദാം ദേവീം
ശാംഭവനീം പൂജയാമ്യഹം.

ഫലം – ദാരിദ്ര്യത്തിൽ നിന്നും
ദുഃഖത്തിൽ നിന്നും മോചനം
പ്രതിസന്ധികളിൽ വിജയവും
വശ്യശക്തിയും.

ദുർഗ്ഗ (അഷ്ടമി)

ദുർഗ്ഗാത് ത്രായതി ഭക്തം
യാ സദാ ദുർഗ്ഗതി നാശിനി
ദുർജ്ഞേയാ സർവ്വ ദേവാനാം
താം ദുർഗ്ഗാം പൂജയാമ്യഹം

ഫലം – ക്രൂരന്മാരായ
ശത്രുക്കളിൽനിന്നും രക്ഷയും,
തീവ്രകർമ്മ ഫലപ്രാപ്തിയും പരലോക
സുഖവും.

സുഭദ്ര (നവമി)

സുഭദ്രാണീ ച ഭക്താനാം
കുരുതേ പൂജിതാ സദാ
അഭദ്ര നാശിനീം ദേവീം
സുഭദ്രാം പൂജയാമ്യഹം

ഫലം – ആഗ്രഹിക്കുന്നതെല്ലാം
സിദ്ധിക്കും.

നവരാത്രികാലത്തും നവാഹയജ്ഞത്തിനും ക്ഷേത്രങ്ങളിൽ വച്ച് കുമാരിപൂജ നടത്തുക പതിവുണ്ട്. വീടുകളിലും ഇതു ചെയ്യാവുന്നതാണ്. കുമാരിമാരുടെ കാൽ കഴുകിച്ച് പായയിലോ പലകയിലോ ഇരുത്തുക. ഓരോരുത്തരുടെയും മുമ്പിൽ നിലവിളക്ക് കത്തിച്ചുവയ്ക്കുക. കുട്ടികളുടെ നെറ്റിയിൽ ചന്ദനം, കുങ്കുമം, എന്നിവ ചാർത്തി ചെറിയ തോതിൽ ഉപചാരങ്ങൾ ചെയ്ത് മുകളിൽ പറഞ്ഞിരിക്കുന്ന പ്രാർത്ഥനാ മന്ത്രങ്ങൾ ചൊല്ലി പഞ്ചോപചാരം അർപ്പിക്കുക. ജയഗന്ധ പുഷ്പ ധൂപദീപങ്ങൾ സഹിതം പൂജ ചെയ്യുന്നതിനെ പഞ്ചോപചാരം എന്നു പറയുന്നു. അതു വശമില്ലാത്തവർ പുഷ്പാർച്ചനധൂപദീപങ്ങൾ കാണിക്കുക. തുടർന്ന് നാക്കിലിയൽ ശർക്കരപ്പായസമോ, പാൽപായസമോ നിവേദിക്കുക. നിവേദ്യ മെന്ന സങ്കല്പത്തിൽ കുട്ടികൾക്കു വിളമ്പുക. കുട്ടികൾ അതു ഭക്ഷിക്കട്ടെ. പിന്നീട് കൈയും വായും കഴുകി യഥാ സ്ഥാനത്തിരിക്കുന്ന ദേവിമാർക്ക് താംബൂലം (വെറ്റില, അടക്ക) സമർപ്പിക്കുക. കർപ്പൂരാരതി നടത്തിയശേഷം മാതാപിതാക്കൾ ഉൾപ്പെടെ എല്ലാ ബന്ധുക്കളും കുട്ടിയെ നമസ്കരിക്കുക. ഈ അവസരത്തിൽ സംബന്ധിക്കുന്ന എല്ലാവരും കുട്ടികളെ നമസ്കരിക്കേണ്ടതാണ്. ദേവിയുടെ അനുഗ്രഹം എല്ലാവർക്കും ലഭിക്കട്ടെ. ഈ പൂജ കാണുവാനായി ആൺകുട്ടികളെയും ക്ഷണിക്കേണ്ടതാണ്. സ്ത്രീ, ശക്തി തന്നെയാണെന്ന തത്വത്തെ കുമാരീപൂജയിലൂടെ നമുക്കു മനസ്സിലാക്കി തരുന്നു. ഈ സന്ദേശം സ്ത്രീകൾ തന്നെ പ്രചരിപ്പിക്കേണ്ടതാണ്.

വിദ്യാഭ്യാസ പാഠ്യപദ്ധതിയിൽ ദേവീ ഭാഗവതത്തിലെ സ്ത്രീശക്തിയെപ്പറ്റി പ്രതിപാദിക്കുന്ന ഭാഗങ്ങൾ ഉൾപ്പെടുത്തുകയാണെങ്കിൽ ഇനിയുള്ള യുവതലമുറയെങ്കിലും സ്ത്രീ പീഡനത്തിൽ നിന്ന് പിൻമാറിയേനെ. സ്ത്രീയെ ശാക്തീകരിക്കുകയല്ല വേണ്ടത് സ്ത്രീ തന്നെയാണ് ശക്തി എന്ന അറിവ് ഉണ്ടാക്കുവാൻ നവരാത്രിയിൽ നടക്കുന്ന കുമാരിപൂജയിലൂടെ സാധിക്കുമാറാകട്ടെ.



# നായ്ക്കൾ നാടിനു നാശമോ?



ഡോ. ജി. മാധവൻ നായർ

## നായ്ക്കളുടെ ചരിത്രം

പൗരാണിക കാലങ്ങളിൽ വിവിധ രാജ്യങ്ങളിൽ കാണപ്പെട്ടിരുന്ന നായ്ക്കൾ, വ്യത്യസ്തമായും പ്രത്യേക സ്വഭാവ വൈചിത്ര്യത്തോടു കൂടിയവയും ആയിരുന്നു. നമ്മുടെ പൂർവ്വികന്മാർ അന്ന് കാടുകളിൽ പ്രമാണിമാരായിരുന്ന ചെന്നായ്ക്കളുമായി സഹവാസം പുലർത്തിയതായി രേഖകളിൽ കാണുന്നു. ഈ ജന്തുക്കളിൽ നിന്നാണ്, മെരുക്കിയെടുത്തു വന്നതോടെ നായ്ക്കൾ ഉത്ഭവിച്ചത്. 'ഫോസിൽ' പഠനങ്ങളിൽ നിന്നും പതിനായിരം കൊല്ലങ്ങൾക്ക് മുമ്പ് തന്നെ ശുനകവർഗ്ഗമുണ്ടായിരുന്നെന്നും മനുഷ്യരു മായി സഹകരിച്ച്, ജീവിച്ചിരുന്നതായും തെളിവുകളുണ്ട്. എവിടെയെല്ലാം വച്ച്, ഈ മൃഗങ്ങൾ മനുഷ്യരുമായി കൂട്ടി മുട്ടിയിരുന്നോ, അവിടെയെല്ലാം വെച്ച് അവർ ഒരു സുഹൃത്ഭാവം കാട്ടിയിരുന്നുവെന്നാണ് ഐതീഹ്യം.

മനുഷ്യജീവിതം ഭൂമിയിൽ ആരംഭിക്കുന്നതിനു വളരെ മുമ്പുതന്നെ നായ്ക്കൾ കൂട്ടമായി (Pack) ജീവിച്ചിരുന്നു എന്നതിനു അടിസ്ഥാനരേഖകളുണ്ട്. പരസ്പരം വായിൽ കൂടി പുറപ്പെടുവിക്കുന്ന ശബ്ദത്തിലൂടെ അവ ആശയവിനിമയം ചെയ്തിരുന്നു. വന്യമൃഗങ്ങളായ സിംഹം, കടുവ, ഹയിന, കരടി, പുലി എന്നിവയ്ക്കൊപ്പം സഹജീവനം നടത്തിയിരുന്ന ഈ ചെറുജീവികൾ, വലിയവരുടെ ആഹാരം കഴിച്ചുള്ള ഉച്ഛിഷ്ടം ഭുജിച്ചാണ് ശീലിച്ചിരുന്നത്. ഒറ്റയ്ക്കുപോയി ആഹാരം സമ്പാദിക്കുവാൻ വളരെ ക്ലേശകരമായതിനാൽ, വർഗ്ഗസ്വഭാവമനുസരിച്ച് കൂട്ടായിച്ചെന്ന് ഇരകളെ കീഴടക്കുവാൻ തുടങ്ങി. വലിയ മൃഗങ്ങൾക്കെപ്പോഴും ഈ നായക്കൂട്ടത്തെ ഭയമായിരുന്നു. മനുഷ്യസമൂഹത്തിന്റെ വരവോടെ അടുത്ത്, പെരുമാറുവാനും, മാർദ്ദവപ്പെട്ടതോടെ ഇഴുകി ചേരുവാനും ആരംഭിച്ചു.

ചരിത്രരേഖകളിൽ, 18000 വർഷങ്ങൾക്ക് മുമ്പ്, ഇണങ്ങിയ ചെന്നായ്ക്കളിൽ നിന്നും, വീണ്ടും മെരുക്കിയെടുത്തുവയെയാണ് മനുഷ്യവർഗ്ഗം കൂടെ കൂട്ടിയത്. ഓരോ ഭൂഖണ്ഡങ്ങളിൽ നിന്നും പ്രകൃതിക്ഷോഭം നിമിത്തമോ, ശത്രുക്കളുടെ ആക്രമണങ്ങളിൽ നിന്നോ പലായനം ചെയ്യേണ്ടി വന്നപ്പോൾ, ഈ അനുസരണയുള്ള, നന്ദി കാണിക്കുന്ന മൃഗം, യജമാനന്റെ കൂടെനിന്നു.

ബൈബിളിൽ നായ്ക്കളെപറ്റി പ്രതിപാദിക്കുന്നുണ്ട്. ഒരു പ്രത്യേക മേഖലയുടെ സൂക്ഷിപ്പുകാരനായും, കുടുംബസംരക്ഷണത്തിന്റെ കാവൽക്കാരനായും വിവരിച്ചിട്ടുണ്ട്. മൃതശരീരങ്ങളെ മറവുചെയ്യാത്ത അവസരങ്ങളിൽ അത് ഭക്ഷ്യമാർഗ്ഗമായി സ്വീകരിച്ചിരുന്നു. പെരുമാറ്റത്തിൽ സന്തുഷ്ടരായ, ഉടമസ്ഥന്മാർ അംഗീകാരമെന്നോണം വ്യക്തിപരമായിട്ട് സമ്മാനങ്ങൾ നൽകിയിരുന്നുവത്രെ. കുടുംബത്തോട് അതിയായ സ്നേഹം കാട്ടുന്ന അവൻ മരണപ്പെടുന്ന അവസരത്തിൽ മനുഷ്യർക്കുള്ള ശവക്കല്ലറയിൽ അടക്കം ചെയ്യുകയുമുണ്ടായിട്ടുണ്ട്.

## പഴയ ചില കഥകൾ

1. തകഴിയുടെ 'വെള്ളപ്പൊക്കത്തിൽ' എന്ന കഥയിലെ ചേന്നന്റെ നാടൻ നായ വിശ്വസ്തനും, കുടുംബകാവൽക്കാരനുമായ അവനെ ഉപേക്ഷിച്ചു പോകേണ്ടി വന്നത് രക്ഷപ്പെടുവാൻ വന്ന വള്ളം, ആളുകളെക്കൊണ്ടും, സാധനങ്ങൾ കൊണ്ടും നിറഞ്ഞു കവിഞ്ഞതിനാലാണ്. പൂർണ്ണഗർഭിണിയായ ഭാര്യ, മക്കൾ, വീട്ടുസാധനങ്ങൾ, പശു, ആട്, കോഴി, ഇവയെല്ലാം ആ 'മോശ' യുടെ പെട്ടകത്തിലുണ്ടായിരുന്നു. പിന്നീട് വന്ന് നായയും, മറ്റു ചില സാധനങ്ങളും കൊണ്ടു പോകാമെന്നുള്ള പ്രതീക്ഷയിലാണ് ആദ്യസവാരി നടത്തിയത്. അഭൂതപൂർവ്വമായ വെള്ളപ്പൊക്കവും, പ്രതികൂല കാലാവസ്ഥയും കാരണം അവന് വീട്ടിന്റെ ഭാഗത്തേയ്ക്ക് പോകുവാൻ കഴിഞ്ഞില്ല. കൂരയുടെ മേൽതട്ട് വരെ വെള്ളം പൊന്തിയപ്പോഴും, നന്ദിയുള്ള നായ അതിനു മുകളിലിരുന്ന് വീട് കാത്തു. കായൽ ക്കള്ളന്മാരെ ഓടിക്കാൻ ഒരുപരിധിവരെ ശ്രമിച്ചെങ്കിലും, അവരുടെ ശത്രുവായി തീർന്നു അവൻ അവർക്ക് തടസ്സമായി തീർന്നതിനാൽ ക്രൂരമായ മർദ്ദനമേറ്റു മരണമടയുന്നു.

2. മുറ്റത്ത് കളിച്ചുകൊണ്ടിരുന്ന അഞ്ചു വയസ്സുകാരി പെൺകിടാവിന്റെയടുത്ത്, അണലിപാമ്പ് ഇഴഞ്ഞു വരുന്നതു കണ്ട് ഓടിയടുത്ത 'പോമറേനിയൻ' നായ ഒറ്റപിടുത്തത്തിനു ഇഴജന്തുവിന്റെ കഴുത്തിൽ പ്രഹരമേല്പിച്ചു. മരണവെപ്രാളത്തിൽ, പാമ്പ് തിരിഞ്ഞു കടിച്ചപ്പോൾ, മുറിവേറ്റ കുഞ്ഞുപട്ടി, അധികം താമസിയാതെ വിഷജന്തുവിനോടൊപ്പം ചരമമടഞ്ഞു.

3. സിനിമയുടെ രണ്ടാം കളി കഴിഞ്ഞ് തിരിച്ചെത്തിയ ഗൃഹനാഥനും, നാഥയും, കുഞ്ഞുങ്ങളും പടിവാതിൽ തുറന്നകത്തു കടക്കുമ്പോൾ കണ്ട കാഴ്ചയിൽ സ്തബ്ധിച്ചു നിന്നു. മുറ്റത്ത് ദേഹമാസകലം കടിയേറ്റു കിടക്കുന്ന അല്പവസ്ത്രധാരിയായ ഒരന്യനാട്ടുകാരൻ. പക്ഷേ മുഖംമൂടി ധരിച്ചിട്ടുണ്ട്. എഴുന്നേറ്റ് ഓടാൻ സാദ്ധ്യമാകാത്തത്, നായ അപ്പോഴും അവന്റെ കാലിൽ കടിച്ചു പിടിച്ചിട്ടുണ്ട്. എല്ലാവരും വന്ന്, തങ്ങളുടെ പൊന്നോമനയെ പരിശോധിച്ചപ്പോൾ, ആ സ്നേഹധനനായ ജന്തുവിന്റെ കഴുത്തിൽ ആഴത്തിലുള്ള ഒരു മുറിവ് കാണുന്നു. തൊട്ടരികെ , അതിമൂർച്ചയുള്ള ഒരു വടിവാൾ കിടപ്പുണ്ട്. ആ രാത്രി തന്നെ മൃഗചികിത്സകന്റെ അടുക്കലെത്തിച്ചെങ്കിലും, വീട്ടുകാവൽക്കാരൻ താമസിയാതെ അന്ത്യശ്വാസം വലിച്ചു.

## ചൂടാറാത്ത ഒരു വാർത്ത

നാശഗർത്തത്തിലേയ്ക്ക് പതിച്ചു കൊണ്ടിരിക്കുന്ന കേരളത്തിലെ ഏറ്റവും വലിയ വ്യവസായ സ്ഥാപനമായ 'ഫാക്ടിനെ' രക്ഷിക്കുവാനുള്ള സംരംഭത്തിൽ, ഓർക്കാപ്പുറത്ത് വന്നെത്തിയ ഒരു തെരുവുനായയുടെ കഥ. സമരപങ്കാളി എന്ന നിലയ്ക്ക്, 'സേവ് ഫാക്ടി'ന്റെ ആദരാഞ്ജലികൾ ലഭിച്ചത് വെള്ള ടാങ്കിൽ വീണു ജീവൻപൊലിഞ്ഞ ഈ മിണ്ടാപ്രാണിക്കായിരുന്നു. സമരസമിതി ഏറ്റവും വലിയ കവാടത്തിനടത്തും, പെട്രോകമിക്കൽ ഡിവിഷൻ ഗേറ്റിലും സമരനായകൻ എന്ന വിശേഷിപ്പിച്ചുകൊണ്ടുള്ള ഫ്ളക്സ് ബോർഡുകൾ സ്ഥാപിച്ചു. 249 ദിവസം നീണ്ട സമരത്തിൽ, തുടങ്ങിയ ദിവസം മുതൽ അവസാനം വരെ ഇവൻ സമരപന്തലിനു മുന്നിലുണ്ടായുന്നു. പ്രമുഖർ പങ്കെടുത്ത യോഗങ്ങളിൽ, എവിടെയോ നിന്നു വന്ന ഈ നാടൻ നായ എല്ലാം കണ്ടും, കേട്ടും ശാന്തനായി മുൻനിരയിൽ കിടന്നു നിരാഹാര സത്യാഗ്രഹികളോടൊപ്പമായിരുന്നു ആ നിറസാന്നിദ്ധ്യം. പ്രതിഷേധ മാർച്ചുകൾ നടത്തുമ്പോൾ, അവനും കൂടെ സഞ്ചരിച്ചു. പല പ്രമുഖരുടെയും പ്രശംസ പിടിച്ചു പറ്റിയ ആ സാധു ഒരിക്കലെങ്കിലും ഭക്ഷണത്തിനു വേണ്ടി മുറവിളി കൂട്ടിയില്ല. സമരം

പിൻവലിച്ചിട്ടും അവൻ ആ പരിസരം വിട്ടുപോയില്ല. പെട്രോ കെമിക്കൽ ഡിവിഷനിലെ വെള്ള ടാങ്കിൽ വീണു ആ നായ മരിച്ചു എന്ന ദുഃഖകരമായ വാർത്ത പരന്നപ്പോൾ, തൊഴിലാളികളെ ആകെ നൊമ്പരപ്പെടുത്തി. ബഹുമാനാർത്ഥം ജഡം സംസ്കരിച്ചതും, അർഹിക്കുന്ന ആദരവോടെ ആയിരുന്നു.

മനുഷ്യന്റെ, മനുഷ്യൻ കഴിഞ്ഞാൽ ഏറ്റവും അടുത്ത ചങ്ങാതി ആരാണ്? നിസ്സംശയം പറയാം, നായ തന്നെ. ഏറ്റവും പ്രിയപ്പെട്ട, പഴയ സുഹൃത്ത്. മൃഗങ്ങളിൽ നിന്നും ആദിമനുഷ്യൻ, പ്രഥമമായി മെരുക്കപ്പെട്ടവൻ എന്ന അദ്വിതീയ സ്ഥാനം ഇവനുള്ളതാണ്. ജപ്പാനിലെ ചില ശാസ്ത്രജ്ഞന്മാരുടെ കണ്ടുപിടുത്തത്തിൽ അന്തർഗ്രന്ഥിസ്രവമായ (ഹോർമോൺ) ഓക്സിടോസിന്റെ പ്രവാഹം മനുഷ്യരിൽ അവരുടെ സ്നേഹതിടമ്പായ നായയുടെ കണ്ണുകളിലേയ്ക്കുറ്റു നോക്കുമ്പോൾ ഉണ്ടാകുമത്രെ. ഇതുപോലെ തന്നെ തിരിച്ചും, ആ മൃഗങ്ങളിൽ സ്നേഹവായ്പോടെ ഈ സ്രവം ഉയരുന്നതുമായി കാണുന്നു. ആയിരമായിരം സംവത്സരങ്ങൾക്കു മുമ്പ്, ഈ ശാശ്വത ബന്ധം ഉടലെടുത്തത് അങ്ങനെ ആയിരിക്കാം!

## പുതിയ വസ്തുതകൾ

കണ്ണൂർ ജില്ലയിലെ, പാനൂരിൽ, ഏഴാം ക്ലാസ്സ് വിദ്യാർത്ഥിനിയായ ഫർഗ ഫാത്തിമ (12 വയസ്സ്) നായയുടെ കടിയേറ്റില്ലെങ്കിലും ഭയചകിതയായ അവൾ പിന്നാലെ ഓടിവന്ന മൃഗത്തിന്റെ ഭീതിതമായ ആക്രമണ സ്വഭാവം കണ്ട്, ഭയന്ന് മുത്തശ്ശിയുടെ മടിയിൽ കുഴഞ്ഞ് വീണുകിടന്ന് അന്ത്യശ്വാസം വലിച്ചു. വഴികളിലെ സഞ്ചാരം ദുഷ്കരമാക്കുംവിധം നായ്ക്കൾ തീർക്കുന്ന ഭീഷണിയുടെ ഒരു രക്തസാക്ഷി.

- നായ്ക്കൾ ഓടിച്ചപ്പോൾ കല്യാശ്ശേരിയിലെ സ്കൂൾ വിദ്യാർത്ഥി ചെന്നുവീണത് കിണറ്റിൽ. വിരിച്ച വലയുള്ള സംഭരണിയായതിനാൽ ജീവൻ നഷ്ടമായില്ല.
- പറവൂരിൽ ആറുവയസ്സുകാരന്റെ കഴുത്തിൽ
- അട്ടകുളങ്ങരയിൽ പതിനൊന്നു വയസ്സുകാരന്റെ തലയിൽ
- വൈപ്പിനിൽ എഴുപതു വയസ്സുകാരിയുടെ വിരൽ കടിയേറ്റ് അറ്റുപോയത്.
- ഒറ്റപാലത്ത് മൂന്നു വയസ്സുകാരനെഎട്ടു നായ്ക്കൾ കൂടി ഗുരുതരമായി മുറിവുകളേല്പിച്ചത്.

## കടിയേറ്റവരുടെ ഒരു കണക്ക്

| | |
|---|---|
| 2011ൽ | 6323 |
| 2012ൽ | 25,204 |
| 2013ൽ | 34,154 |
| 2014ൽ | 1,19,191 |
| 2015ൽ | |
| ആദ്യ രണ്ടുമാസം | 15,284 |

ഈ കണക്കുകൾ സർക്കാർ ആശുപത്രിയിൽ ചികിത്സ തേടിയവരുടെതു മാത്രം. സ്വകാര്യ ആശുപത്രിയിലേതു കൂടി ആകുമ്പോൾ ഇരട്ടിയാകാം.

## ഇരകൾ

തെരുവുനായ്ക്കളുടെ ആക്രമണത്തിനിരയാകുന്നവരിൽ ഏറിയ പങ്കും പിഞ്ചു കുഞ്ഞുങ്ങളും, സ്കൂൾ വിദ്യാർത്ഥികളുമാണ്. വാഹനയാത്രക്കാരെ, പ്രത്യേകിച്ചും ഇരുചക്രവാഹനമുപയോഗിക്കുന്നവരെയും വിടാറില്ല. രാത്രിസമയത്ത് അപ്രതീക്ഷിതമായി ചാടിവീഴുമ്പോൾ, വാഹനാപകടവും ഉണ്ടാകുന്നു. എടക്കരയിൽ നായയെ തട്ടിമറിഞ്ഞ ഓട്ടോറിക്ഷയിൽനിന്ന് ഏഴുമാസം പ്രാമയുള്ള പിഞ്ചുകുഞ്ഞ് അമ്മയുടെ കൈകളിൽനിന്നും തെറിച്ചുവീണ് പിടഞ്ഞു മരിച്ചു. അമ്മയ്ക്കും സാരമായ പരിക്കേൽക്കുകയുണ്ടായി.

### ഭക്ഷണം

കോഴിയാണ് ഏറ്റവും സ്വാദിഷ്ടമായ ആഹാരം. ആടുകളേയും കൂട്ടത്തോടെ ആക്രമിച്ചു കീഴടക്കും. അങ്കമാലിയിലെ ഒരു ഫാമിൽ കയറി 300 കോഴിക്കുഞ്ഞുങ്ങളെ കടിച്ചു കൊന്നു. അതിനു തലേമാസം അതേ കേന്ദ്രത്തിൽനിന്ന് 200 എണ്ണത്തിനെ (കുഞ്ഞുങ്ങൾ) കൊന്നു തിന്നിരുന്നു. ബലമുള്ള ഇരുമ്പുവലകൊണ്ട് നിർമ്മിച്ച കൂട്, അംഗസംഖ്യാബലത്താൽ തകർത്താണ് ഉള്ളിൽ പ്രവേശിച്ചത്. കണ്ണൂർ കാടാച്ചിറയിൽ 43 വലിയ കുക്കുടങ്ങളെയാണ് ശാപ്പിട്ടത്. താറാവുകളെയും പിടികൂടി ഭുജിക്കുന്നതിൽ വിരുതന്മാരുണ്ട്.

ഇന്ത്യൻ വെറ്ററിനറി അസോസിയേഷൻ, കേരളശാഖയുടെ കണക്കനുസിര്ച്ച, കേരളത്തിൽ 5 മുതൽ 7 ലക്ഷം വരെ തെരുവുനായ്ക്കളുണ്ട്. അതായത് ഒരു പഞ്ചായത്തിൽ ശരാശരി 500 എണ്ണം. യഥേഷ്ടം ഭക്ഷണം കിട്ടുന്നതിനാലാണ് പ്രജനനനിരക്കും, വംശവർദ്ധനയും കൂടുവാൻ സാദ്ധ്യമാകുന്നത്.

### എണ്ണപ്പെരുപ്പമുണ്ടാകാനുള്ള കാരണങ്ങൾ

1. ഭക്ഷണശേഖരങ്ങളുടെ, അവശിഷ്ടങ്ങൾ വൻതോതിൽ തെരുവുകളിൽ തള്ളുന്നത് (മാംസശേഷിപ്പുകൾ വളരെ കൂടുതലാണ്)
2. നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന അറവുശാലകളുടെ പെരുപ്പം
3. നായ്ക്കളെ ഉത്തരവാദിത്വരഹിതമായി വളർത്തുന്നതും, തോന്നുംപോലെ, തെരുവുകളിലേക്ക് തള്ളുന്നതും
4. അനുബന്ധ വിഷയങ്ങളിൽ പൊതു ജനങ്ങൾക്ക്, ബോധവൽക്കരണം നൽകാത്തത്
5. മൃഗജനനനിയന്ത്രണ പദ്ധതിയുടെ അഭാവം (Animal Birth Control-ABC)

ജനിക്കുന്ന നായ്ക്കുഞ്ഞുങ്ങൾ, വഴിയോരത്ത് ലഭ്യമായ കുമിഞ്ഞുകൂടുന്ന മാലിന്യങ്ങൾ തന്നെയാണ് തിന്നു വളരുന്നത്. (പട്ടിയുടെ, ഒറ്റപ്രസവത്തിൽ അഞ്ചും, ആറും അതിലേറെയും കുഞ്ഞുങ്ങളുണ്ടാകും. തെരുവിൽ ഭക്ഷണം സുലഭമായതിനാൽ കുടുംബമായി തന്നെ വളർന്നു തടിച്ചു കൊഴുക്കും) ഇരുപതിനായിരത്തിലേറെയുള്ള കോഴിക്കടകളിൽ നിന്ന് എട്ടുലക്ഷം കോഴികളെ (ശരാശരി 16 ലക്ഷം കിലോ ഇറച്ചി) കശാപ്പു ചെയ്യുന്നുണ്ട്. കേരളത്തിൽ. 31% മാലിന്യമായതിൽ കുടൽ, തല, കാൽ, തൂവൽ എന്നിവ പെടുന്നു. അഞ്ചു ലക്ഷത്തോളം കിലോ കോഴിമാലിന്യം കടകൾക്ക് വെളിയിൽ എത്തുന്നു. ഇത് പുഴയിലോ, വഴിയോരത്തോ, വിജനമായ പറമ്പുകളിലോ തള്ളപ്പെടുന്നു.

പശു, കാള, ആട്, പന്നി എന്നിവയുടെ ഭക്ഷ്യാവശ്യങ്ങൾക്ക് വേണ്ടിയുള്ള വധം കഴിഞ്ഞാലുണ്ടാകുന്ന മാലിന്യങ്ങളും തെരുവുനായ്ക്കൾക്ക് പ്രിയങ്കരമാണ്. മിക്കവാറും 40% മാത്രമേ ഇറച്ചിയായി ലഭിക്കൂ. ബാക്കി 60% മാലിന്യത്തിൽ പെടുന്നു. ശാസ്ത്രീയമായ അറവിനോ, സംസ്കരണത്തിനോ, സംവിധാനങ്ങൾ നന്നേ കുറവാണ്.

അനധികൃതമായി പ്രവർത്തിക്കുന്ന 500-ലേറെ അറവുശാലകൾ കേരളത്തിലുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തവ 55 എണ്ണം മാത്രമേയുള്ളൂ.

ഭക്ഷ്യസുരക്ഷാ നിയമപ്രകാരം, സംസ്കരിക്കാൻ പറ്റാത്ത സ്ഥാപനങ്ങൾക്ക് പ്രവർത്താനാനുമതി ഉണ്ടാകില്ല. ജൈവ വളമാക്കുവാൻ പറ്റുന്ന വെറ്റ് റെൻഡറിംഗ് യൂണിറ്റുകൾ അടിയന്തിരമായി ആരംഭിക്കണം. ഇത് മാലിന്യങ്ങളുടെ തോത് കുറയ്ക്കുവാൻ കഴിയും. കൂടാതെ തെരുവുകളിൽ കുമിഞ്ഞു കൂടുന്ന ഭക്ഷണാവശിഷ്ടങ്ങൾ ഇടുന്ന പ്രവണത അപ്പാടെ ഇല്ലാതെയാക്കിയാൽ, നായ്ക്കളുടെ പെരുപ്പം താനെ കുറയും. ശാസ്ത്രീയമായി മൃഗജനനനിയന്ത്രണം സ്ഥിരമായും, വ്യാപകമായും നടപ്പിലാക്കിയാൽ വംശവർദ്ധനവ് ഒരളവുവരെ താഴോട്ടു പോകും.

## പേ വിഷബാധ

നായ കടിച്ചാൽ (പേ ബാധിച്ചതെന്നോ, വീട്ടിൽ വളർത്തുന്നതെന്നോ, നോക്കാതെ തന്നെ) കടിയേറ്റ് ഭാഗം ശുദ്ധജലത്തിൽ നന്നായി കഴുകണം. തുടർന്നു സോപ്പു പയോഗിച്ച് കഴുകി വൃത്തിയാക്കണം. ഒരു കാരണവശാലും മുറിവുള്ള ഭാഗം കെട്ടിവയ്ക്കുവാൻ പാടുള്ളതല്ല. ചോര നന്നായി പ്രവഹിക്കുന്നുണ്ടെങ്കിൽ, വെള്ളം കൂടുതലായി കുടിക്കണം.

ഒട്ടും താമസിയാതെ ആരോഗ്യ കേന്ദ്രത്തിൽ പോയി പ്രതിരോധ കുത്തി വെയ്പ്പെടുക്കണം. (മൃഗങ്ങളായാലും) കടിച്ച നായയെ പറ്റി വിവരമുണ്ടെങ്കിൽ, പേയിളകിയോ എന്ന് പത്തു ദിവസം നിരീക്ഷിക്കണം. നായയ്ക്ക് ഒന്നും സംഭവിച്ചിട്ടില്ലെങ്കിൽ കുത്തിവെയ്പ് എടുക്കണമെന്നില്ല. പക്ഷേ തെരുവ് നായയാണെങ്കിൽ അതുപോലെ പൂർണ്ണ വിവരമറിയാൻ കഴിയാത്ത വളർത്തുപട്ടിയാണെങ്കിലും, പ്രതിരോധ കുത്തിവെയ്പ് ഉടനടി എടുക്കേണ്ടതാണ്.

മുറിവ് ആഴത്തിലോ, കഴുത്തിനു മുകളിലോ ആണെങ്കിൽ 'എ.ആർ.എസ്.' (ആന്റിറേബക്സീറം) ഉപയോഗിച്ച് കുത്തിവെയ്പപ്പെടുക്കണം. നായയെ കൂടാതെ കീരി, പൂച്ച, കുറുക്കൻ എന്നിവ കടിച്ചാലും ഇതുതന്നെ ചെയ്യണം. മാന്തിയാലും രോഗം ബാധിക്കും. (എ.ആർ.എസ്, ജില്ലാ ആശുപത്രികളിലും, മെഡിക്കൽ കോളേജുകളിലും ലഭ്യമാണ്.)

പേവിഷബാധയേറ്റ്, ഇളകി കഴിഞ്ഞിട്ട് രക്ഷപ്പെട്ട ഒരൊറ്റ സംഭവം പോലും ഈ അസുഖത്തിന്റെ ചരിത്രത്തിലില്ല, ചികിത്സാ വിധേയനകാത്ത ആൾ (പേ നായയുടെയോ, കുറുക്കന്റെയോ കടിയിൽ നിന്ന്) രോഗബാധ ഏല്ക്കുമെന്നുള്ളത് ഉറപ്പാണ്. ശക്തമായ തലവേദന, പനി, വെള്ളം കുടിക്കാനാകാത്ത അവസ്ഥ, ശരീരം കോച്ചിവലിക്കൽ എന്നിവ ലക്ഷണങ്ങളാണ്. സമയം കൂടുംതോറും ഇത് തീവ്രമാകും.

ആസന്നമരണം കാത്തിരിക്കുന്ന വ്യക്തിയായി രോഗി മാറും. വെള്ളത്തേയും വെളിച്ചത്തേയും, ചിലപ്പോൾ കാറ്റിനേയും ഭയന്ന് പ്രത്യേക വാർഡിലെ ഒറ്റമുറിയിൽ കണ്ണടച്ചിരിക്കും. ഏവർക്കും നിസ്സംഗതയോടെ, നിസ്സഹായരായി നോക്കി നില്ക്കാനേ കഴിയൂ. പേയിളകി കഴിഞ്ഞാൽ മരണം സുനിശ്ചിതം.

തലച്ചോറിലേയ്ക്കുള്ള ഞരമ്പുകളെയാണ് രോഗം അവസാനമായി ബാധിക്കുന്നത്. വൈറസ് അവിടെ പ്രവേശിക്കുന്നതോടെ ശക്തിയായ ക്ഷീണം, തൊണ്ടയിൽ വെള്ളം വറ്റുന്ന അവസ്ഥ എന്നിവയാണ് അന്തിമമായ ലക്ഷണങ്ങൾ. വെള്ളത്തോടുള്ള ഭയം (ഹൈഡ്രോഫോബിയ) ഇതിന്റെ ഭാഗമായി ഉണ്ടാകുന്നതാണ്. തൊണ്ടയിലെ പേശികൾ വലിഞ്ഞു മുറുകുന്നതിനാൽ ദാഹമുണ്ടെങ്കിലും വെള്ളം കുടിക്കുവാൻ സാദ്ധ്യമാകുമോ എന്ന സംശയമാണ് രോഗിയെ പേടിപ്പെടുത്തുന്നത്. ഉറ്റ ബന്ധുക്കളോടു പോലും രോഗി ഇടയ്ക്ക് അന്യതാബോധം പ്രകടമാക്കും. എന്നാലും ചിരപരിചിതരെ കാണുമ്പോൾ ഇടയ്ക്കുണർന്നു വരുന്ന ബോധത്താൽ ദുഃഖിതരാകും.

നായ, കുറുക്കൻ, കീരി, പൂച്ച, വവ്വാൽ എന്നിവ കടിച്ചാലോ, മാന്തിയാലോ, 24 മണിക്കൂറിനകം പ്രതിരോധ കുത്തിവെയ്പ്പെടുക്കണം. സന്ദേഹിച്ചു നിൽക്കുന്നത്, പിന്നീട്, അപകടത്തിലേക്ക് നയിക്കാം സാധാരണ ഒന്നു മുതൽ ആറുമാസം വരെയുള്ള കാലയളവിലാണ് പ്രധാനമായും രോഗം ബാധിക്കുന്നത്. അഞ്ചുവർഷത്തിനുശേഷം രോഗം വന്ന സംഭവങ്ങൾ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്.

## മേനകഗാന്ധിയും എ.ബി.സി.യും

1960-ലെ പ്രിവൻഷൻ ഓഫ് ക്രൂവൽറ്റി ടു അനിമൽ ആക്ട്) (SPCA) നിലവിലുള്ളപ്പോഴാണ്, നായ്ക്കളുടെ തെരുവുവധം, സർക്കാരിന്റെ ഒത്താശയോടെ നടന്നിരുന്നത്. കാലപഴക്കത്തിലാണ് ഈ പരിപാടി കൊണ്ട് തെരുവുനായ്ക്കളെ പാടേ,

ഇല്ലായ്മ ചെയ്യാമെന്നുള്ള സങ്കല്പം തീർത്തും തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടത്. 2001ൽ പാർലമെന്റ് പാസ്സാക്കിയ എ.ബി.സി (ABC in Dogs Act) നായ്ക്കളെ കൊന്നു കൊണ്ടല്ല മറിച്ച് ജനനനിയന്ത്രണം കൊണ്ട് മാത്രമാണെന്നുള്ള ആശയം നിലവിൽ വന്നു. അതിനു മുൻകൈ എടുത്തത് മൃഗ സ്നേഹിയായ മനേകാഗാന്ധിയായിരുന്നു.

മറ്റൊരു ശാസ്ത്രീയ പരിഗണനകൂടി കണിക്കിലെടുത്താണ് ഈ പദ്ധതി ആവിഷ്കരിച്ചത്. രോഗം പരത്തുന്ന എലികളെ നശിപ്പിക്കുന്നതിനും, നിയന്ത്രിത രൂപത്തിലാണെങ്കിലും തെരുവുനായ്ക്കളുടെ സാന്നിദ്ധ്യം ആവശ്യമാണ് എന്നുള്ള വാദഗതി തള്ളിക്കളയുവാൻ പറ്റാത്ത ഒന്നാണെന്ന് ഏവർക്കും അറിയാവുന്നതാണ്.

## എ.ബി.സി.

പ്രത്യേകം പരിശീലനം സിദ്ധിച്ച മൃഗ ചികിത്സകർ, പാരാ മെഡിക്കൽ ജീവനക്കാർ, തെരുവു നായ്ക്കളെ പിടികൂടാൻ ധൈര്യമുള്ളവർ, വാഹനസാരഥികൾ തുടങ്ങിയവരുടെ സേവനങ്ങൾ, ലഭ്യമായ ഒരു സംഘം ആണ് എ.ബി.സി.യിൽ പ്രവർത്തിക്കുന്നത്.

നായ്ക്കളെ പിടിക്കുവാൻ മൃദുവും ബലമുള്ളതുമായ വലകൾ വേണം. പ്രത്യേകം സജ്ജമാക്കിയ വാഹനത്തിൽ കമ്പിവലകൾ കൊണ്ടു മറച്ചഭാഗത്ത് കയറ്റി എ.ബി.സി കേന്ദ്രങ്ങളിലെത്തിക്കണം. പ്രസ്തുത സ്ഥലം ശീതികരിച്ചതും നല്ല ബന്തവസ്സുള്ളതു മായിരിക്കണം. അവിടെയാണ് ശസ്ത്രക്രിയ കൾ നടത്തുക. മയക്കുമരുന്ന് കൊടുത്ത ശേഷം നായ്ക്കളുടെ സന്താനോല്പാദന ശേഷി ഇല്ലാതാക്കാനുള്ള പ്രക്രിയയി ലേർപ്പെടുന്നു. (ആണും/പെണ്ണും) പ്രസ്തുത ശ്വാനന്മാരേയും/മാരിയേയും തിരിച്ചറിയാൻ ചെവി 'വി' ആകൃതിയിൽ മുറിക്കും. രണ്ടോ, മൂന്നോ ദിവസത്തെ നിരീക്ഷണത്തിനുശേഷം മറ്റാരോഗ്യപ്രശ്നങ്ങൾ ഒന്നുമില്ലെങ്കിൽ എവിടെനിന്ന് കൊണ്ടുവന്നോ, അവിടേയ്ക്ക് തന്നെ വാഹനത്തിൽ കയറ്റിവിടും.

## എ.ബി.സി.യുടെ കണക്ക്

ചില പഞ്ചായത്തുകളിൽ മാത്രമാണ് മൃഗസംരക്ഷണ വകുപ്പിന്റെ സഹായത്തോടെ, ഡോക്ടർമാർ ഈ പരിപാടി നടപ്പിലാ ക്കുന്നത്. പക്ഷേ, അവർക്ക് പ്രവർത്തന സ്ഥലത്ത് തന്നെ പിടിപ്പത് പണി ഉള്ളതിനാൽ മുഴുവൻ സമയവും എ.ബി.സി. കേന്ദ്രങ്ങളിൽ അധികമായി വരുന്ന ജോലി ചെയ്യാനാകില്ല. തിരുവനന്തപുരം നഗരസഭ മാത്രമേ ഈ സ്ഥിര സംവിധാനം നടത്തുന്നുള്ളൂ. കോഴിക്കോട്ടും, കൊച്ചിയിലും തൃശ്ശൂരിലും, കൊല്ലത്തും തുടങ്ങിയിട്ടുണ്ട്.

ഇന്ത്യൻ വെറ്ററിനറി അസോസിയേഷൻ കേരളശാഖ സമഗ്രമായ ഒരു പരിപാടി സർക്കാരിനു കഴിഞ്ഞവർഷം സമർപ്പിച്ചി ട്ടുണ്ട്. ഇതുപ്രകാരം ഓരോ ജില്ലയിലും 30 ഡോക്ടർമാർ, എ.ബി.സി.ക്കു മാത്രമായി നിയമിക്കപ്പെടണം.

സംയോജിത പ്രവർത്തനങ്ങൾക്കായി 20 എ.ബി.സി. അസിസ്റ്റന്റുമാർ കൂടി ഉണ്ടെങ്കിൽ കുറഞ്ഞത് ഒരുദിവസം 100 ശസ്ത്രക്രിയ യെങ്കിലും നടത്താനാകും. അങ്ങനെയാ ണെങ്കിൽ, സംസ്ഥാനാടിസ്ഥാനത്തിൽ 1400-ഓളം ശസ്ത്രക്രിയ ഒരു ദിവസവും ഒരുവർഷത്തിൽ ഏകദേശം അഞ്ചുലക്ഷത്തി ലേറെ നായ്ക്കളെ വന്ധീകരിക്കുവാനും കഴിയും. നല്ല ക്രമീകരണങ്ങളോടെ, ആത്മാർത്ഥമായ സമീപനത്തോടെ, കൂട്ടായ ജനപങ്കാളിത്തത്തോടെ ഈ പദ്ധതി വിജയിപ്പിക്കുവാൻ സാധ്യമാകും.

## മറ്റു ചില കാര്യങ്ങൾ

കേരളത്തിൽ ഒമ്പത് ലക്ഷത്തിലേറെ നായ്ക്കളെ വളർത്തുന്നുണ്ടെന്നാണ് 2012ലെ മൃഗങ്ങളുടെ കനേഷുമാരി കണക്കനുസരിച്ച് കാണുന്നത്. ഇതിൽ വെറും 5% നു മാത്രമേ ഔദ്യോഗികമായ ലൈസൻസ് ഉള്ളൂ. അതിൽ 80% നായ്ക്കളെ പേവിഷബാധയ്ക്കെതിരെ കുത്തിവെയ്പ് നൽകാറുണ്ട്. ഈ വരുന്ന സംഖ്യയിൽനിന്ന് കുറച്ചൊക്കെ വന്ധീകരണവും നടത്തുന്നു. ഒരു പ്രസവ ത്തിൽ 5 മുതൽ 10 വരെ കുഞ്ഞുങ്ങളുണ്ടാ

കുന്നു. അതിൽ കൂടുതൽ എണ്ണത്തിനേയും തെരുവിലേയ്ക്ക് തള്ളുന്നത്, ഈ അരുമനായ്ക്കളുടെ ഉടമസ്ഥന്മാർ തന്നെയാണ്.

ഗൃഹങ്ങളിൽ നിന്നുതന്നെ തെരുവുനായ്ക്കളുടെ എണ്ണം നിയന്ത്രണവിധേയമാക്കുന്നതിനുള്ള പ്രവർത്തനം തുടങ്ങണം. സ്വയംഭരണ സ്ഥാപനങ്ങൾ കർശനമായി നിയമം നടപ്പാക്കണം. ലൈസൻസില്ലാതെ നായയെ സംരക്ഷിക്കുന്നത് ഗുരുതരമായ കൃത്യവിലോപമാണെന്ന് പൊതുജനങ്ങളെ ബോദ്ധ്യപ്പെടുത്തണം.

ഉടമസ്ഥതയെപ്പറ്റിയുള്ള ആധികാരികമായ ഒരു നിർവ്വചനം ഇങ്ങനെയാണ്. 'നായയുടെ ഭൗതികമായ ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുകയും, നിയമങ്ങൾ പാലിച്ച് രോഗങ്ങളോ, ആക്രമണങ്ങളോ വഴി നായ മനുഷ്യനോ, മറ്റു മൃഗങ്ങൾക്കോ ഭീഷണിയാകുന്ന സാഹചര്യം തടഞ്ഞുകൊണ്ട്, പൂർണ്ണ ബോദ്ധ്യം വന്നവനാണ് ഉടമ എന്ന് ഉറപ്പുവരുത്തണം.


വികസിത രാജ്യങ്ങളിൽ ലൈസൻസിംഗ്, ഐഡന്റിഫിക്കേഷൻ (തിരിച്ചറിയൽ), ജനനനിയന്ത്രണം (ആവശ്യമെങ്കിൽ) വാക്സിനേഷൻ (പ്രതിരോധം) എന്നിവ ഉടമസ്ഥന്മാർക്ക് ഒഴിവാക്കാൻ പറ്റാത്ത ബാദ്ധ്യതയാണ്. മൈക്രോചിപ്പ് ഘടിപ്പിച്ച കോളർ ഓരോ നായയും ധരിച്ചിരിക്കും. ഇതിൽ ആ മൃഗത്തെപ്പറ്റി പൂർണ്ണ വിവരങ്ങളുണ്ടാകും. ഇന്ത്യയിൽ വൻവിലയുള്ള, ജനുസ്സുള്ള നായ്ക്കളുടെ കാര്യത്തിൽ മാത്രം ചിപ്പ് അണിയിക്കുന്നു.

സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഉത്തരവാദിത്വമുള്ള ജനങ്ങളും ഒത്തൊരുമിച്ചാൽ, നമ്മുടെ തെരുവുകളെ 'നായശല്യ'ത്തിൽ നിന്ന് സുരക്ഷിതമാക്കുവാൻ കാലദൈർഘ്യങ്ങൾ ഉണ്ടെങ്കിൽ കൂടി സാദ്ധ്യമാകും.

ഇതെഴുതി കഴിഞ്ഞപ്പോഴേയ്ക്കും, കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള പ്രദേശങ്ങളിൽ നിന്ന് നായ്ക്കളുടെ ആക്രമണത്തിനുവിധേയരായവരുടെ ഒരു നീണ്ടപട്ടിക തന്നെ ദൃശ്യ-ശ്രവ്യ, എഴുത്ത് മാദ്ധ്യമങ്ങളിലും വന്നു കഴിഞ്ഞു. മനുഷ്യരുടെ സ്വൈരജീവിതത്തിനു പ്രതിബന്ധം സൃഷ്ടിക്കുന്ന ഏതൊരു ജീവിയേയും പ്രതിരോധിക്കേണ്ടത് അത്യാവശ്യമാണ്, ന്യായമാണ്, ഒരു നല്ല തീരുമാനം എടുക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു എന്നു പറഞ്ഞാൽ തെറ്റാവില്ല.

## വോട്ടവകാശം ജന്മാവകാശം

ഈ വരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ എല്ലാ അംഗങ്ങളും നിർബന്ധമായും ബുദ്ധിപൂർവ്വകമായും വോട്ട് ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. ബൂത്തിലേയ്ക്ക് പോകുന്നതിന് വളരെ മുമ്പുതന്നെ നമ്മുടെ ഭാരതീയ സംസ്ക്കാരത്തിന്റേയും ഭാവിതലമുറയുടേയും നിലനിൽപ്പിന് ഉതകുന്ന രീതിയിലുള്ള സത്യസന്ധരും സാമൂഹ്യപ്രതിബദ്ധതയുമുള്ള സ്ഥാനാർത്ഥികളെ തെരഞ്ഞെടുക്കണമെന്ന് അപേക്ഷിക്കുന്നു.






# കൊളസ്ട്രോൾ

ഡോ. എം. ദേവിദാസ് വെള്ളോടി
സീനിയർ ഫിസിഷ്യൻ

### എന്താണ് കൊളസ്ട്രോൾ:

മനുഷ്യ ശരീരത്തിലും രക്തത്തിലും ഉള്ള, ശാരീരിക പ്രവർത്തനത്തിന് അത്യാവശ്യമായ, കൊഴുപ്പ് പോലുള്ള പദാർത്ഥമാണ് കൊളസ്ട്രോൾ.

കൊളസ്ട്രോൾ സാധാരണയായി ശരീരത്തിലെ കോശഭിത്തികളിലും (Cell walls) സ്തരങ്ങളിലും (Membranes) കാണുന്നു. നാഡികൾ (Nerves), ബ്രെയിൻ, മാംസപേശികൾ (Muscles), ത്വക്ക് (Skin), കരൾ (Liver), കുടൽ (Intestine), ഹൃദയം (Heart), എന്നിവയിലെല്ലാം കൊളസ്ട്രോൾ ഉണ്ട്. ചുരുക്കത്തിൽ കൊളസ്ട്രോൾ സർവ്വവ്യാപിയാണെന്നർത്ഥം.

### "കൊളസ്ട്രോൾ" എന്തു ചെയ്യുന്നു

നമ്മുടെ ശരീരത്തിലെ ചില ഹോർമോണുകളുടെ ഉല്പാദനത്തിനും വിറ്റാമിൻ ഡിയുടെ നിർമ്മാണത്തിനും ചില ദഹനരസങ്ങളുടെ നിർമ്മാണത്തിനും കൊളസ്ട്രോൾ ആവശ്യമാണ്. ലിപ്പോ പ്രോട്ടീൻ (Lipoprotein) എന്നറിയപ്പെടുന്ന പാക്കേജുകൾ അകത്തു കൊഴപ്പും (Lipid) പുറത്തു പ്രോട്ടോണുകളാലും നിർമ്മിതമാണ്; ഈ ലിപ്പോ പ്രോട്ടീൻ സദാ രക്തത്തിലൂടെ സഞ്ചരിച്ചു കൊണ്ടിരിക്കുന്നു. 'ലിപ്പോ പ്രോട്ടീനുകൾ രണ്ടു തരത്തിലുണ്ട്. 1) ലോ ഡെൻസിറ്റി ലിപ്പോ പ്രോട്ടീൻ (LDL) 2) ഹൈ ഡെൻസിറ്റി ലിപ്പോ പ്രോട്ടീൻ (HDL) ഈ രണ്ട് ലിപ്പോ പ്രോട്ടീനുകളുടെയും ശരിയായ അളവ് ശരീരത്തിന് ആവശ്യമാണ്.

### ചീത്ത കൊളസ്ട്രോൾ (Bad Cholestrol)

ലൊ ഡെൻസിറ്റി കൊളസ്ട്രോളിനെ ചിലപ്പോൾ ചീത്ത കൊളസ്ട്രോൾ (LDL) എന്ന് വിശേഷിപ്പിക്കാറുണ്ട്. ഹൃദയത്തിൽ നിന്നും ശുദ്ധരക്തം ശരീരത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് കൊണ്ടുപോകുന്ന ശുദ്ധരക്ത ധമനികളിൽ കൊഴുപ്പ് അടിഞ്ഞുകൂടുന്നതിന് ഉയർന്ന LDL കാരണമാകുന്നു. അതിനാൽ ഹൃദ്രോഗങ്ങൾക്ക് ആക്കം കൂടുന്നതിനാലാണ് ഇതിനെചീത്ത കൊളസ്ട്രോൾ എന്നു പറയുന്നത്.

### നല്ല കൊളസ്ട്രോൾ (Good Cholestrol)

ഹൈഡെൻസിറ്റി കൊളസ്ട്രോളിനെ (HDL) നല്ല കൊളസ്ട്രോൾ എന്ന് വിശേഷിപ്പിക്കാറുണ്ട്. ശരീരത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് കൊഴുപ്പിനെ തിരിച്ച് കരളി (Liver) ലേക്ക് കൊണ്ടു പോരുന്നത് HDL ആണ്. നമ്മുടെ കരൾ ആണ് ശരീരത്തിലെ അമിത കൊഴുപ്പിനെ വേർതിരിച്ചെടുത്ത് ഇല്ലാതാക്കുന്നത്. അതിനാലാണ് HDL നല്ല കൊളസ്ട്രോൾ എന്നറിയപ്പെടുന്നത്.

### ട്രൈഗ്ലിസറൈഡ്സ് (Tri Glycerides)

നമ്മൾ ഭക്ഷണം കഴിക്കുമ്പോൾ അതിൽനിന്ന് നമുക്ക് ഊർജ്ജം ലഭിക്കുന്നു. കഴിക്കുന്ന ഭക്ഷണത്തിൽ നിന്ന് ആവശ്യത്തിൽ കൂടുതലായി ലഭിക്കുന്ന ഊർജ്ജം ട്രൈഗ്ലിസറൈഡ് (Triglycerides) ആയി മാറ്റി ശരീരത്തിലെ കൊഴുപ്പ് കോശങ്ങളിൽ സൂക്ഷിക്കപ്പെടുന്നു. പിന്നീട്

ശരീരത്തിനാവശ്യമായ ഊർജ്ജമാക്കി ഇതിനെ തിരിച്ച് രൂപാന്തരപ്പെടുത്തി ഉപയോഗിക്കുന്നു. പെട്ടെന്ന് ഊർജ്ജം തരുന്ന കാർബോ ഹൈഡ്രേറ്റ്സ് കൊഴുപ്പുകൾ എന്നിവയടങ്ങിയ ഭക്ഷണം കൂടുതൽ കഴിച്ചാൽ രക്തത്തിൽ ട്രൈഗ്ലിസറൈഡിസിന്റെ അളവ് കൂടുതാലിയ കാണുന്നു. അതിനാൽ ട്രൈഗ്ലിസറൈഡ്സിനെ പൊതുവെ ഭക്ഷണവുമായി ബന്ധപ്പെടുത്തി പറയുന്നു.

ട്രൈഗ്ലിസറൈഡ്സും കൊളസ്ട്രോളും തമ്മിൽ ചെറിയ വ്യത്യാസമുണ്ട്. ട്രൈഗ്ലിസറൈഡ്സ് ഭക്ഷണത്തിൽ നിന്ന് ലഭിക്കുന്ന അമിതമായ ഊർജ്ജത്തെ സുക്ഷിച്ചുവച്ച് ആവശ്യമുള്ളപ്പോൾ ഊർജ്ജമാക്കി മാറ്റാൻ സഹായിക്കുന്നു. കൊളസ്ട്രോൾ ശരീരത്തിനാവശ്യമായ ചില ഹോർമോണുകളെ ഉല്പാദിപ്പിക്കുന്നു. ഇവ ശരീരത്തിലെ രക്തത്തിലൂടെ ലിപ്പോപ്രോട്ടീനുകളിലൂടെ സദാ സഞ്ചരിച്ചു കൊണ്ടിരിക്കുന്നു.

## അമിതമായ കൊളസ്ട്രോൾ എന്ത് ദൂഷ്യം ചെയ്യുന്നു

ആവശ്യത്തിൽ കൂടുതൽ കൊളസ്ട്രോൾ രക്തത്തിൽ ഉണ്ടാകുമ്പോൾ ചിലപ്പോൾ ലക്ഷണങ്ങളൊന്നും കാണണമെന്നില്ല. കാലാകാലങ്ങളിൽ രക്തപരിശോധന നടത്തുന്നതു തന്നെയാണ് കണ്ടു പിടിക്കാനുള്ള മാർഗ്ഗം. ശരീരത്തിൽ LDLന്റെ അളവ് കൂടുതലാണെങ്കിൽ ഹൃദ്രോഗങ്ങൾ വരുവാനുള്ള സാധ്യത കൂടുതലാണ്. രക്തധമനികളിൽ കൊഴുപ്പ് അടിഞ്ഞുകൂടി രക്തചംക്രമണത്തിന്റെ തോത് കുറയ്ക്കുന്നതിന് കാരണമാകുന്നു. ഹൃദയധമനികളിൽ കൊഴുപ്പ് കൂടുതലാകുമ്പോൾ ഹൃദയധമനികളിലെ വ്യാസം കുറയുകയും രക്തസമ്മർദ്ദം കൊടുതലാകുന്നതിനും ശരിയായ തോതിൽ ഓക്സിജൻ ലഭിക്കാതിരിക്കുന്നതിനും കാരണമാകുന്നു. അതിനാൽ ഹാർട്ട്അറ്റാക്ക് വരുവാനുള്ള സാധ്യത കൂടുന്നു.

## ഹൈഡെൻസിറ്റി കൊളസ്ട്രോൾ (HDL)

നല്ലവണ്ണം ഉണ്ടെങ്കിൽ ഹൃദ്രോഗ സാധ്യത കുറവാണെന്ന് പറയാം. ധാരാളം വ്യായമം ചെയ്യുന്നവരിൽ HDL കൂടുതലായിരിക്കും. യാതൊരു വ്യായാമവും ചെയ്യാത്തവരിൽ HDL വളരെ കുറവായിരിക്കും. അത് ആരോഗ്യത്തിന് വളരെ ദോഷം ചെയ്യുന്നു. ഹൃദ്രോഗസാധ്യത കൂടുതലാക്കുന്നു.

## ട്രൈഗ്ലിസറൈഡ് കൂടിയാലുള്ള കുഴപ്പം:

അമിതമായി ഭക്ഷണം കഴിക്കുന്നവരിലും ധാരാളം മദ്യപിക്കുന്നവരിലും ട്രൈഗ്ലിസറൈഡ്സ് കൂടുതലായി കാണും. അതുപോലെ തന്നെ അമിതമായ വണ്ണമുള്ളവരിലും പ്രമേഹരോഗികളിലും ഹൈപ്പോതൈയ്റോയ്ഡ് രോഗികളിലും ട്രൈഗ്ലിസ്റൈഡ്സ് കൂടുതൽ കാണും. ട്രൈഗ്ലിസ്റൈഡ്സ് കൂടുതാലയാൽ ഹൃദ്രോഗ സാധ്യത കൂടുതലാണ്.

## കൊളസ്ട്രോൾ പരിശോധന എങ്ങനെ നടത്താം

കൊളസ്ട്രോൾ കൂടുതലായാൽ ചിലപ്പോൾ ലക്ഷണങ്ങളൊന്നും കാണമെന്നില്ല. അതിനാൽ കാലാനുസൃതമായി രക്തപരിശോധന നടത്തുന്നതുതന്നെയാണ് കണ്ടുപിടിക്കാനുള്ള ഉപായം.

10 മണിക്കൂർ ഭക്ഷണം കഴിക്കാതെ വേണം രക്തപരിശോധനനടത്താൻ. “Lipid Profile” എന്ന രക്ത പരിശോധനയാണ് നടത്തേണ്ടത്. ഇതിൽനിന്ന് ട്രൈഗ്ലിസ്റൈഡ്സ്, HDL, LDL, Total Cholestrol ഇവയുടെ റേഷ്യോ എന്നിവ മനസ്സിലാക്കുവാൻ കഴിയും.

Total Cholestrol = HDL + LDL + 20% Triglycerides

## LIPID PROFILE - Normal Values

| Name | Desirable | Borderline | High Risk |
|---|---|---|---|
| Total Cholestrol | 200mg/dl | 200-239 mg/dl | >240 mg/dl and above |
| Triglycerides | 120-150 mg/dl | 150-199 mg/dl | >200-499 mg/dl and above |
| HDL Cholestrol | 60 mg/dl | 35-45 mg/dl | Below 35 |
| LDL Cholestrol | 60-130 mg/dl | 130-159 mg/dl | 160-189 mg/dl and above |
| Cholestrol/HDL Ratio | 4.0 | 5.0 | 6 and above |

### എന്താണ് രക്തത്തിൽ കൊളസ്ട്രോൾ കൂടാനുള്ള കാരണം

ധാരാളം കൊഴുപ്പ് (FAT), അന്നജം (Carbohydrate) അടങ്ങിയതുമായ അമിതമായ ഭക്ഷണശീലം, തെറ്റായ ഭക്ഷണശീലങ്ങൾ, തീരെ ശാരീരികമായ അദ്ധ്വാനമില്ലായ്മ, അമിതവണ്ണം, ഹൈപ്പോ തൈറോയ്ഡ് രോഗം, അപൂർവ്വമായി പരമ്പരാഗത കാരണങ്ങളാലും രക്തത്തിൽ കൊളസ്ട്രോൾ അധികമായി (അല്ലെങ്കിൽ തെറ്റായ രീതിയിൽ) കാണപ്പെടാം. ചിലപ്പോൾ കരളിന്റെ പ്രവർത്തന വൈകല്യത്താലും അധികമായ കൊളസ്ട്രോൾ കാണാം.

### കൊളസ്ട്രോൾ കൂടിയാലുള്ള ലക്ഷണങ്ങൾ

അങ്ങനെ പറയത്തക്ക ലക്ഷണങ്ങൾ കാണണമെന്നില്ല. രക്തധമനികളിലെ കൊഴുപ്പ് അടിഞ്ഞു കൂടിയതോ ബ്ലോക്കുകളോ ആൻജിയോഗ്രാമിൽ മാത്രമെ കണ്ടു പിടിക്കാൻ കഴിയൂ. ഉയർന്ന രക്ത സമ്മർദ്ദം കാണപ്പെടും. ശരീരവേദന, ഉന്മേഷക്കുറവ്, എന്നിവ സാധാരണമായി കാണുന്ന ലക്ഷണങ്ങളാണ്. കാലാകാലങ്ങളിൽ രക്തപരിശോധന നടത്തിയാൽ മാത്രമെ കണ്ടുപിടിക്കാൻ കഴിയുകയുള്ളൂ.

### കൊളസ്ട്രോൾ പരിശോധിക്കേണ്ട കാലാവധിയുണ്ടോ?

ഒരുതവണ കൂടുതലായി കണ്ടവർ ആറുമാസം കൂടുമ്പോൾ രക്തപരിശോധന നടത്തണം. സാധാരണയായി എല്ലാ വർഷവും രക്തത്തിലെ കൊളസ്ട്രോൾ പരിശോധിക്കണം.

### ആകെയുള്ള കൊളസ്ട്രോൾ മാത്രം നോക്കിയാൽ മതിയോ?

പോര. LDL, HDL, Triglycerides, Cholestrol HDL Ratio എന്നിവയെല്ലാം പരിശോധിക്കണം. ആകെയുള്ള കൊളസ്ട്രോൾ മാത്രം സാധാരണമായിരുന്നാൽ പോര. HDL, LDL എന്നിവയെല്ലാം അനുപാതത്തിലായിരിക്കണം.

### കൊളസ്ട്രോൾ എങ്ങനെ നിയന്ത്രണത്തിൽ കൊണ്ടുവരാം

കൊളസ്ട്രോൾ കൂടുവാനുള്ള കാരണങ്ങൾ നേരത്തെ പറഞ്ഞുകഴിഞ്ഞു. ശരിയായ വ്യായാമം, കൃത്യമായ ആഹാരരീതി, ആരോഗ്യപരമായ ജീവിതശൈലി, എന്നിവയാൽ 80% പേരിലും കൊളസ്ട്രോൾ നിയന്ത്രണത്തിൽ കൊണ്ടുവരാൻ കഴിയും. വ്യായമം ചെയ്യുവാൻ കഴിയാത്തവർ മരുന്നിനെ ആശ്രയിക്കേണ്ടിവരും.

### ആഹാരരീതി

അധിക കൊഴുപ്പ്, അധിക അന്നജം എന്നിവയടങ്ങിയ ഭക്ഷണം ഒഴിവാക്കുക തന്നെ വേണം. പ്രത്യേകിച്ച് ട്രൈഗ്ലിസറൈഡ്സ് കൂടുതൽ കാണുകയാണെങ്കിൽ ഭക്ഷണക്രമത്തിൽ ശരിയായ നിയന്ത്രണം പാലിച്ചേ തീരൂ.

### വ്യായാമം

വ്യായാമത്തിന്റെ കുറവുകൊണ്ട് HDL കുറഞ്ഞു കാണുന്നു. കൃത്യമായി വ്യായമം ചെയ്യുന്നവരിൽ HDL നല്ല രീതിയിൽ ഉണ്ടാകും. താഴ്ന്ന HDL വ്യായാമക്കുറവിനെ സൂചിപ്പിക്കുന്നതിനാൽ കൃത്യമായ നല്ല

രീതിയിൽ ശരീരം വിയർക്കുന്ന രീതിയിൽ വ്യായമം ചെയ്യണം.

## ജീവിതശൈലി

ആവശ്യമില്ലാതെ പകലുറങ്ങാതിരിക്കുക. പുകവലി, മദ്യപാനം ഒഴിവാക്കുക. കൂടുതൽ കൊഴുപ്പുള്ള Junk Food തീരെ കഴിക്കാതിരിക്കുക, ധാരാളം വെള്ളം കുടിക്കുക, രാത്രി ഉറക്കമിളാക്കാതിരിക്കുക. എപ്പോഴും ഇരുന്നോ കിടന്നോ കമ്പ്യൂട്ടർ ജോലി ചെയ്യാതിരിക്കുക. തൈയ്റോയ്ഡ്, പ്രമേഹം എന്നിവയുണ്ടെങ്കിൽ കൃത്യമായി മരുന്ന് കഴിക്കുക. മാനസികപിരിമുറുക്കം കൂടുന്ന പ്രവർത്തികളിലും ചിന്തകളിലും വ്യാപരിക്കാതിരിക്കുക എന്നീ ചര്യകളെല്ലാം കൊളസ്ട്രോൾ നിയന്ത്രണത്തിൽ കൊണ്ടുവരുവാൻ സഹായിക്കാം.

## കൊളസ്ട്രോൾ കുറയ്ക്കുവാൻ സഹായിക്കുന്ന ചില ആയുർവ്വേദ മരുന്നുകൾ

കൊളസ്ട്രോൾ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിന് ശരിയായ വൈദ്യ നിർദ്ദേശം കൂടിയേ തീരൂ. ഒരിക്കലും സ്വയം ചികിത്സിക്കരുത്. അധികം വർദ്ധനവില്ലാത്ത കൊളസ്ട്രോൾ നിയന്ത്രണത്തിൽ കൊണ്ടുവരുവാൻ താഴെ പറയുന്ന ചില ഔഷധപ്രയോഗങ്ങൾ ഉപകരിക്കും.

1. രാവിലെ വെറുംവയറ്റിൽ 15 ml. തേനിൽ $^1/_2$ ts. ചെറുനാരങ്ങ നീര് ചേർത്ത് 50 ml. ചെറുചൂടു വെള്ളവും ചേർത്ത് കുടിക്കുക.
2. $^1/_2$ ഗ്ലാസ്സ് പാലിൽ 6 പോള വെളുത്തുള്ളി ചതച്ചിട്ട് തിളപ്പിച്ച് ഊറ്റി ചൂടാറിയശേഷം രാത്രി കിടക്കാൻ നേരത്ത് കഴിക്കുക.
3. കറുവപ്പട്ട പൊടിച്ച് വച്ചത് $^1/_2$ ts. തേൻ, 15 ml. ചൂടുവെള്ളം 50 ml. ചേർത്ത് രാവിലെ വെറും വയറ്റിൽ കഴിക്കുക.
4. ത്രിഫലചൂർണ്ണം 10 ഗ്രാം രാത്രി കിടക്കാൻ നേരത്ത് ചൂടുവെള്ളത്തിൽ കുടിക്കുക.
5. തൈര് കഴിക്കരുത്. കറിവേപ്പില ഇട്ട മോര് കുടിക്കുക.
6. യോഗ ചെയ്യുക, പ്രത്യേകിച്ച് ദിവസേന 25 എങ്കിലും സൂര്യനമസ്കാരം ചെയ്യുക.
7. ദഹനപ്രക്രിയ വളരെ സാവകാശത്തിലാണെങ്കിൽ 'വൈശ്വാനരചൂർണ്ണം' 5 ഗ്രാം വീതം 2 നേരം മോരിലോ ചൂടുവെള്ളത്തിലോ കലക്കി ഭക്ഷണത്തിന് മുമ്പ് കുടിക്കുക.
8. മലശോധന കുറവുള്ളവർ ദശമൂലഹരീത കിലേഹ്യം 10 ഗ്രാം രാത്രി കിടക്കാൻ നേരത്ത് കഴിക്കുകയോ ബൃഹൃത് ത്രിഫലചൂർണ്ണം 5 ഗ്രാം രാത്രി ചൂടു വെള്ളത്തിൽ കുടിക്കുകയോ ചെയ്യുക.
9. രണ്ട് ലിറ്റർ വെള്ളമെങ്കിലും ദിവസേന കുടിക്കുക.
10. പാൽവർഗ്ഗങ്ങൾ, ഐസ്ക്രീം, തൈര്, ഉരുളക്കിഴങ്ങ്, കപ്പ, മാംസവർഗ്ഗങ്ങൾ എന്നിവ കഴിക്കാതിരിക്കുക.
11. വിശപ്പ് തോന്നുമ്പോൾ മാത്രം മിതമായി ഭക്ഷണം കഴിക്കുക. വിശപ്പില്ലെങ്കിൽ വളരെ ലഘുവായ ഭക്ഷണം കഴിക്കുക.
12. കുടിക്കുവാൻ ചൂടുവെള്ളം മാത്രം ഉപയോഗിക്കുക. കാർബണേറ്റഡ് പാനീയങ്ങൾ, ശീതള പാനീയങ്ങൾ ഒഴിവാക്കുക.
13. രാത്രിഭക്ഷണം കഴിയുന്നത്ര ലഘുവാക്കുക. രാത്രിയിൽ ചോറ് കഴിക്കരുത്. കഞ്ഞി കുടിക്കാം. കഴിയുന്നത്ര നേരത്തെ ഭക്ഷണം കഴിക്കുക. പച്ചക്കറികൾ ധാരാളം ഉപയോഗിക്കുക. രാത്രി ഭക്ഷണം കഴിഞ്ഞ് മൂന്ന് മണിക്കൂറിനുശേഷം മാത്രം ഉറങ്ങുക.
14. പകൽ ഭക്ഷണം കഴിഞ്ഞ് ഉറങ്ങാതിരിക്കുക. വേനൽകാലത്ത് മാത്രം 10 മിനിറ്റ് ചാരിയിരുന്ന് ഉറങ്ങാം.
15. കഴിയുന്നത്ര മാനസിക പിരിമുറുക്കം ഒഴിവാക്കുക. ആവശ്യമില്ലാതെ ചിന്തിക്കുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യാതിരിക്കുക. മനസ്സിനെ നിയന്ത്രണത്തിൽ കൊണ്ടുവരിക.
16. നല്ല സുഹൃത്തുക്കളോടും സജ്ജനങ്ങളോടും സംസാരിക്കുകയും സാമൂഹ്യ പ്രവർത്തനങ്ങളിൽ ഇടപഴകുകയും ചെയ്യുക. മാനസിക പിരിമുറുക്കം കുറയും.
17. വളരെ കൂടിയ തോതിൽ കൊളസ്ട്രോൾ കണ്ടാൽ വൈദ്യനിർദ്ദേശാനുസരണം മരുന്നുകൾ കഴിക്കുക.

# പ്രസീദ, ദേവീ!

പി. ഐ. ശങ്കരനാരായണൻ

(എഴുത്തച്ഛന്റേതെന്നു കരുതപ്പെടുന്ന "ദേവീമാഹാത്മ്യം" കിളിപ്പാട്ട്, പണ്ടു കേരളീയ ഭവനങ്ങളിൽ, വിശേഷിച്ചും കണ്ണൂർ ജില്ലയിൽ നിത്യപാരായണത്തിന് എടുത്തിരുന്നു. ഞായർ മുതൽ ശനി വരെ ഏഴുദിവസം കൊണ്ടു വായന ഒരു വട്ടം പൂർത്തിയാക്കും. അടുത്ത ഞായർ മുതൽ വീണ്ടും തുടങ്ങുകയായി. സന്ധ്യാദീപം വെച്ചതിനുശേഷമാണ് വായന. അങ്ങനെചെയ്യുന്നതിലൂടെ വീടും വീട്ടിലെ അംഗങ്ങളും ദേവിയുടെ അനുഗ്രഹത്തിനു പാത്രമാകും, പൂർണ്ണമായി സംരക്ഷിക്കപ്പെടും എന്നാണ് വിശ്വാസം. "പ്രസീദ, ദേവീ!" എന്ന ഈ കവിതയിൽ ദേവീ മാഹാത്മ്യത്തിലെ കഥകൾ മുഴുവൻ സംഗ്രഹിച്ചു പറഞ്ഞുകൊണ്ട് ദേവിയുടെ കൃപാകടാക്ഷത്തിനായി ഭക്തൻ പ്രാർത്ഥിക്കുകയാണ്. ഈ കവിത ചൊല്ലിയാൽ ദേവീ മാഹാത്മ്യം മുഴുവൻ ഒരുവട്ടം ചൊല്ലിയതിനു തുല്യമാണെന്നു കരുതാം. അത്തരത്തിൽ ഒരു ശ്ലോകം ദേവീമാഹാത്മ്യത്തിന്റെ അവസാനത്തിൽ ഉണ്ടെന്നതും സൂചിപ്പിക്കട്ടെ.)

മധുകൈടഭാസുരന്മാരുടെ വരവുക-
ണ്ടതിഭയം പൂണ്ട ബ്രഹ്മാവു ഭക്ത്യാ
കീർത്തിച്ചുണർത്തിയ വിഷ്ണുമായാദേവി
തീർത്തുതരേണം ദുരിതമെല്ലാം.

ദേവകൾ തന്നുടെ തേജസ്സു ചേർന്നതി
തേജസ്സെഴും ദിവ്യരൂപമാർന്നു
ഘോര മഹിഷാസുരവധം ചെയ്തൊരു
ദേവീ, ദുരിതങ്ങൾ തീർത്തിടേണം.

സുംഭാസുരൻ നിയോഗിച്ചതാം വൻപട
ഹുംകാരമോടെതിർത്തെത്തിടുമ്പോൾ
കോപിച്ച ദേവീമുഖത്തിൽ നിന്നുണ്ടായ
കാളീ, ദുരിതങ്ങൾ തീർത്തിടേണം.

ധൂമ്രാക്ഷനും ചണ്ഡമുണ്ഡനും പിന്നാലെ
രക്തബീജാസുര വീരനേയും
കാലപുരിക്കയച്ചുള്ള മഹാദേവി
തീർത്തുതരേണം ദുരിതമെല്ലാം.

സപ്തമാതാക്കളും കാളിയുമൊക്കെയും
ഞാൻ തന്നെയെന്നോതി തന്നിലാക്കി
ഏകമാം ശക്തിയായ് നിന്നു പ്രകാശിച്ച
ദേവീ, ദുരിതങ്ങൾ തീർത്തിടേണം.

സുംഭനിസുംഭരിൽ നിന്നു ലോകത്തിനു
സംഭവിച്ചുള്ള ദുരിതമെല്ലാം
തീർത്ത സർവ്വേശ്വരീ മംഗളേ സർവ്വാർത്ഥ
സാധികേ ദേവീ കനിഞ്ഞിടേണം.

ശക്തി സ്വരൂപിണി സത്യസ്വരൂപിണി
ദുഷ്ടവിനാശിനീ ഭദ്രകാളീ
